917
XXIVa
23

DOMUS STUDENTATUS
T.O.C.D. MANGALORE.

൦ര൦. മ. യ.

# സ്വർഗ്ഗവാതൽ.

ഇതിൽ, ദൈവമാതാവിന്റെ
നേരെയുള്ള ഭക്തി, വി. കുർബാന
ഉൾക്കൊള്ളുന്നതിനുള്ള ഒരുക്കം,
സ്ലീവാപ്പാത മുതലായവയും
അടങ്ങിയിരിക്കുന്നു.

---

ശ്രേഷ്ഠാനുവാദപ്രകാരം
മാന്നാനത്ത്
മാർ യൗ. പു. അച്ചുക്കൂടത്തിൽ
അച്ചടിക്കപ്പെട്ടതു്.
1914.



“സൎഗ്ഗവാതൽ” എന്ന പുസ്തകം ന. സഭയുടെ നിയമപ്രകാരം രണ്ടു സന്യാസ അച്ചന്മാർ പരിശോധിച്ചിരിക്കയാൽ പ്രസിദ്ധം ചെയ്യുന്നതിന്നു ഞാൻ അനുവദിക്കുന്നു.

എന്നു്,

ക. നി. മൂ. സ. പ്രിയോർ ജനറാൾ

അം. ത്രേസ്യാ ബസ്സേല്യോസ്.

[illegible]

[illegible]

മാന്നാനം,
൧൯൩൨ നവംബർ ൭.

Imprimatur,

† THOMAS KURIALACHERRY,
Bp. Vicar Apostolic of
Changanacherry.

*Changanacherry,*
*15th August 1913.*

# ഒന്നാം ഭാഗം.

## ഒന്നാം അദ്ധ്യായം.

### നിത്യരക്ഷ പ്രാപിക്കുന്നതിന്
### പരിശുദ്ധ കന്യകയുടെനേരെയുള്ള ഭക്തി ഏററവും ഫലസിദ്ധിയുള്ളതും ഒരുവിധത്തിൽ നോക്കുന്നപക്ഷം അവശ്യോചിതവുമായ ഒരു പോംവഴിയാകുന്നു.

1.) വേദപാരഗന്മാരുടെ പൊതുവായ അഭിപ്രായപ്രകാരം സ്വർഗ്ഗരാജ്ഞിയുടെ നേരെയുള്ള ഭക്തിയും പ്രത്യേകമായ, സംയോജ്യതയും നിത്യഭാഗ്യമനുഭവിക്കുന്നതിനായി നിയമിക്കപ്പെട്ടിരിക്കുന്നവ

രുടെ ഒരു വിശേഷ ലക്ഷണമാകുന്നു. പത്മോസ് (Patmos) എന്ന ദ്വീപിൽ വെച്ച്, വി. യോഹന്നാനുണ്ടായ ദിവ്യ ദൎശനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ നെററിയിൽ ദൈവദൂതർ പതിച്ച ആ മുദ്രയോടത്രേ ഈ ഭക്തി ഉപമിക്കപ്പെടേണ്ടതു്. പരിശുദ്ധ കന്യകയിൽ ഭക്തന്മാരായിരിക്കുന്നവരുടെ നിത്യരക്ഷ ഇതുകൊണ്ടു മാത്രം തെററിപ്പോകയില്ലെന്നു ഞാൻ നിശ്ചിക്കുന്നില്ല. വി. ബൊനവെന്തുരാ സാക്ഷിക്കുന്നതുപോലെ ഈ ഭക്തി നിത്യരക്ഷയുടെ ഒരു വിജ്ഞപ്തി ചിഹ്നമാണെന്നും സാധാരണമായി സകല പുണ്യാത്മാക്കളും അതിനെ അനുഗമിക്കുന്നു എന്നും മാത്രമെ ഞാൻ പ്രസ്താവിക്കുന്നുള്ളു. പ്രസ്തുത വിശുദ്ധൻ ഉപദേശിക്കുന്നതായതു്: "മറിയത്തിന്റെ നേരെയുള്ള നിഷ്കപടമായ ഭക്തി വഴിയായി ആ ഭാഗ്യവതിയുടെ കൃപയ്ക്കു പാത്രമാകുന്നവനാരൊ, അവൻ സ്വൎഗ്ഗവാസികളുടെ കൂട്ടത്തിൽ ഗണിക്കപ്പെടുകയും ഈ ഭക്തിയുടെ ചിഹ്നം അതിനെ ധരിച്ചിരിക്കുന്നവന്റെ നാമം നിത്യായുസ്സിന്റെ പുസ്തകത്തിൽ എഴുതപ്പെടുന്നതിന്നു സംഗ

തിയാക്കുകയും ചെയ്യും." ഈ അൎത്ഥത്തിലാകുന്ന ദൈവമാതാവിന്റെ നേരെയുള്ള ഭക്തി മോക്ഷഭാഗ്യത്തിനായി നിശ്ചയിക്കപ്പെട്ടവന്റെ ഒരടയാളമാണെന്നു ഞാൻ പറഞ്ഞതു്.

2.) "എന്നെ കണ്ടെത്തുന്നവൻ ആയുസ്സിനെ കണ്ടെത്തുകയും കൎത്താവിൽനിന്നു രക്ഷയെ പ്രാപിക്കയും ചെയ്യും." എന്നു വേദപുസ്തക വ്യാഖ്യാതാക്കന്മാർ മാത്രമല്ല, പരിശുദ്ധ കന്യകയുടെ സ്തുതിക്കായി ചെയ്യപ്പെടുന്ന ആഘോഷകൎമ്മങ്ങളിൽ തിരുസ്സഭതന്നെയും ആ ദിവ്യകന്യകയെ ഉദ്ദേശിച്ചു പറയുന്ന വേദാഗമ വചനങ്ങൾ വഴിയായി പരിശുദ്ധാത്മാവി കൂടി ഈ വിശ്വാസത്തെ സ്വീകരിക്കുന്നതിനു നമ്മെ ക്ഷണിക്കുന്ന പ്രകാരം തോന്നുന്നു. ഈ തിരുവാക്യത്തിൽ സൂചിതമായ ആയുസ്സു സാക്ഷാൽ സ്വൎഗ്ഗീയ മഹിമതന്നെയാണെന്നു കൊൎണ്ണേലിയൂസ് ലാപിദെ എന്ന ദേഹം വ്യാഖ്യാനിക്കുന്നു. ജീവിക്കുന്നവരുടെ മാതാവെന്നുള്ള ബിരുദനാമം ഹാവായ്ക്കുന്നതിനേക്കാൾ വി. മറിയത്തിനത്രെ അത്യധികം യോജിക്കുന്നതെന്നു വി. അനസ്താസിയോ

സ് പറയുന്നുണ്ട്. എന്തുകൊണ്ടെന്നാൽ, നശ്വരമായ ഒരു ജീവനെ നമുക്കു തന്നതുകൊണ്ട് ഇത്ര മഹനീയമായ ഒരു നാമം നമ്മുടെ ഭാഗ്യഹീനയായ ആദിമാതാവിനു നൽകപ്പെട്ടുവെങ്കിൽ, രണ്ടാമത്തെ ഹാവായും തൻെറ ആശ്രിതന്മാക്കു വരപ്രസാദങ്ങളുടേയും മഹിമയുടേയും നിത്യജീവനെ സമ്പാദിച്ചുകൊടുക്കുന്നവളും അവക്കു മോക്ഷരാജ്യത്തിൽ നിശ്ചയമായ അഭയസ്ഥാനവും ആയിരിക്കുന്ന ഭാഗ്യവതിയായ മറിയത്തിനു ആ നാമം പൂർവ്വാധികമായ ന്യായത്തോടെ കൊടുക്കപ്പെടേണ്ടിയിരിക്കുന്നു.

3.) പുത്രനിർവ്വിശേഷമായ സ്നേഹത്തോടുകൂടി തന്നെ ഉപചരിക്കുന്നവക്കു വരപ്രസാദങ്ങളുടേയും മഹിമയുടേയുംജീവനെ ആൎജ്ജിച്ചുകൊടുക്കുന്നതിനുള്ള പരിശുദ്ധ കന്യകയുടെ ശ്രേഷ്ഠമായ ഈ ഉദ്യോഗത്തിൽനിന്നു വി. വേദപാരഗന്മാർ നമ്മുടെ ദൈവജനനിയുടെ ആശ്രിതന്മാക്കു ഏററവും ആശ്വാസജനകങ്ങളായി താഴെ വരുന്ന നിഗമനങ്ങളെ അനുമാനിച്ചിരിക്കുന്നു. അവരിൽ ഒരാളായ വി. അൻസേൽമോസ് പറയുന്നതായ

ത്':“ഹാ! അശിവ്വദിക്കപ്പെട്ട കന്യകയെ! നിന്നിൽനിന്നകല്യകയും നിന്നാൽ ഉപേക്ഷിക്കപ്പെട്ടകയും ചെയ്യുന്നവൻ നിശ്ചയമായി നിത്യനാശത്തിൽ അകപ്പെടുന്നതുപോലെതന്നെ, നിൻെറ സങ്കേതംതേടുകയും നിന്നാൽ ആദരിക്കപ്പെട്ടകയും ചെയ്യുന്നവൻ പൂൎണ്ണമായി രക്ഷ പ്രാപിക്കാതിരിക്കയെന്നുള്ളത് അസാദ്ധ്യമാകുന്നു.” സാരാവഹമായ ഈ വാക്യത്തെ വി. എപ്പിപ്പാനിയൂസ് ഉപയോഗിച്ചിരുന്ന ഒരു ഉദാഹരണംകൊണ്ടു ഇവിടെ സ്പഷ്ടീകരിക്കാം. അദ്ദേഹം കരടിൻ Caradin) എന്നു പേരായ ഒരു പക്ഷിയെ സംബന്ധിച്ചു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. ഈ ജീവി ആസന്നമരണനായ ഒരു മനുഷ്യൻെറ സന്നിധിയിലായിരിക്കയിൽ അവൻെറ നേരെ നിന്നു ദൃഷ്ടികളെ തിരിച്ചുകളക പതിവാണ്. എന്നാൽ രോഗി സുഖപ്രാപ്തനാകുമെന്നുള്ള പക്ഷം അതു സ്നേഹപൂവ്വം അവനെ ഉററുനോക്കിക്കൊണ്ടുതന്നെയിരിക്കും. ആകയാൽ ഈ പക്ഷിയുടെ നോട്ടം രോഗി സ്വാസ്ഥിതിയെ പ്രാപിക്കുമെന്നുള്ളതിൻെറ ഒരു മുന്നടയാളവും അതി

ൻെറ പരാങ്മുഖത്വം ആസന്നമായ മ
രണത്തിൻെറ ഒരു ദൃശ്യകുനവുമായി ഗ
ണിക്കപ്പെടുന്നു. ഇങ്ങനെ ഒരു പക്ഷി
ഉണ്ടൊ ഇല്ലയൊ എന്നുള്ളതിൻെറ വാ
സ്തവം എപ്രകാരമായിരുന്നാലും വി. അ
ൻസേൽമോസ് പറയുന്നതുപോലെ പ.
കന്യക യാവനൊരുത്തനെ സദയം തൃ
ക്കൺപാൎക്കുന്നുവൊ അവനു നിത്യായുസ്സി
നെ പ്രദാനംചെയ്യുകയും, ആ അമലോ
ത്ഭവി ആരിൽനിന്നു തൻെറ സ്നേഹമ
സൃണമായ കടാക്ഷത്തെ ദൂരീകരിക്കുന്നു
വൊ അവരുടെ നിത്യനാശം മുൻകൂട്ടി
അറിയിക്കപ്പെടുകയും ചെയ്യുന്നുവെന്നുള്ള
തിനു സന്ദേഹമില്ല. മറിയത്തിൻെറ ഭ
ക്തദാസന്മാരുടെ വിശിഷ്ടമായ ഈ മ
ഹാ ഭാഗ്യത്തേയും ആ പരമ സാദ്ധ്വി
യുടെ പരികൎമ്മത്തെ വിട്ടുപേക്ഷിക്കുന്ന
വരുടെ ഭയങ്കരമായ ദുൎയ്യോഗത്തേയും
സംബന്ധിച്ച് വി. അൻസേൽമോസ് മാ
ത്രമല്ല, മററു പുണ്യാത്മാക്കളും ഇപ്രകാ
രംതന്നെയാണ് അഭിപ്രായപ്പെടുന്നത്.
അവരിൽ പ്രത്യേകം വി. അന്തോനീനൂ
സ് ഈ തത്വത്തെ പ്രസൂത മഹദ്വാക്യ
ത്തിൻെറ ഛായാതുപേണ വീണ്ടും ഇ

പ്രകാരം വിജ്ഞാപിച്ചിരിക്കുന്നു. "മറിയം തന്റെ അനുഗ്രഹപരിപൂൎണ്ണമായ നേത്രങ്ങളെ ആരിൽ നിന്നകററുന്നുവൊ അവൻ രക്ഷ പ്രാപിക്കുന്നതു അസാദ്ധ്യമായിരിക്കുന്നതുപോലെ ആ ദൈവജനനി ആരെ തൃക്കൺപാൎക്കുകയും, ആൎക്കു വേണ്ടി മാദ്ധ്യസ്ഥം വഹിക്കുകയും ചെയ്യുന്നുവൊ അവൻ സാക്ഷാലുള്ള മഹത്വം അനുഭവിക്കാതിരിക്കയെന്നുള്ളതു അസംഭാവ്യമാണ്."

4.) വിശുദ്ധന്മാരുടെ ഈദൃശങ്ങളായ വചനങ്ങൾ ഭക്തികൂടുതൽ വൎണ്ണനങ്ങളോ അഥവാ അതിശയോക്തികളോ മാത്രമാണെന്നു ആരും തന്നെ സംശയിക്കേണ്ട. അവ സയുക്തികമായ ആലോചനയോടും തദന്തൎഭ്രതമായ വാസ്തവത്തിൽ സ്ഥിരബോധത്തോടും കൂടി എഴുതപ്പെട്ടവയാണ്. മെൻറാസാ എന്ന ദേഹം സാക്ഷിക്കുന്നതുപോലെ പ്രസ്തുത മുദാവാചകങ്ങൾ ശരിയായി ഗ്രഹിക്കുന്ന പക്ഷം അവ യഥാൎത്ഥങ്ങൾ തന്നെയെന്നു നിശ്ശങ്കം വെളിപ്പെടുന്നതാകുന്നു. സ്വാത്മരക്ഷാൎത്ഥം വേലചെയ്യുന്നതിൽ ഉദാസീനന്മാരായ മൂഢന്മാരെ പരിശുദ്ധ കന്യക

തന്റെ ആദരവു് വഴിയായി രക്ഷിക്കമെന്നുള്ള അൎത്ഥത്തിലല്ല ഈ വാക്യങ്ങളെ വ്യാഖ്യാനിക്കേണ്ടതു്. അനുകൂലമായ കാററോടുകൂടി നിശ്ചിതസ്ഥലമായ തുറമുഖത്തേക്കു ധാവനം ചെയ്യുന്ന ഒരു കപ്പൽ ചിലപ്പോൾ ആ കാററിന്റെ സഹായം കൊണ്ടു കരവററാതെ മാൎഗ്ഗമദ്ധ്യേ വല്ല പാറയിലും തട്ടി ഉടഞ്ഞോ മണൽത്തിട്ടകളിൽ ഉറച്ചോ കൊടുങ്കാററിലകപ്പെട്ടോ നശിച്ചുപോകാൻ സംഗതിയാകുന്നതുപോലെ തന്നെ, ഒരുവൻ പരിശുദ്ധകന്യകയുടെ സംരക്ഷയിലായിരുന്നാലും ആ കന്യകയിൽ നിന്നു അവൻ പ്രാപിക്കുന്ന ഉപകാരസഹായങ്ങളെ ദുഷ്പ്രയോഗിക്കുന്നതിനും തന്നിമിത്തം നിത്യാഗ്നിയിൽ പതിച്ചു നാശം അനുഭവിക്കുന്നതിനും ഇടവരാവുന്നതാണു്. വിശുദ്ധന്മാരായ പുണ്യാത്മാക്കളുടെ പ്രവാചകങ്ങളിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്ന താല്പൎയ്യം ഇത്രമാത്രമാകുന്നു. ആ പരമ നായിക തന്റെ ഭക്തന്മാൎക്കു ദൈവവരപ്രസാദത്തിലുള്ള സ്ഥൈൎയ്യത്തേയും, അതിനെ നശിപ്പിച്ചാൽ വീണ്ടും കൈക്കൊള്ളുന്നതിനും കടശി ഇങ്ങനെയുള്ള ഭാഗ്യാവ

സ്ഥയിൽ മരണം പ്രാപിക്കുന്നതിനും ആവശ്യകമായ സഹായത്തേയും ദൈവത്തിൽ നിന്നു ലഭിച്ചുകൊടുക്കുന്നതിനാൽ അവർ നിത്യ ഭാഗ്യത്തിൻെറ തുറമുഖമായ മോക്ഷരാജ്യത്തിൽ നിർബ്ബാധം ചെന്നുചേരുന്നു. ഏതൻമൂലം വിശുദ്ധന്മാർ, സ്വർഗ്ഗപ്രാപ്തിക്ക് ദൈവേഷ്ടപ്രസാദത്തോടുകൂടി നമ്മുടെ അശ്രാന്തമായ അദ്ധ്വാനങ്ങളും അവശ്യാവശ്യകമായി ഗണിച്ചിരിക്കുന്നു. എന്നാൽ ഇപ്രകാരം പ്രയത്നിച്ചു വരപ്രസാദത്തെ ഫലിപ്പിക്കുന്നതിനു ഉപയുക്തമായ ശക്തികൊണ്ടു തൻെറ ആശ്രിതന്മാരെ പോഷിപ്പിക്കുന്നതാകുന്നു പരിശുദ്ധ കന്യകയുടെ കൃത്യം. ഈ ന്യായത്തെ അസ്പദീകരിച്ചാണ് ദൈവജനനിയുടെ ഭക്ത ദാസന്മാർ നാശത്തിൽ ഉൾപ്പെടുന്നതു അസംഭാവ്യമാണെന്നും ആ നായികയുടെ നേരേയുള്ള സ്നേഹാദര ബഹുമാനങ്ങൾ നിത്യരക്ഷയുടെ ഉറപ്പുള്ള ഒരു പണയവും അവളുടെ വിശ്വാസ്സാദരവിൻകീഴ് വർത്തിക്കുന്ന എല്ലാവരുടേയും പാരത്രിക ഭാഗ്യത്തിൻെറ തെറവുപരാത്ത ഒരടയാളവുമാണെന്നും പ്രസ്തുത വിശുദ്ധന്മാർ ഉൽഘോഷിക്കുന്നതു്.

5.) ഫ്രാൻസിസ്ക്കോസ് സഭക്കാരുടെ നാളാഗമത്തിൽ എഴുതപ്പെട്ടിട്ടുള്ളതും വി. ഫ്രാൻസിസ്ക്കോസിൻെറ ആപ്തമിത്രമായ ലേയോ എന്ന ദേഹത്താൽ ദൎശിക്കപ്പെട്ടതുമായ ഒരു സംഭവംമൂലം മേൽ പ്രസ്താവിച്ച അഭിപ്രായത്തെ പൂൎണ്ണമായി സ്ഥിരീകരിക്കാവുന്നതാകുന്നു. ഈ ദൈവശുശ്രൂഷി, പെട്ടെന്നു വിസ്തൃതമായ ഒരു മൈതാനമദ്ധ്യേ താൻ നയിക്കപ്പെട്ടിരിക്കുന്നതായും തൽസമയം അവിടെവെച്ചുതന്നെ ഒരു ശിക്ഷാവിധി നടത്തപ്പെടുവാൻ ആരംഭിക്കുന്നതായും കണ്ടു. ദൈവദൂതന്മാർ കാഹളം ധ്വനിപ്പിച്ചുകൊണ്ടു അങ്ങുമിങ്ങും പറന്നുനടന്ന് അസംഖ്യം ജനങ്ങളെ ഒരുമിച്ചു കൂട്ടിയിരുന്നു. ആ വലിയ വിജനപ്രദേശത്ത് ഭൂമ്യാഭപൎയ്യന്തം ചുവന്നതും വെളുത്തതുമായ രണ്ടു മഹാ ഗോവണികളും കാണപ്പെട്ടിരുന്നു. ചുവന്ന ഗോവണിയുടെ അഗ്രത്തിൽ ഈൎഷ്യാകലുഷങ്ങളായ നേത്രങ്ങളോടും കുപിതമായ മുഖത്തോടുംകൂടി നമ്മുടെ ദിവ്യരക്ഷകനായ ഈശോ മ്ശിഹായാണു സ്ഥിതിചെയ്തിരുന്നത്. അധോഭാഗത്തുള്ള പടികളിൽ ഒ

ന്നിന്മേൽ നിന്നിരുന്ന വി. പിതാവായ ഫ്രാൻസിസ്ക്കൊസ് അവിടെ സന്നിഹിതരായിട്ടുള്ള തൻെറ അനവധി സഹോദരന്മാരെ നോക്കിക്കൊണ്ടു ഇപ്രകാരം പറഞ്ഞു. "സോദരന്മാരെ! നിങ്ങൾ ഇങ്ങോട്ടു വരുവിൻ. ഭയപ്പെടേണ്ട. നിങ്ങളെ കാക്കുന്ന മ്ശിഹായുടെ സന്നിധിയെ പ്രാപിപ്പിൻ, വിശ്വസിപ്പിൻ! നിങ്ങൾ ഭീരുക്കളാകരുതേ." സന്യാസികൾ അവരുടെ സഭാപിതാവിൻെറ ഏതാദൃശമായ ആർദ്രവചനങ്ങളെ ശ്രവിച്ച് ധൈര്യം അവലംബിക്കുകയും ഗോവണിയുടെ അടിയിൽ ഓടിക്കൂടി അതിന്മേൽ കയറുന്നതിനു ആരംഭിക്കയും ചെയ്തു. ഓരോരുത്തർ മൂന്നും നാലും, പത്തും പതിനഞ്ചും പടികൾവീതം കയറി. ചിലർ മദ്ധ്യഭാഗംവരെ ചെന്നു. എന്നാൽ ഏറെ താമസിയാതെതന്നെ എല്ലാവരും കാലുതെററി താഴെ വീഴുകയാണുണ്ടായതു്. വി. ഫ്രാൻസിസ്ക്കൊസ് പ്രലാപകരമായ ഈ വീഴ്ചകണ്ടു വിഷാദിച്ച് കർത്താവിനോടു തൻെറ സഹോദരന്മാൎക്കു രക്ഷ നൽകണമെന്നു ശുഷ്കാന്തിയോടുകൂടി പ്രാൎത്ഥിച്ചു, ദിവ്യ

രക്ഷകനാകട്ടെ തൽസമയം അനുഗ്രഹത്തിനെന്നതിനേക്കാൾ നീതിക്കു വിധേയനായിരിക്കുന്നുവെന്നു കാണിച്ചുകൊണ്ടു ആ വിശുദ്ധൻെറ അപേക്ഷയെ തിരസ്കരിച്ചുകളഞ്ഞു. ആകയാൽ പുണ്യാത്മാവായ അദ്ദേഹം ചില പടികൾ കീഴോട്ടിറങ്ങി ഗോവണിയുടെ ചുവട്ടിലേയ്ക്കുത്തു് വളരെ തീഷ്ണതയോടുകൂടി ഇങ്ങനെ വിളിച്ചുപറഞ്ഞു. "എൻെറ സഹോദരന്മാരെ! നിരാശപ്പെടേണ്ട. നിങ്ങൾ അതാ കാണുന്ന ആ വെളുത്ത ഗോവണിയുടെ സമീപത്തെത്തി സധൈര്യം അതിൽകൂടി മേല്പോട്ടു കയറിക്കൊള്ളുക. ഭയപ്പെടേണ്ട; ആ വഴിയെ നിങ്ങൾക്കു മോക്ഷസൌധത്തിൽ പ്രവേശിക്കാം." അദ്ദേഹം ഇപ്രകാരംപറകയിൽ പരിശുദ്ധ കന്യക വളരെ മഹിമയോടും സൌമ്യഭാവത്തോടും കൂടി ആ ഗോവണിയുടെ അഗ്രത്തിൽ പ്രത്യക്ഷീഭവിച്ചു. സന്യാസികൾ ഉടൻ അവിടെ ചെല്ലുകയും ദൈവജനനിയുടെ നിസ്സീമമായ കാരുണ്യംമൂലം അവർ എല്ലാവരും അനായാസേന നിത്യാനന്ദപദത്തിൽ ആരോഹണം ചെയ്കയും ചെയ്തു.

ദൈവത്തിൻെറ നിസ്തുലമായ നീതിയാൽ രക്ഷിക്കപ്പെടാത്തവർ പരിശുദ്ധ കന്യകയുടെ അനുഗ്രഹത്താൽ രക്ഷിക്കപ്പെടുന്നുവെന്നും തന്നിമിത്തം മോക്ഷപ്രാപ്തിക്ക വിശുദ്ധ മറിയത്തിൻെറ നേരെയുള്ള നിഷ്കളങ്കമായ ഭക്തിയേക്കാൾ പ്രയോജനകരമായ മാൎഗ്ഗം വേറെ ഒന്നുമില്ലെന്നുമുള്ള വി. ഇഗ്നാസിയോസെന്ന രക്തസാക്ഷിയുടെ അഭിപ്രായം എത്രയൊ യഥാൎത്ഥമായിട്ടുള്ളതാണെന്നു ഈ വിവരണത്തിൽ നിന്നു നമുക്ക ഗ്രഹിക്കാവുന്നതാകുന്നു.

## രണ്ടാം അദ്ധ്യായം.

### ൨. കന്യകയോടുള്ള ഭക്തി അന്യാദൃശമായ ഫലത്തെ പ്രദാനം ചെയ്യുന്നതാണെന്നു വിശുദ്ധന്മാർ അഭിപ്രായപ്പെടുന്നതിൻെറ പ്രധാന കാരണങ്ങൾ.

6.) പരിശുദ്ധ മറിയം സ്വാശ്രിതന്മാരുടെ ആത്മരക്ഷയെ ക്ലിപ്തപ്പെടുത്തുന്നതിനായി അവൎക്കു ആൎജ്ജിച്ചുകൊടുക്കുന്ന വരപ്രസാദങ്ങളുടെ വററാത്ത ഉറവ ഏതാണെന്നു ആലോചിക്കുന്നതായാൽ വിശുദ്ധാത്മാക്കൾ ആ ദിവ്യ നായികയുടെ നേരെയുള്ള ഭക്തിക്കു സങ്കല്പിച്ചിരിക്കുന്ന സാഫല്യം അസ്ഥാനത്തിലല്ലെന്നു വായനക്കാൎക്കു ബോധമാകുന്നതാണ്. അതിലേക്കു സാരാവഹവും അഭിന്നവുമായ രണ്ടു മൂലപ്രമാണങ്ങളെ ഇവിടെ സ്വീകരിക്കാം. (൧) നമ്മുടെ നിത്യഭാ

ഗ്യത്തെ സംബന്ധിക്കുന്ന സകല വരപ്രസാദദാനങ്ങളേയും ദൈവത്തിൽനിന്നു ലഭിച്ചുതരുന്നതിന്ന് ആ പരമനായിക പ്രാപ്തിയുള്ളവളാകുന്നു. (൨) ഈ വല്ലഭം തന്റെ ആശ്രിതന്മാരുടെ പ്രയോജനത്തിന്നായി ഉപയോഗിക്കാൻ പരിശുദ്ധ കന്യകയ്ക്കു പൂൎണ്ണ മനസ്സുണ്ട്.

ഈ രണ്ടു തത്വങ്ങളെ തെളിയിച്ചാൽ ദൈവജനനിയുടെ നേരെയുള്ള ഭക്തി രക്ഷപ്രാപിക്കുന്നതിനു എത്രയും ഫലപ്രദമായ ഒരു പോംവഴിയാണെന്നും, നിത്യാനന്ദത്തിന്റെ തുറമുഖത്തേയ്ക്കു നമ്മുടെ ചെറിയകപ്പലിനെ ത്വരയോടുകൂടി നയിക്കുന്ന അനുകൂലമായ കാററിനോടു അതിനെ സദൃശീകരിക്കാമെന്നും ഉള്ളതിനു യാതൊരു സംശയവും ഉണ്ടാകുന്നതല്ല.

7.) ഒന്നാമതായി മേൽപറയപ്പെട്ടതിൽ ആദ്യപ്രമാണത്തെ തന്നെ നമുക്കു പരിശോധിക്കാം. വി. ബെൎണ്ണാർദ് അരുളിച്ചെയ്തിരിക്കുന്നതുപോലെ നമ്മുടെ കൎത്താവീശോമ്ശിഹാ, പരിശുദ്ധമാതാവിനോടു തനിയ്ക്കുള്ള അതിരററ സ്നേഹാദരബഹുമാനങ്ങൾ നിമിത്തം ആ നായിക

ചോദിക്കുന്ന യാതൊരുക്രുട്ടത്തേയും തിര
സ്കരിക്കാതെ നമുക്കവേണ്ടിയോ ലോക
ത്തിലുള്ള മററാളുകൾക്ക വേണ്ടിയോ ത
ൻെറ ജനനി പ്രാൎത്ഥിക്കുന്ന വരപ്രസാദ
ങ്ങളെയെല്ലാം ദാനംചെയ്യുന്നതിനു സ
ദാ സന്നദ്ധനായിട്ടാണിരിക്കുന്നത്.

പുണ്യവാന്മാരുടേയും അവരുടെ രാ
ജ്ഞിയുടേയും മാദ്ധ്യസ്ഥ്യങ്ങൾക്ക പരസ്പ
രമുള്ള അന്തരം ഇതാകുന്നു. വിശുദ്ധന്മാ
രുടെ അപേക്ഷകൾ സ്വകീയങ്ങളായ
യാതൊരു യോഗ്യതകളിലുമല്ല പിന്ന
യോ അവക്ക ഗുണംചെയ്യുന്നതിനു അത്യ
ന്തം ആഗ്രഹിക്കുന്ന ദൈവത്തിൻെറ അ
നുഗ്രഹം ഒന്നിൽമാത്രമത്രെ ആശ്രയിച്ചിരി
ക്കുന്നത്. പരിശുദ്ധ കന്യകയുടെ പ്രാൎത്ഥ
നകളൊ എന്നാൽ ചോദിക്കുന്നതിനെ ല
ഭിക്കുന്നതിനു ആ നാഥയ്ക്കുള്ള അനന്യല
ബ്ധമായ അവകാശത്തിൽ സ്ഥാപിതമായി
രിക്കുന്നു. വി. അന്തോനീനോസ പഠി
പ്പിക്കുന്നതെന്താണെന്നു നോക്കുക. "പുത്ര
ൻ തൻെറ മാതാവിനെ ബഹുമാനിക്കുന്ന
തിനുമാത്രമല്ല, അവക്ക കീഴ്വഴങ്ങുന്നതിനു
ക്രുടി പ്രകൃതിന്യായേന ബാദ്ധ്യസ്ഥനാകു
ന്നു." വി. പത്രോസ ദമിയാനോസെന്ന

ദേഹം ഇപ്രകാരം പറയുന്നു. "പുണ്യവാന്മാർ ഈശോമ്ശിഹായുടെ തൃപ്പാദസമക്ഷം ശുശ്രൂഷികളെപ്പോലെ സാഷ്ടാംഗപാതം പ്രണമിച്ചു സ്വാഭിലാഷങ്ങളെ വിനയത്തോടുകൂടി ബോധിപ്പിക്കുന്നു. എന്നാൽ പരിശുദ്ധ കന്യകയാകട്ടെ, മ്ശിഹായുടെ ദിവ്യ സിംഹാസന സന്നിധിയിൽ ഒരു സാദിയേപ്പോലെയല്ല പിന്നയൊ അവിടത്തെ സ്വന്തമാതാവെന്നുള്ള സ്ഥാനത്തിൽ കാണപ്പെടുന്നു. തന്നിമിത്തം അധികൃതയായ ഒരു നായികയേപ്പോലെ അങ്ങയോടു ആജ്ഞാപിക്കുന്നതിനും വിശുദ്ധ മറിയത്തിനു അവകാശമുണ്ടു്. നമ്മുടെ കർത്താവീശോമ്ശിഹാ തന്റെ ജനനിയുടെ അപേക്ഷകൾക്കു ചെവികൊടുക്കുന്നതു ആ നാഥയുടെ നേരെയുള്ള വണക്കംകൊണ്ടു മാത്രമല്ല അവളോടു താൻ ചെയ്തിട്ടുള്ള വാഗ്ദാനം കൊണ്ടു കൂടിയുമാകുന്നു. അവിടുന്നു ശ്ലേമ്മോൻ വഴിയായി തന്റെ മാതാവിനോടു ഇപ്രകാരം അരുളിച്ചെയ്യുന്നു. "മാതാവേ! ഭവതി ആശിക്കുന്നതെല്ലാം എന്നോടു ചോദിക്കുക. എന്തുകൊണ്ടെന്നാൽ ഭവതിയുടെ അപേക്ഷയെ ഞാൻതിരസ്കരിക്കുന്നതു ഉചിതമല്ല."

8.) പരിശുദ്ധന്മാരുടെ ലേഖനങ്ങളിൽ നിന്നു ഉദ്ധരിക്കപ്പെട്ട പ്രസ്തുത സാക്ഷ്യ വാചകങ്ങളോടുകൂടി വിശുദ്ധ ബ്രിജീത്താസ്സുണ്ടായതും പ്രകൃതാഭിപ്രായത്തെത്തന്നെ സ്ഥിരപ്പെടുത്തുന്നതും വിശ്വാസയോഗ്യവുമായ ഒരു വെളിപാടുകൂടി ഇവിടെ ചേർത്തുകൊള്ളുന്നു. ഈ പുണ്യവതിക്കു കാർളോസ് എന്ന പേരോടുകൂടി ഒരു പുത്രനുണ്ടായിരുന്നു. അയാൾ യൌവനാരംഭത്തിൽ തന്നെ ഒരു സൈന്യവകുപ്പിൽ ചേരുകയും ഏറെ താമസിയാതെ നടന്ന ഒരു യുദ്ധത്തിൽ ഉൾപ്പെട്ടു മരണം പ്രാപിക്കുകയും ചെയ്തു. ബ്രിജീത്താ സ്വപുത്രന്റെ അകാലനിര്യാണത്തേയും, അതിന്റെ ഹേതു, സ്ഥലം, സമയം മററിപ്പോലെയുള്ള സാഹചര്യങ്ങൾ മുതലായവയേയും സംബന്ധിച്ചു വിചിന്തനം ചെയ്തു് അവന്റെ നിത്യഗതിയേക്കുറിച്ചു വളരെ സങ്കടം അനുഭവിക്കയുണ്ടായി. എന്നാൽ ഈ പുണ്യവതിയെ പ്രത്യേകം സ്നേഹിച്ചിരുന്ന ദൈവം കാലവിളംബമെന്യേ താഴെ വിവരിക്കുന്ന ദർശനത്താൽ അവളെ സമാശ്വസിപ്പിക്കുന്നതിനു തിരുമനസ്സായി.

ഒരിക്കൽ ഈ പുണ്യവതി നിത്യ വിധികത്താവിൻെറ ന്യായാസന സന്നിധിയിൽ അരൂപിയാലെ കൂട്ടിക്കൊണ്ടുപോകപ്പെട്ടു. അവിടെ നമ്മുടെ ദിവ്യരക്ഷിതാവിനെ ഒരുയന്ന സിംഹാസനത്തിലും പരിശുദ്ധ കന്യകയെ അവിടത്തെ മാതാവും രാജ്ഞിയുമെന്ന നിലയിൽ മറെറാരു സിംഹാസനത്തിലും ഇരിക്കുന്നതായി ദശിച്ചു. അവൾ ന്യായസ്ഥലത്തിൽ കാണപ്പെട്ട ഉടനെ കലക്കവും ഇഛാഭംഗവും നിമിത്തം വിഷണ്ണഭാവത്തോടെ പിശാചു മുമ്പോട്ടുവന്നുകൊണ്ടു സധൈയ്യം പറഞ്ഞതായതു്. "അല്ലയൊ! വിധികത്താവെ! ഞാൻ അങ്ങേ ശത്രുവാണെന്നുള്ളതും അവിടത്തെ മാതാവെനിക്കു പ്രതികൂലമായി അങ്ങേ സന്നിധിയിൽ വാദിക്കുന്നുവെന്നതും പരമാത്ഥമാണു്. എങ്കിലും നിത്യവിധി പ്രസ്താവിക്കുന്നതിൽ അവിടുന്നു നീതിമാനാകയാൽ ഞാൻ ചോദിക്കുന്നതെല്ലാം എനിക്കു കിട്ടുമെന്നു പൂണ്ണമായി വിശ്വസിക്കുന്നു. കാർളോസിൻെറ മരണവേളയിൽ അങ്ങേ മാതാവു് രണ്ടു സംഗതികളിൽ എന്നോടു ന്യായരഹിതമായിപ്രവത്തിച്ചിട്ടുണ്ടു്. അവയിൽ ഒന്നു ആ യുവാ

വിൻെറ ജീവകാലമവസാനിച്ച ദിവസം അങ്ങേ മാതാവു അവൻെറ മുറിയിൽ പ്രവേശിച്ച് എന്നെ ഓടിച്ചു ദൂരത്താക്കുകയും ഉഢ്ഡ്നെട്ടുക്കുന്നതുവരെ അവിടെത്തന്നെ കാവൽ നില്ക്കുകയും ചെയ്തു. തന്നിമിത്തം രോഗിയുടെ ശയ്യാന്തികത്തിൽ ചെന്ന് എൻെറ തന്ത്രപ്രയോഗങ്ങളെ ഫലിപ്പിക്കുന്നതിനു എനിക്കു സാദ്ധ്യമായില്ല. മനുഷ്യാത്മാവുകളെ സ്വാധീകരിക്കുന്നതിനു അത്യന്തം ആഗ്രഹിക്കുന്ന എനിക്കു എല്ലായ്പോഴും വിശിഷ്യ, നിത്യഭാഗ്യം അഥവാ നിർഭാഗ്യം ആസന്നമായിരിക്കുന്ന അവസാനഘട്ടത്തിലും അവരെ പരീക്ഷിക്കുന്നതിനുള്ള അവകാശമുണ്ട്. അതിനെ നിരോധിച്ച അങ്ങേ മാതാവിൻെറ പ്രവൃത്തി അന്യായമാണെന്നു നിസ്സംശയം പറയാവുന്നതാണ്. ആകയാൽ നീതിമാനായ വിധികർത്താവെ! അവൻെറ ആത്മാവ് ഒരു ദിവസത്തേയ്ക്കെങ്കിലും എന്നാൽ യഥാശക്തി പരീക്ഷിക്കപ്പെടുന്നതിനായി ശരീരത്തിലേക്കു പിന്തിരിയുവാൻ കല്പനകൊടുപ്പാറാകണം. എൻെറ തന്ത്രങ്ങളെ സധൈര്യം എതിർത്തു ജയിക്കുന്ന പക്ഷം ആ യുവാവു സ്വതന്ത്രനായി പൊയ്ക്കൊള്ളട്ടെ.

പ്രത്യുത, അവൻ ഞങ്ങളുടെ ഉപായങ്ങ ൾക്കു വിധേയനാകുന്നവെങ്കിൽ എൻെറ ആധിപത്യത്തിൽ ഏല്പിക്കപ്പെടേണ്ടിയി രിക്കുന്നു. രണ്ടാമതായി ബോധിപ്പിക്കാ നുള്ളതു്: കാർളോസിൻെറ ജീവൻ ശ രീരത്തിൽനിന്നു വേർപെട്ട ഉടനെ അ ങ്ങേ മാതാവു് ആ ആത്മാവിനെ സ്വ ന്ത കരങ്ങളിൽ വഹിച്ചുകൊണ്ടു അവി ടത്തെ ന്യായാസന സന്നിധിയിൽ ഹാ ജരായി. അതുമാത്രവുമല്ല, ശരീരവിമു ക്തി ലഭിച്ച ആത്മാവുകളുടെ കുററം തെളിയിക്കുന്നതു എൻെറ ചുമതലയായി രിക്കെ എനിക്കവിടത്തെ സന്നിധിയിൽ പ്രവേശിക്കുന്നതിനോ അവൻെറ ദോഷ ങ്ങളെപ്പററി വാദിക്കുന്നതിനോ അവൾ തീരെ അനുവദിച്ചുമില്ല. ആകയാൽ അ വിടന്നു കല്പിച്ച തീർച്ച അയഥാർത്ഥമാ യിട്ടാണിരിക്കുന്നതു്. മറുകക്ഷിയുടെ ന്യാ യങ്ങളെ കേൾക്കാതെ വിധി കല്പിക്കുന്ന തു് ദൈവപ്രമാണത്തിനും മാനുഷിക രീതിക്കും വിപരീതമാണല്ലൊ."

പിശാചിൻെറ ഈ വചനങ്ങൾ ക്കു നമ്മുടെ പരമനായിക അരുളിച്ചെ യ്ത പ്രത്യുത്തരം എന്തെന്നാൽ: "സാത്താ

ൻ നണയുടെ പിതാവാണെങ്കിലും ഈ അവസരത്തിൽ നിത്യസത്യസമക്ഷം അ അവൻ ബോധിപ്പിച്ചതെല്ലാം ശരിതന്നെ. എന്നാൽ കാർളോസ് എന്നെ അസാമാന്യമായി സ്നേഹിക്കുകയും എൻെറ സംരക്ഷണം അവൻ സ്വയം ഭരമേല്പിക്കപ്പെടുകയും എൻെറ മഹത്വത്തെക്കുറിച്ച് അത്യന്തം സന്തോഷിക്കുകയും എൻെറ സ്തുതിക്കായി സ്വായുഷ്കാലത്തെ മുഴുവൻ ബലികഴിപ്പാൻ സന്നദ്ധനായിരിക്കുകയും ചെയ്തിരുന്നതിനാൽ അവനോടു ഞാൻ അസാധാരണമായ ദയയെ പ്രദർശിപ്പിക്കുന്നതിനു നിബന്ധിതയായി തീൎന്നതാണ്". അനന്തരം ദിവ്യരക്ഷകൻ ഇപ്രകാരം വിധി പ്രസ്താവിച്ചു. "പരിശുദ്ധ കന്യക എൻെറ ദിവ്യരാജ്യത്തിൽ മറ്റുള്ള വിശുദ്ധന്മാരെപോലെയല്ല വാഴുന്നത്. അവൾ എൻെറ മാതാവായിട്ടും ഒരു രാജ്ഞിയുടേയും നാഥയുടേയും സ്ഥാനത്തിലും സ്വൎഗ്ഗത്തിൽ വൎത്തിക്കുന്നു. ആകയാൽ തക്ക കാരണമുള്ളപ്പോഴൊക്കെ പൊതുപ്രമാണങ്ങളിൽ നിന്നു ഒഴിവു ചെയ്യുന്നതിന് അവൾ അനുവദിക്കപ്പെട്ടിരിക്കുന്നു.

കാർളോസിൻെറ കാൎയ്യത്തിൽ ഇങ്ങനെ ഒരു ഭേദഗതി ചെയ്യുന്നതിനു ഉചിതമായ ഹേതുക്കളും ഇല്ലാതിരുന്നില്ല. ജീവകാലത്തിൽ അവളെ ഇമ്മാത്രം സ്നേഹിക്കുകയും വണങ്ങുകയും ചെയ്തിരുന്ന ഒരുവൻ മരണനേരത്തു അവളാലാദരിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്യേണ്ടതു് ന്യായമാകുന്നു." ഈ സംഗതിയെ സംബന്ധിച്ച് നിത്യമായ മൌനം അവലംബിക്കുന്നതിനു നമ്മുടെ കൎത്താവ് പിശാചിനോടു ആജ്ഞാപിക്കുകയും ഇങ്ങനെ തൻെറ പുത്രൻ മോക്ഷഭാഗ്യം പ്രാപിച്ചതറിഞ്ഞു വി. ബ്രിജീത്താ വളരെ സന്തോഷിക്കുകയും ചെയ്തു. ഈ സംഭവംമൂലം മററു പുണ്യാത്മാക്കൾക്ക് ലഭിച്ചിട്ടില്ലാത്ത ഒരു പ്രത്യേക വരം പരിശുദ്ധ കന്യകയ്ക്കു സിദ്ധമായിട്ടുണ്ടെന്നും ആകയാൽ നമുക്കു ഉപയുക്തങ്ങളായ സകല നന്മകളേയും വിശിഷ്യ ആത്മരക്ഷയെ സംബന്ധിച്ചുള്ള അമൂല്യമായ സഹായങ്ങളേയും തൻെറ തിരുക്കുമാരനിൽ നിന്നു ദൈവജനനി നമുക്കു സമ്പാദിച്ചു തരുമെന്നും വിശുദ്ധന്മാർ പറയുന്നതു എത്രയോ സ

യുക്തികമായിരിക്കുന്നുവെന്നു വായനക്കാ ക്കു ഗ്രഹിക്കാമല്ലൊ.

(9) പരിശുദ്ധ മറിയം തന്റെ ദിവ്യപുത്രനിൽനിന്നു സകലാനുഗ്രഹങ്ങ ളേയും പ്രാപിക്കുന്നതിനു അവകാശമു ള്ളവളാണെങ്കിൽ, ആ പരമ വരങ്ങളെ സ്വാശ്രിതന്മാരുടെ ആത്മോപകാരാ ത്ഥം വിനിയോഗിക്കാതിരിക്കയില്ലെന്നു ള്ളതിൽ ആക്കെങ്കിലും സംശയംതോന്നാ നിടയില്ല. ഹാ! ആ ദിവ്യകന്യക മാതൃ കമായ വാത്സല്യത്തോടുകൂടി അവരെ സ്നേഹിക്കുന്നു. നമ്മുടെ ആത്മരക്ഷയ്ക്കു വേണ്ടി ആ നാഥയുടെ തിരുക്കുമാരൻ പാടുപെടുകയും അദ്ദേഹത്തിന്റെ ദി വ്യാത്മാവു് അത്യന്തം ദുസ്സഹമായ വേദ നകളോടുകൂടി ശരീരത്തിൽ നിന്നു വേ ർപെടുകയും ചെയ്കയിൽ വി. മറിയം സമീപത്തുതന്നെ നിന്നിരുന്നു. അവിടു ന്നു നമുക്കുവേണ്ടി ചമ്മട്ടികളാൽ അടി ക്കപ്പെടുകയിൽ ആ കൽത്തൂണിന്റെ ചു വട്ടിൽവെച്ചു സ്വന്തരക്തത്താൽ സ്നാത നായതും മുൾമുടി ധരിപ്പിക്കപ്പെട്ടതും മ റവു നാനാവിധങ്ങളായ നിന്ദാവമാന ങ്ങളെ സന്തോഷപൂർവ്വം സഹിച്ചതും

അവൾ സമീക്ഷിച്ചുകൊണ്ടാണിരുന്നത്. ദിവ്യരക്ഷകൻ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടുകയും ദുർഭരമായ കുരിശുമരം വഹിച്ചുകൊണ്ടു വളരെ പാരവശ്യത്തോടുകൂടി ഗാഗുൽത്താ മലയിലേക്കു പോകയും അവിടെവെച്ച് സ്ലീവാമേൽ തറയ്ക്കപ്പെട്ട് സ്വന്ത ചോരയുടെ ഒടുക്കത്തെ തുള്ളിപോലും ചിന്തുകയും ചെയ്കയിൽ ഈ പരമനായികകൂടി സന്നിധിയിൽ ഉണ്ടായിരുന്നു. ഈ അവസ്ഥ വിചാരിക്കുമ്പോൾ നമ്മുടെ ആത്മാവുകൾ ദൈവജനനിക്കു എന്മാത്രം പ്രിയപ്പെട്ടവയായിരിക്കുമെന്നു വ്യക്തമാകുന്നുണ്ട്. തന്റെ നിസ്തുലമായ സ്നേഹത്തിന്റെ ഭാജനമായ ദിവ്യപുത്രൻ സ്വായുസ്സിനെ കൊടുത്തു വീണ്ടെടുത്തവരുടെ ആത്മരക്ഷയിൽ സ്വർഗ്ഗരാജ്ഞി എത്രമാത്രം ശുഷ്കാന്തിയുള്ളവളാണെന്നു വിവരിക്കേണ്ട ആവശ്യം കാണുന്നില്ല. എന്നാൽ പ്രത്യേകമായി അവനവന്റെ ശരണം മുഴുവൻ ഈ ദിവ്യകന്യകയിൽ നിക്ഷേപിച്ച്, ആ നാഥയെ ഭക്തിപൂർവ്വം വണങ്ങുകയും അവൾ നമുക്കായിക്കൊണ്ടാശംസിക്കുന്ന അനുഗ്രഹങ്ങളെത്തന്നെ ദൈ

വപുത്രനിൽ നിന്നു സമ്പാദിച്ചു തരുവാൻ പ്രാൎത്ഥിക്കയും ചെയ്യുന്ന ആശ്രിതന്മാരുടെ ആത്മാവുകളോടു വി. മറിയത്തിനുണ്ടാകാവുന്ന വാത്സല്യം ഏതുവിധമായിരിക്കുമെന്നു വായനക്കാർ ആലോചിക്കട്ടെ. വിനയപൂൎവ്വം തൻെറ തൃപ്പാദങ്ങളിൽ സാഷ്ടാംഗം ചെയ്തു അപേക്ഷിക്കുന്ന ഭക്തന്മാരെ കാണുമ്പോൾ അവളുടെ ഹൃദയം അനുകമ്പയാൽ ആൎദ്രമാകാതിരിക്കുമോ? അവൎക്കുവേണ്ടി തനിക്കുള്ള സീമാതീതമായ ശക്തിയെ പ്രയോഗിക്കുന്നതിനു് ദൈവജനനി ഒരിക്കലും സന്നദ്ധയല്ലെന്നു വരുമോ? ഈദൃശങ്ങളായ സംശയങ്ങൾക്കു നാം വഴിപ്പെടുന്നതുതന്നെ നമ്മുടെ ദിവ്യ രാജ്ഞിയുടെ ഹൃദയത്തോടു ചെയ്യുന്ന ഒരു മഹാ പാതകമായി തീരുന്നതാണു്.

ആകയാൽ ഇദിയോത്ത് എന്ന വിദഗ്ധനായ ഗ്രന്ഥകാരൻ പറയുന്നതുപോലെ പരിശുദ്ധ കന്യകയുടെ ഭക്തന്മാരായ സന്മാൎഗ്ഗികളേയും ദുൎമ്മാൎഗ്ഗികളേയും സഹായിക്കുന്നതിനു അവൾക്കു വശമുണ്ടു്. എന്നു മാത്രവുമല്ല, സ്വന്തനടപടികളെ നന്നാക്കി സുകൃതജീവിതം

കഴിക്കേണമെന്നുള്ള നിഷ്കപടമായ അ
ഭിലാഷമുണ്ടെങ്കിൽ അങ്ങനെയുള്ളവരെ
ഈ പരമനായിക നിശ്ചയമായി സ
സഹായിക്കുന്നതാകുന്നു. സത്തുക്കളെ ജീ
വകാലത്തിൽ വരപ്രസാദങ്ങളാൽ സ്ഥി
രപ്പെടുത്തി പാലിച്ചുകൊണ്ടും അസത്തു
ക്കളെ ദയാപൂൎവ്വം അതിലേക്കാകൎഷിച്ചു
കൊണ്ടും നമ്മുടെ നാഥ സകല മനുഷ്യ
രേയും സഹായിക്കുന്നവളാണ്. അവ
ൾ മരണവേളയിൽ മേല്പറയപ്പെട്ട ഇ
രുതരക്കാരേയും നരക ശത്രുക്കളുടെ ത
ന്ത്രങ്ങളിലും വലകളിലുംനിന്നു മോചി
ച്ചു ആദരിക്കുന്നു. ജീവിതാനന്തരം അ
വരുടെ ആത്മാവുകളെ മോക്ഷത്തിൽ
കൈക്കൊണ്ടുകൊണ്ട് ദൈവജനനി അ
വരെ ആശ്വസിപ്പിക്കുന്നു. പ്രസ്തുത ശാ
സ്ത്രി ഈ സംഗതികളേയെല്ലാം തെളി
യിക്കുന്നത്; "മറിയമേ! വരപ്രസാദത്തി
ൻെറ മാതാവെ! അനുഗ്രഹത്തിൻെറ
അമ്മെ! ശത്രുക്കളുടെ കയ്യിൽനിന്നു ഞ
ങ്ങളെ ആദരിച്ച് മരണനേരത്തിൽ
ഞങ്ങളെ ഭരമേല്ക്കേണമെ" എന്നുള്ള
വിശുദ്ധ പള്ളിയുടെ പ്രാൎത്ഥനാവാക്യ
ങ്ങളെക്കൊണ്ടാകുന്നു.

10.) തനിക്കു കിട്ടിയിരിക്കുന്ന അത്യുന്നതമായ ഈ അധികാരത്തെ പരിശുദ്ധ കന്യക വൃഥാ വെച്ചു സൂക്ഷിക്കാതെ തന്നെ വണങ്ങുന്നവരുടെ ആത്മോപകാരാർത്ഥം വിനിയോഗിക്കുന്നുവെന്നു പ്രത്യക്ഷീകരിക്കുന്നതിനായി മോക്ഷരാജ്യത്തിൽ അവൾ തൻെറ ഭക്തന്മാക്കു വേണ്ടി നിർവ്വഹിക്കുന്ന മാദ്ധ്യസ്ഥ്യത്തിൻെറ സാഫല്യം ഇന്നവിധമെന്നു ഒരു ചിത്രത്തിലെന്നപോലെ വെളിപ്പെടുത്താൻ നമ്മുടെ നായികതന്നെ ചിലപ്പോഴെല്ലാം തിരുവുള്ളമായിട്ടുണ്ട്. ചെസ്സാരിയൂസെന്ന ദേഹത്താൽ പ്രസ്താവിതനായ ഒരു യുവാവിൻെറ ചരിത്രത്തിൽ നിന്നു ഈ സംഗതി സ്പഷ്ടമാകുന്നതാണ്. അതെന്തെന്നാൽ: ദുർഗ്ഗനായ ആ യുവാവ് പിതാവിൻെറ മരണാനന്തരം തനിക്കു സിദ്ധിച്ച ധനം നാടകങ്ങൾക്കും കായികാഭ്യാസങ്ങൾ കണ്ടു രസിക്കുന്നതിനും എന്നു വേണ്ട വിവിധങ്ങളായ ദുരാചാരങ്ങൾക്കെല്ലാം വേണ്ടി ചിലവഴിച്ചതിനും പുറമെ, അവന്ന് ശേഷിച്ച സ്വത്തെല്ലാം സമീപസ്ഥനും ധനികനുമായ ഒരു ഉദ്യോഗസ്ഥനു വിട്ടുകൊടുക്കുന്നതിനു നി

ബ്ന്ധിതനാകയും തന്നിമിത്തം കാലവി ളംബമെന്യെ വലിയ കഷ്ടാവസ്ഥയിൽ അകപ്പെട്ടുകയും ചെയ്തു. നിത്യത കഴി ക്കുന്നതിനും മറ്റ് അവശ്യാവശ്യകമായ കൃത്യങ്ങളെ നിൎവ്വഹിക്കുന്നതിനും യാതൊ രു മാൎഗ്ഗവുമില്ലെന്നു കണ്ടതിനാൽ ആ ചെറുപ്പക്കാരൻ ഒരു ദുഷ്ട ഭൃത്യൻെറ പ്രേ രണയോടുകൂടി തനിക്കു മുമ്പുണ്ടായിരു ന്ന വസ്തുക്കളെല്ലാം തിരിച്ചുകിട്ടുന്നതിനാ യി പിശാചിനെ സേവിക്കാൻ നിശ്ച യിച്ചു നീചനായ ആ ദാസൻെറ ക്ഷ ണപ്രകാരം സാത്താൻ ഉടനെ അവരു ടെ മുമ്പിൽ പ്രത്യക്ഷീഭവിച്ചു. ആ ദുഷ്ടാ രൂപി പ്രസ്തുത യുവാവിനോടു ദൈവ ത്തെ പരിത്യജിക്കുന്നപക്ഷം ആവശ്യമു ള്ള സകല കാൎയ്യങ്ങളും സാധിച്ചു തരാ മെന്നു വാഗ്ദാനം ചെയ്തു. ഇതു കേട്ടപ്പോ ൾ ഭാഗ്യഹീനനായ ആ യുവാവ് പരി ഭ്രമിച്ചു പിൻമാറിയെങ്കിലും ഭൃത്യൻെറ നിബന്ധം നിമിത്തം ദൈവദൂഷണകര ങ്ങളായ വാക്കുകൾ ഉച്ചരിക്കുന്നതിനു സ മ്മതിപ്പിക്കപ്പെട്ടു. അപ്പോൾ പിശാചു വീ ണ്ടും പറഞ്ഞു:— "ഇതാ ദൈവത്തെ നീ ഉപേക്ഷിച്ചിരിക്കുന്നു. ഇനി അവിടത്തെ

ദിവ്യ മാതാവായ വിശുദ്ധ മറിയത്തിനെ കൂടി പരിത്യജിക്കണം." ഈ വാക്യം ശ്രവിച്ച ഉടനെ"അയ്യോ അതു പാടില്ല. ഞാൻ ഒരിക്കലും അങ്ങനെ ചെയ്കയില്ല. ഒരിക്കലുമില്ല. എൻെറ പരമ മദ്ധ്യസ്ഥയും പ്രിയപ്പെട്ട മാതാവുമായ ആ നാഥയെനിരസിക്കുന്നതിനേക്കാൾ വീടുകൾ തോറും ഭിക്ഷാടനം ചെയ്യുന്നതിനും ഫലമൂലാദികളെക്കൊണ്ടു നിത്യവൃത്തി കഴിക്കുന്നതിനും അഥവാ ക്ഷുൽപിപാസാദികളാൽ മരിക്കുന്നതിനു തന്നെയും ഞാൻ സന്നദ്ധനായിരിക്കുന്നു" എന്നു ആ യുവാവുത്തരം പറഞ്ഞു. ഇപ്രകാരമുണ്ടായ മറുവടികേട്ടു കോപാന്ധനായ പിശാചു തൽക്ഷണം തിരോധാനം ചെയ്കയും ദുർഗ്ഗന്മാരായ ആ രണ്ടുപേരും അഭിലാഷസിദ്ധിവരാതെ പ്രസ്തുത നാരകീയ ഉടമ്പടി ചെയ്ത സ്ഥലമായ വനത്തിൽ നിന്നു പിന്തിരികയും ചെയ്തു. സൂര്യോദയത്തോടുകൂടി അവർ ഒരു ദേവാലയത്തിൻെറ സമീപത്തുകൂടി കടന്നു പോകുന്നതിനു സംഗതിയായി. അതിൻെറ വാതിൽ ആരുടേയോ ഔദാസീന്യം നിമിത്തം റന്നു കിടന്നിരുന്നതിനാൽ ഭാഗ്യ

ഹീനനായ യുവാവ് കുതിരപ്പുറത്തു നി
ന്നിറങ്ങി അതിനെ ഭൃത്യന്റെ വശം ഏ
ല്പിച്ചിട്ടു പരിശുദ്ധ കന്യക തന്റെ തി
രുക്കുമാരനെ കൈകളിൽ വഹിച്ചിരിക്കു
ന്ന ആകൃതിയിൽ പള്ളിക്കകത്തു പ്രധാ
ന പീഠത്തിന്മേൽ സ്ഥാപിക്കപ്പെട്ടിരുന്ന
ഒരു തിരുസ്വരൂപത്തിന്റെ അടുക്കലേ
ക്കു ചെന്നു. അവിടെ വച്ച് ആ മനുഷ്യ
ൻ അവന്റെ കഠിനമായ പാപഭാര
ത്തെ ഓൎത്തു മനസ്സുപിച്ച് കരകയും അ
വന്റെ ദീൎഘ നിശ്വാസങ്ങളാലും പ്രല
പനങ്ങളാലും ദേവാലയത്തിന്റെ അ
ന്തൎഭാഗം മുഴുവൻ മുഖരിതമായി തീരുക
യും ചെയ്തു. തന്നാൽ ക്രൂരമായി ദ്രോഹി
ക്കപ്പെട്ട ദൈവമഹത്വത്തോടു അപേ
ക്ഷിക്കുന്നതിനുള്ള ഭയം നിമിത്തം അവ
ൻ തനിക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കു
ന്നതിനായി പരിശുദ്ധ കന്യകയോടു ക
ണ്ണുനീർ ഒഴുക്കിക്കൊണ്ടു യാചിച്ചു. ഇപ്ര
കാരം അയാൾ ദൈവ ജനനിക്കു സ്വ
യംഭരമേല്പിക്കപ്പെട്ടുകയിൽ ആ പരമ
നായിക അവനുവേണ്ടി തിരുക്കുമാരന്റെ
നേരെ തിരിഞ്ഞു പ്രാൎത്ഥിക്കുന്നതും തത്സ
മയം ദിവ്യ രക്ഷിതാവ് കുപിതനായി മു

ഖം തിരിച്ചുകളയുന്നതും പ്രസ്തുത യുവാവിനാൽ ദർശിക്കപ്പെട്ടു. മാതാവ് വീണ്ടും പ്രാർത്ഥിക്കയാൽ ഈശോമ്ശിഹാ പരാങ്മുഖത്തോടുകൂടി "ഇത്ര ലജ്ജാവഹമായ വിധത്തിൽ എന്നെ ഉപേക്ഷിച്ച ഒരുത്തനു ഞാൻ എന്തു നന്മ ചെയ്യാനാണ് നീ അനുഗ്രഹിക്കുന്നതു" എന്നു ചോദിച്ചു. അപ്പോൾ പരമനായിക തന്റെ സിംഹാസനത്തിൽ നിന്നു ഉത്ഥാനം ചെയ്ത് ദിവ്യകുമാരനെ അതിൽ ഇരുത്തി അവിടത്തെ സമക്ഷം സാഷ്ടാംഗപാതം പ്രണമിച്ചുകൊണ്ടു ബോധിപ്പിച്ചതായത്. "പ്രിയപ്പെട്ട മകനെ! എന്റെ നേരെ അങ്ങേക്കുള്ള സ്നേഹത്തെക്കുറിച്ച് അവനു മാപ്പു കൊടുപ്പാറാകണം. കുററത്തിന്റെ കാഠിന്യം പരിശോധിക്കുമ്പോൾ അവൻ ഇങ്ങനെയുള്ള അനുഗ്രഹത്തിനു അപാത്രമാണെന്നു ഞാൻ അറിയുന്നു. എങ്കിലും അവിടത്തെ മാതാവായ ഞാൻ അങ്ങിൽ നിന്ന് ഏതാദൃശമായ ഒരു കാരുണ്യം പ്രാപിക്കുന്നതിനു യോഗ്യതയുള്ളവളാണല്ലൊ". തന്റെ ജനയിത്രിയുടെ ഈ വാക്യങ്ങളെ ശ്രവിച്ച മാത്രയിൽ മ്ശിഹാ കർത്താവ് അവളുടെ കൈക്കു

പിടിച്ചുകൊണ്ട് "പ്രിയപ്പെട്ട അമ്മേ! എഴുന്നേല്ക്കുക. ഇതുവരെ ഞാൻ നിൻെറ അപേക്ഷകളിൽ യാതൊന്നും തിരസ്കരിച്ചിട്ടില്ലല്ലൊ. ഇനിയും അങ്ങനെ ചെയ്യുന്നതുമല്ല" എന്നു അരുളിച്ചെയ്തു. പരിശുദ്ധ ദേവമാതാവിനോടു അല്പ വണക്കവും ഭക്തിയുടെ ഒരു നിഴലും മാത്രം സംഗ്രഹിച്ചുവെച്ചിരുന്ന പ്രസ്തുത യുവാവിൻെറ കാൎയ്യത്തിൽ നടന്നതായ ഈ സംഭവം, അവൾ സ്വഭക്തന്മാരുടെ നിത്യരക്ഷയ്ക്കുവേണ്ടി പ്രതിദിനം മോക്ഷത്തിൽ നിൎവ്വഹിക്കുന്ന മാദ്ധ്യസ്ഥ്യത്തിൻെറയും നന്മയുടെ സിംഹാസനാന്തികത്തിൽ ചെയ്യുന്ന അപേക്ഷകൾക്കുള്ള ശക്തിയുടേയും ഒരു ഛായ മാത്രമാകുന്നു. ഏതൻമൂലം ഈ പരമനായിക നിത്യഭാഗ്യ സംബന്ധമായ സൎവ്വ നന്മകളേയും വരപ്രസാദങ്ങളേയും നമുക്കു ലഭിച്ചു തരുന്നതിനു മനസ്സും വല്ലഭവുമുള്ളവളാണെന്നും ഈ നാഥയുടെ നേരെയുള്ള ഭക്തി മോക്ഷപ്രാപ്തിക്കു നമ്മുടെ സ്വാധീനത്തിലുള്ള സഫലവും ശക്തിസംയുക്തവും സുകരവുമായ പ്രോഠവഴികളിലൊന്നാണെന്നും നാം ദൃഢമായി വിശ്വസിക്കേണ്ടിയിരിക്കുന്നു.

# മൂന്നാം അദ്ധ്യായം.

## പ. കന്യകയോടുള്ള ഭക്തി രക്ഷയുടെ പരിപൂൎണ്ണതയെ പ്രാപിക്കുന്നതിന്ന എത്രയും സഫലമായിട്ടുള്ളതും ഒരു വിധത്തിൽ അവശ്യാവശ്യകമായ ഒരു പോംവഴിയുമാകുന്നു.

11.) നാം ഇപ്പോൾ വായിച്ചു കഴിഞ്ഞതുപോലെ, പ. കന്യക തന്റെ ഭക്തന്മാൎക്കു നിത്യരക്ഷ മാത്രമല്ല ലഭിച്ചുകൊടുക്കുന്നതു്. അവർ ആത്മരക്ഷയ്ക്കടുത്ത കാൎയ്യങ്ങളിൽ പരിശ്രമിക്കുന്നതിന്ന യഥാൎത്ഥമായി മനസ്സുവെക്കുകയും അതിന്ന ആവശ്യമായ പോംവഴികളെ പ്രയോഗിക്കുന്നതിന്ന പൂൎണ്ണമായി നിശ്ചയിക്കുകയും ചെയ്യുന്നപക്ഷം ധാരാളംയോഗ്യതകളോടുംസ്തുതിയുടെ ഒരുന്നത പദവിയോടുംകൂടി മോക്ഷാനന്ദംഅനുഭവിക്കാൻഇടയാകത്തക്ക പൂൎണ്ണതയിൽ ദൈവജനനി അവരെ

ആദരിക്കുകകൂടി ചെയ്യുന്നതാകുന്നു. രക്ഷപെടുകയെന്നുള്ളതും അതിൻെറ പൂൎണ്ണതയെ അഥവാ അംഗോപാംഗങ്ങളെ പ്രാപിക്കുകയെന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ആദ്യത്തെ ഭാഗ്യലാഭത്തിനു, അല്ലെങ്കിൽ രക്ഷ സിദ്ധിക്കുന്നതിനു വരപ്രസാദത്തോടുകൂടി ജീവിക്കുകയും ആമരണാന്തം അതിൽ നിലനില്ക്കുകയും ചെയ്താൽ മതിയാകുന്നതാണ്. എന്നാൽ പരിപൂൎണ്ണമായ നിത്യാനന്ദസിദ്ധിക്കാകട്ടെ മേൽപറയപ്പെട്ടവ കൂടാതെ വരപ്രസാദത്തിൽ ഇടവിടാതുള്ള വൎദ്ധനയും, അതോടേ ഒരു ആഡംബരപരിവാരമെന്ന മട്ടിൽ സാന്മാൎഗ്ഗികവും ദൈവികവുമായ സകല പുണ്യങ്ങളിലുമുള്ള അഭിവൃദ്ധിയും വിശിഷ്യ നമ്മുടെ സുകൃതയോഗ്യതകളെ പൂൎണ്ണമായി ഭരിക്കുന്ന ഉപവിയിലുള്ള ഉൽഗതിയും അത്യാവശ്യകങ്ങളാകുന്നു.

12.) സ്വൎഗ്ഗീയ ജീവിതത്തിലുള്ള ഏതാദൃശമായ വളൎച്ചയെയാണ്, പ. കന്യക വരപ്രസാദത്തിൽ സ്ഥിതി ചെയ്യുന്ന തൻെറ ഭക്തന്മാൎക്കു സമ്പാദിച്ചുകൊടുക്കുന്നതു. വാത്സല്യഭാജനമായ സ്വ

പുത്രനോടു അവൾക്കുള്ള സ്നേഹമോ അ
ഥവാ തന്റെ ആശ്രിതന്മാരോടുള്ള അ
നുകമ്പയൊ ഏതുതന്നെ പരിശോധിക്ക
പ്പെടുന്നതായാലും നമ്മുടെ അമ്മ അവ
ളുടെ ദാസന്മാരെ പൂൎണ്ണമായ പുണ്യയോ
ഗ്യതയുള്ളവരാക്കിത്തീൎക്കാൻ സദാ ആശി
ച്ചുകൊണ്ടാണിരിക്കുന്നതെന്നുള്ളതിനു ത
ൎക്കമില്ല. ദിവ്യരക്ഷകനെ സമീക്ഷിക്കുന്ന
വേളയിൽ അദ്ദേഹത്തോടുള്ള സ്നേഹാ
ധിക്യം നിമിത്തം ആ പരമനായിക ത
ന്റെ പുത്രൻ സൎവ്വജനങ്ങളാലും വിശി
ഷ്യ ദൈവത്തെ സ്നേഹിക്കുന്നതിനും ശു
ശ്രൂഷിക്കുന്നതിനും സാമാന്യാധികമായ ഒ
രുക്കവും ബാദ്ധ്യതയുമുള്ളവരാലും വിശ്വാ
സപൂൎവ്വം ആരാധിക്കപ്പെടുകയും ശുശ്രൂ
ന്തിയോടെ സ്നേഹിക്കപ്പെടുകയും ചെയ്യ
ണമെന്നു ആശിക്കുന്നു. അപ്രകാരംത
ന്നെ സദ്ഭക്തന്മാരുടെ ആത്മാവുകളെ
നോക്കുമ്പോൾ ദൈവപുത്രൻ അവരെ
തന്റെ പുത്രിമാരും മണവാട്ടികളുമായി
തെരഞ്ഞെടുത്തിരിക്കുന്നതോൎത്തുള്ള വാത്സ
ല്യാതിരേകത്താൽ സകല കാൎയ്യങ്ങളിലും
അവരുടെ ആത്മികമായ അഭിവൃദ്ധിയെ
കുറിച്ചു് താല്പൎയ്യപ്പെടാതിരിക്കുന്നതിനും

ഈ പരമനാഥയ്ക്കു കഴിയുന്നതല്ല. ആകയാൽ പരിശുദ്ധ കന്യക എല്ലാവരേയും ദയാപൂർവ്വം തൃക്കൺപാർക്കുന്നുവെങ്കിലും വരപ്രസാദത്തിൽ സ്ഥിതിചെയ്യുന്ന ആത്മാവുകളെ പ്രത്യേകസ്നേഹത്തോടുകൂടി ആദരിക്കയും തദ്വാരാ അവൾക്ക് ഇഹത്തിൽ യോഗ്യതയും പുണ്യവും പരലോകത്തിൽ മഹിമയും സമൃദ്ധിയായി ദാനം ചെയ്കയും ചെയ്യുന്നുവെന്നത്രെ പ്രസ്താവിക്കേണ്ടതു്. ഈ സത്യത്തെ പരിശുദ്ധ മറിയംതന്നെ വി. ജെർത്രൂദിന്നു വെളിപ്പെടുത്തിയിട്ടുണ്ട്. അതായതു് പ്രസ്തുത പുണ്യവതി ഒരു ദിവസം ദേവാലയത്തിൽവെച്ച് "രാജകന്യക"യെന്ന സ്തോത്രഗീതം പാടിക്കൊണ്ടിരിക്കയിൽ "ദയനിറഞ്ഞ നിൻെറ കണ്ണുകളെ ഞങ്ങളുടെമേൽ തിരിക്കേണമെ." എന്ന ഭാഗം ഉച്ചരിക്കുകയും അപ്പോൾ പരിശുദ്ധ ജനനി താഴെ ചേർത്തിരിക്കുന്ന വചനങ്ങളെ അവളോടു അരുളിച്ചെയ്യുന്നതായി കേൾക്കുകയും ചെയ്തു "ഭക്തിപൂർവ്വം എൻെറ സഹായം പ്രാർത്ഥിക്കുന്ന സകലർക്കും നിത്യരക്ഷയും മോക്ഷായുസ്സിൽ ധാരാളം ഫലങ്ങളും അതായതു വരപ്രസാ

ദത്തിൻെറയും മഹിമയുടേയും നിസ്സീമമായ വദ്ധനയും സമ്പാദിച്ചുകൊട്ടത്തുകൊണ്ട് അവരെ തൃക്കൺപാക്കുന്ന അനുകമ്പാപൂരിതമായ ഈ എൻെറ കണ്ണുകളെ ഉററുനോക്കുക." ഇതു ഹേതുവായി വരപ്രസാദത്തിൻെറയും മഹിമയുടേയും അഭിവൃദ്ധി പരിശുദ്ധ മറിയത്തിൻെറ തിരുക്കരങ്ങൾ വഴിയായി നാം പ്രാപിക്കേണ്ടിയിരിക്കുന്നു എന്നു ഉറപ്പായി വിശ്വസിച്ചുകൊണ്ടു ഗഭീരവും നിഷ്കളങ്കവുമായ ഭക്തിയോടുകൂടി ആ നാഥയെ ലോകം വണങ്ങുന്നതിനുവേണ്ടി ജ്ഞാനനിക്ഷേപങ്ങളുടെ ആധിപത്യം ആ നാഥയുടെ അധീനതയിൽ ദൈവം സമപ്പിച്ചിരിക്കുന്നുവെന്നു വി. ബെണ്ണാർദ്ദ പ്രസ്താവിക്കുന്നു. ഈ വിശുദ്ധൻതന്നെ വേറൊരിടത്തു പരിശുദ്ധ കന്യകയിൽനിന്നു പുറപ്പെടുന്നതൊഴികെ ശോഭായമാനവും പ്രശംസാർഹവുമായ യാതൊരു പുണ്യവും ഭൂലോകത്തിലില്ലെന്നു പറഞ്ഞിട്ടുണ്ട്. ആകയാൽ "അവളോടു കൂടെ എല്ലാ നന്മകളും എനിക്കു വന്നു; അവൾവഴിയായി അനവധി സമ്പത്ത് (എനിക്കു കിട്ടി.") ജ്ഞാനം ൭. ൧൧.

എന്നുള്ള വേദവാക്യം പരിശുദ്ധ കന്യ
കയെ സംബന്ധിച്ചിടത്തോളം എത്രയും
ഉചിതമായിട്ടാണു കാണപ്പെടുന്നതു്.

13.) പ്രസ്തുത സത്യം നമ്മുടെ ഹൃ
ദയത്തിൽ അഗാധമായി പതിയുകയും
ശ്രേഷ്ഠയായ ഈ നാഥയോടുള്ള തീവ്ര
മായ ഭക്തി നമ്മിൽ ഉജ്ജ്വലിക്കുകയും
ചെയ്യുന്നതിനുവേണ്ടി വി. ബെർണ്ണാർദി
ൻെറ ഒരു വിചിന്തനത്തെ ഇവിടെ ഉ
ദ്ധരിച്ചുകൊള്ളുന്നു. പഴയ നിയമത്തി
ൽ വന്ദനീയന്മാരായി പറയപ്പെട്ടിരിക്കു
ന്ന അബ്രഹാം, ഇസഹാക്ക്, യാക്കോ
ബ്, ദാനിയേൽ, ദാവീദ് മുതലായ പ
ല പൂർവ്വികന്മാർ ദൈവത്തിനു വളരെ
പ്രിയപ്പെട്ടവരും അവിടത്തെ വിശ്വസ്ത
ശുശ്രൂഷികളുമായിരുന്നുവെന്നു എല്ലാവ
ക്കും ബോധമാണല്ലൊ. എന്നാൽ തിരു
സ്സഭയിൽ ഇപ്പോൾ നാം കാണുന്ന പു
ണ്യപൂർണ്ണതയുടെ പ്രകാശം ദൈവത്തി
ൻെറ തിരഞ്ഞെടുക്കപ്പെട്ട പ്രസ്തുത ജന
ത്തിൽ സാധാരണമായി കാണപ്പെട്ടിരു
ന്നില്ല. പൂർവ്വകാലത്തു കന്യകയ്ക്കുടുത്ത
ശുദ്ധതയെന്ന ശോഭനലത, ഏകപു
ഷ്പവത്തെപ്പോലും പുറപ്പെടുവിക്കു ഉണ്ടാ

യിട്ടില്ല. എന്നാൽ ഇക്കാലത്താകട്ടെ, ബ്ര
ഹ്മചൎയ്യവ്രതം സന്ന്യാസാശ്രമങ്ങളിൽ മാ
ത്രമല്ല, അതിൻെറ അഭിവൃദ്ധിക്കു പ്രതി
കൂലമായ ലോകമദ്ധ്യത്തിൽ പോലും പ
രിലസിച്ചുവരുന്നതായി നാം അറിയുന്നു.
പണ്ട് അധിക വിഘ്നങ്ങളൊന്നും കൂ
ടാതെ സ്വതന്ത്രമായി പുണ്യസാംഗോ
പാംഗം പ്രാപിക്കുന്നതിനായി മഹിമ
യോടുകൂടി സമസ്തവും ഉപേക്ഷിച്ച ഒരു
ത്തനെകണ്ടെത്താൻ കഴിയുന്നതാണൊ?
ഈ നാളുകളിലൊയെന്നാൽ ലൌകിക
മായ വസ്തുക്കളെ മുഴുവൻ പരിത്യജിച്ചു
അവരുടെ ധനത്തെപ്പററി ഇതരന്മാർ
ചെയ്യുന്ന പ്രശംസകളേക്കാൾ തങ്ങൾ
സ്വയമായി സ്വീകരിച്ചിരിക്കുന്ന ദരിദ്രാ
വസ്ഥയെക്കുറിച്ചു പുകഴ്ത്തികൊണ്ടു സ
ന്ന്യാസ സഭകളിൽ അഭയം പ്രാപിക്കു
ന്നവരുടെ സംഖ്യ അവൎണ്ണനീയമായിത്തീ
ൎന്നിട്ടുണ്ട്. പ്രാചീനദശയിൽ അന്യന്മാ
രുടെ ഉപദ്രവങ്ങളേയും ദ്രോഹകൎമ്മങ്ങ
ളെയും തലതാഴ്ത്തിവിനയപൂൎവ്വം സഹിക്കു
ന്നവർ എത്രയുംദുർല്ലഭമായിരുന്നു. ഇപ്പോ
ൾ അങ്ങനെയുള്ളകൂട്ടങ്ങളെ ഹൃദയപൂൎവ്വം
ക്ഷമിക്കയും പരോപദ്രവങ്ങൾക്കു നിശ്ശ

ങ്കം മാപ്പുകൊടുക്കുകയും തങ്ങളെ നിന്ദിക്കുന്നവരെ സസ്നേഹം ആശ്ലേഷിക്കുകയും ചെയ്യുന്നവർ ഒട്ടും അപൂൎവ്വമല്ല. ദൈവാരാധനയെ സംബന്ധിച്ച കൃത്യങ്ങളെ ഇക്കാലത്തു പൂൎവ്വാധികമായ സ്ഥിരതയോടെ നിൎവ്വഹിക്കപ്പെട്ടുവരുന്നു. ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ ഇപ്പോൾ വിശ്വാസം അത്യധികം ഉണൎച്ചയുള്ളതും ഉപവി വളരെ തീഷ്ണമായതും ദൈവസ്തുതിയെക്കുറിച്ചുള്ള ശുഷ്കാന്തി ഏറ്റവും തീവ്രമായതുമായിട്ടാണു കാണപ്പെടുന്നതു്. പൂൎവ്വസഭാപ്രധാനികളുടെ മേൽ തുള്ളിതുള്ളിയായി പതിച്ചുകൊണ്ടിരുന്ന ദൈവവരപ്രസാദമെന്ന ദിവ്യൌഷധം മ്ശിഹായാൽ സ്ഥാപിതമായ വിശുദ്ധ പള്ളിയിലേക്കു മഹാനദികൾ പോലെ പ്രവഹിക്കുകയും സകല പുണ്യബീജങ്ങളേയും മുളപ്പിച്ചു പുഷ്ടിപ്പെടുത്തുവാൻ തക്കവണ്ണം അതിനെ തുലോം ഫലവത്താക്കിത്തീൎക്കുകയും ചെയ്യുന്നതുകൊണ്ടാണു മേല്പറയപ്പെട്ട മാററങ്ങൾ സംഭൃതമായിരിക്കുന്നതു്. എന്നാൽ തന്റെ തെരിഞ്ഞെടുക്കപ്പെട്ട ജനസംഘത്തിനു വരപ്രസാദത്തെ ദാനംചെയ്യുന്നതിൽ അത്ര ധാരാ

ളംകാണിക്കാതിരുന്ന ദൈവം നമുക്ക അതിനെ ഇപ്രകാരം ധാരാളമായി തരുന്നതു എന്തുകൊണ്ടായിരിക്കാം? വിശുദ്ധ ബെണ്ണാർദിൻെറ അഭിപ്രായപ്രകാരം ഈ അവസ്ഥാന്തരത്തിനു നിദാനമായിത്തീർന്നിരിക്കുന്നതു പരിശുദ്ധ കന്യകയാകുന്നു. പൂർവ്വകാലത്തു ദൈവ വരപ്രസാദമെന്ന തീർത്ഥം ജനങ്ങളിൽ ധാരാളം പ്രവഹിക്കാതിരുന്നതു്, ആ ജലത്തെ മനുഷ്യഹൃദയങ്ങളിലേക്ക കൊണ്ടുവരുന്നതിനു ഉപയുക്തമായ സാഗ്ഗീയദരി അന്നില്ലാതിരിക്കനിമിത്തമാണ്. നിത്യായുസ്സിനെ പ്രദാനം ചെയ്യുന്ന ഈ വെള്ളം പുറപ്പെട്ടന്നതു നമ്മുടെ കർത്താവിൻെറ പാവനമായ തിരുമുറിവുകളിൽനിന്നാകയാൽ അതിൻെറ മൂലസ്ഥാനം ദിവ്യ രക്ഷകനാണെന്നുള്ളതു അഭേദ്യമായ സത്യംതന്നെ. എന്നാൽ ആ പുണ്യജലം നമ്മിലേക്ക ഒഴുകുന്നതിനുള്ള പാത്തിയാകുന്നു വിശുദ്ധ മറിയം. എന്തുകൊണ്ടെന്നാൽ പ്രസ്തുത വേദപാരഗൻ പഠിപ്പിക്കുന്നതുപോലെ മ്ശിഹാകർത്താവു് എല്ലോഴും തൻെറ പരിശുദ്ധ മാതാവു വഴിയായിട്ടു മാത്രമെ വരപ്രസാദത്തെ വിശ്വാസിക

ൾക്ക പ്രദാനംചെയ്യാൻ തിരുവുള്ളമാകു
ന്നുള്ളു. ആകയാൽ തിരുസ്സഭ പുണ്യത്തി
ന്റെ ഇത്ര മഹത്തായ തേജസ്സോടും
സാംഗോപാംഗത്തിന്റെ അതിശയനീ
യമായ പ്രകാശത്തോടുംകൂടി പ്രോജ്വലി
ക്കുകയും അതിൽ പരിശുദ്ധതയുടെ അ
ന്യാദൃശമായ മഹിമാവുണ്ടായിരിക്കുകയും
ചെയ്യുന്നുവെങ്കിൽ അതു ഈ പരമനാ
യിക നിമിത്തമാണെന്നുള്ളതിനു സംശ
യമില്ല. നമ്മെ നിഷ്പാവന്മാരും പരി
പൂർണ്ണതയുള്ളവരുമാക്കിത്തീർക്കുന്ന "വരപ്ര
സാദം" മുകളിൽ നിന്നു നമുക്കു ലഭിക്കു
ന്നതിനുള്ള കൃപാർദ്രമായ പാത്തി അവ
ളാണല്ലൊ.

14.) പരിശുദ്ധ കന്യകയുടെ നേ
രെയുള്ള ഭക്തിയെ പരിപാലിക്കാത്തവ
നായി ഒരു വിശുദ്ധൻപോലും ഇതുവ
രെ ഉണ്ടായിട്ടില്ലെന്നുകൂടി പ്രസ്താവിക്കാ
വുന്നതാണ്. അത്രതന്നെയുമല്ല, ഉന്നത
മായ പരിശുദ്ധതയാൽ ശേഷം പുണ്യ
വാന്മാരേക്കാൾ ഉൽകൃഷ്ടന്മാരായിരിക്കു
ന്നവർ സാമ്രാജ്ഞിയുടെ നേരെയുള്ള
സ്നേഹത്തിലും ഇതര പരിശുദ്ധന്മാരെ
അതിശയിക്കുന്നവരായിട്ടാണു കാണപ്പെ

ട്ടിരിക്കുന്നത്. വി. ബെൎണ്ണാർദ്ദ്, വി. ദൊമ്മ്നീക്കോസ്, വി. പീലിപ്പോസ് നേരി, വി. സ്യെന ബെൎണ്ണർദീനോസ് മുതലായി തിരുസ്സഭയിലെ വീരശൂരന്മാരുടെ ഗണത്തിൽ എണ്ണപ്പെടാവുന്ന അനവധി വിശുദ്ധന്മാരുടെ ജീവചരിത്രങ്ങൾ പരിശോധിക്കുന്നപക്ഷം അവൎക്കും പരമനായികയ്ക്കും പരസ്പരമുണ്ടായിരുന്ന സ്നേഹൈക്യതയെ ഗ്രഹിച്ച് വിസ്മയപരതന്ത്രന്മാരായി തീരുന്നതിനും അവർ തനതുവശത്തുനിന്നു നാനാപ്രകാരേണ ദൈവജനനിയെ വണങ്ങുകയിൽ അവൾ സ്വന്തപാർശ്വത്തിൽ നിന്നുകൊണ്ടു ആ സുകൃതികളെ നന്മകളാൽ സംപൂൎണ്ണരാക്കി പരിശുദ്ധതയുടെ ഉയൎന്ന പദവിയിലേക്കു ആരോഹിക്കുവാൻ സദാ ജാഗരൂകയായിരിക്കുന്നതിനെ മനസ്സിലാക്കുന്നതിനും നമുക്കു ഇടയാകുന്നതാണ്. ജ്ഞാനാഭിവൃദ്ധി പ്രാപിക്കുന്നതിനും മേല്പെട്ട പുണ്യപൂൎണ്ണതയുടെ അഗ്രത്തിൽ അധിരോഹണം ചെയ്യുന്നതിനും നമ്മുടെ ആത്മാവുകളെ പാത്രീഭൂതമാക്കത്തക്കവണ്ണം അവയെ സഫലങ്ങളാക്കി എല്ലാ പുണ്യങ്ങളുടേയും അ

ഭ്രംസനത്താൽ സജ്ജീകരിക്കുന്നതിലേക്കു ദൈവദാനങ്ങളുടെ പാത്രിയായ പരിശുദ്ധ കന്യകയുടെ സങ്കേതം തേടുവാൻ ആവശ്യമായിരിക്കുന്നുവെന്നതിൻെറ സുസ്പഷ്ടമായ ഒരു തെളിവ് ഇതുതന്നെയാകുന്നു.

15.) പരമനാഥയുടെ കാരുണ്യത്താൽ സാംഗോപാംഗത്തിൻെറ അസുലഭമായ പദവിയിൽ എത്തിയിരിക്കുന്ന പുണ്യാത്മാക്കളിൽ വെച്ചു വി. എജിപ്ത് മറിയത്തെപോലെ ദൈവജനനിയുടെ അതിരററ അനുകമ്പയ്ക്കു പാത്രീഭവിച്ചിട്ടുള്ളവർ വേറെ അധികംപേരുണ്ടെന്നു തോന്നുന്നില്ല. അവൾ പരമനാഥയുടെ നേരെയുള്ള ഭക്തി വഴിയായി സുകൃതവഴ്ധനയിൽ പ്രവേശിക്കുകയും സ്ഥിരതയോടെ അതിനെ പിന്തുടരുകയും ഭാഗ്യമായ വിധത്തിൽ അവസാനിപ്പിക്കുകയും ചെയ്തു ഒരു ഉൽകൃഷ്ട പുണ്യവതിയാണ്. ഈ ഏകോപാധിമൂലം അവൾ കിടന്നിരുന്ന അശുദ്ധതയുടെ ആഴത്തിൽ നിന്നു ഉദ്ധരിക്കപ്പെട്ടു പരിശുദ്ധതയുടെ ഉച്ചസ്ഥിതിയെ പ്രാപിക്കുന്നതിനു സംഗതിയായി. ആ സ്ത്രീ, മനസ്സുതിരിയുന്നതി

റു മുൻപ് സകല ഹൃദയങ്ങളേയും കു
ടുക്കിലാക്കി അവയെ പാപത്തിനും പി
ശാചിനും അടിമപ്പെടുത്തിയിരുന്ന ഒരു
കണിയും അനവധി ആത്മാവുകളെ
കൈവശമാക്കി നരകം നിറയ്ക്കുന്നതിനു
പിശാചിനാൽ ഉപയോഗിക്കപ്പെട്ട ഒ
രു വലയുമായിരുന്നുവെന്നു പരസ്യമാ
ണ്. ഒരു ദിവസം അവൾ ശക്തിമത്താ
യ ഒരു ദൈവതോന്നിപ്പു നിമിത്തം വി.
കുരിശിന്റെ തിരുശ്ശേഷിപ്പുകൾ പൊ
തുവണക്കത്തിനായി സ്ഥാപിക്കപ്പെട്ടിരു
ന്ന യരുസലേമിലുള്ള തിരുക്കവറിടത്തി
ങ്കലേക്കു പുറപ്പെട്ടു. ദേവാലയദ്വാര
ത്തിൽ എത്തുകയിൽ അമാനുഷികമായ
ഒരു ശക്തി തന്നെ നിരോധിക്കുന്നതായി
തോന്നുകയും തന്നിമിത്തം അവൾ അ
കത്തു പ്രവേശിക്കുന്നതിനു അപ്രാപ്തയാ
യി തീരുകയും ചെയ്തു. ആ സ്ത്രീ രണ്ടുമൂ
ന്നു തവണ ദേവാലയത്തിന്റെ ഉള്ളി
ൽ കിടക്കുന്നതിനായി പ്രയത്നിച്ചുവെങ്കി
ലും അപ്പോഴെല്ലാം അദൃശ്യമായ ശക്തി
യാൽ പുറകോട്ടു തള്ളപ്പെടുകയാണുണ്ടാ
യത്. ഈ അസാധാരണമായ സംഭവം
മൂലം അവൾ വളരെ പരിഭ്രമിക്കുകയും ത

ന്റെ ദുരാചാരം നിമിത്തം പള്ളിയിൽ കടക്കുന്നതിനു അനുവദിക്കാതെ നീതിമാനായ സർവ്വേശ്വരൻ തന്നെ ബഹിഷ്കരിക്കുകയാണു ചെയ്യുന്നതെന്നു വിശ്വസിച്ചു കഠിനമായി വിഷാദിക്കുകയും ചെയ്തു. ആകയാൽ മാറത്തടിച്ച് അശ്രുപ്രവാഹത്തോടുകൂടി വിലപിക്കയിൽ അവൾ അവിടെ മണ്ഡപത്തിനു സമീപം സ്ഥാപിക്കപ്പെട്ടിരുന്ന പരിശുദ്ധ കന്യകയുടെ ഒരു പ്രതിമയെ കണ്ടു് അതിന്റെ സന്നിധിയിൽ ചെന്നു സാഷ്ടാംഗം ചെയ്തുകൊണ്ടു ഇങ്ങനെ പ്രാർത്ഥിച്ചു. "ഓ! പരിശുദ്ധ ദേവമാതാവെ! നിന്നാൽ ഗർഭംധരിക്കപ്പെട്ട ദൈവപുത്രൻ, പാപികളെ മനസ്താപത്തിലേക്കു ആകർഷിപ്പാൻവേണ്ടി മർത്ത്യാവതാരം ചെയ്തു എന്നതിനെ ഓർത്ത് കേവലം നിസ്സഹായിനിയും സകലരാലും പരിത്യജിക്കപ്പെട്ടവളും ദുർഭഗയുമായിരിക്കുന്ന ഈ പാപിയെ ആദരിക്കേണമെ." ഈ അപേക്ഷാനന്തരം ആ സ്ത്രീ തനിക്കു ദേവാലയത്തിൽ പ്രവേശിച്ച് ദൈവത്തോടു സമാധാനപ്പെടുന്നതിനു സംഗതിവന്നാൽ തന്റെ കുററകരമായ സന്തോഷങ്ങളേയും

ലോകമായങ്ങളിലുള്ള ആസക്തിയേയും കൈവിട്ടു ജീവിതത്തെ പൂൎണ്ണമായി നവീകരിക്കുന്നുണ്ടെന്നു വാഗ്ദാനം ചെയ്കയും ചെയ്തു. പിന്നീടു പള്ളിവാതിലൂടെ ചെല്ലുകയിൽ യാതൊരു തടസ്സവുംകൂടാതെ അവൾക്കു അകത്തു പ്രവേശിക്കുന്നതിനു അനുഗ്രഹം സിദ്ധിച്ചു. പരിശുദ്ധ കന്യകയുടെ മാദ്ധ്യസ്ഥ്യം വഴിയായി പൊടുന്നനവെ തനിക്കു ലഭിച്ച ഈ ഭാഗ്യം നിമിത്തം ആ നാഥയുടെ ആദരാനുഗ്രഹങ്ങളിൽ അവൾക്കു ജീവനുള്ള ഒരു വിശ്വാസം അങ്കുരിച്ചു. ആകയാൽ അവൾ പരമനായികയുടെ തൃപ്പാദാന്തികത്തിൽ വീണ്ടുംവീണ്ടും പ്രണമിച്ച് ദൈവജനനിയുടെ വക്ഷസ്സിൽ തന്നെ മുഴുവൻ ഭരമേല്പിച്ചുകൊണ്ടു വി. മറിയത്തെ തൻെറ മദ്ധ്യസ്ഥയും മാതാവും മാൎഗ്ഗദൎശിനിയുമായി തെരിഞ്ഞെടുത്തു. സ്വൎഗ്ഗരാജ്ഞിയും അവളെ സ്വഹസ്തങ്ങളാൽ ആശ്ലേഷിച്ചു ചുംബിക്കുകയും തൻെറ ആദരചിഹ്നമായ തിരുവസ്ത്രത്താൽ അസ്ത്രീയെ മൂടുകയും ചെയ്തു. അനന്തരം ദേവമാതാവിൻെറ സംരക്ഷയാൽ അവൾ പ്രാപിച്ച സുകൃതാഭിവൃദ്ധിയെ പരി

ഗണിക്കുന്നതിനു ആ സ്ത്രീ വിജനവും അ
പരിചിതവുമായ മണൽപ്രദേശത്തിൽ
കൂടി കടക്കുകയിൽ പതിച്ച പാദമുദ്രക
ളുടേയും പ്രതിക്ഷണം ഉച്ഛ്വസിച്ച നെ
ടുവീപ്പുകളുടേയും നേത്രങ്ങളിൽനിന്നു
ചൊരിഞ്ഞ അശ്രുബിന്ദുക്കളുടേയും ക
ണക്കെടുത്തു ഘോരമായ വനാന്തരത്തി
ൽ അവളോടൊന്നിച്ചു സഞ്ചരിച്ചിരുന്ന
മാലാഖാമാൎക്കു മാത്രമെ സാധിക്കയുള്ളു.
അത്യുഗ്രഹവും അനുതാപാൎഹവുമായ
അവളുടെ പിന്നത്തെ ദീൎഘമായ ഏകാ
ന്തവാസത്തിൽ ആ ഭാഗ്യവതിയുടെ ഏ
ക ഗുരുനാഥയും മാൎഗ്ഗോപദിഷ്ടയും ന
മ്മുടെ അമ്മയായ പരിശുദ്ധ മറിയംതന്നെ
ന്നെയായിരുന്നു. ഈ പരമനാഥയുടെ
ഏതാദൃശമായ നടത്തിപ്പു വഴിയായി ന
രകം ആ സ്ത്രീക്കെതിരായി കൊണ്ടുവ
ന്നിരുന്ന ഭീകരങ്ങളായ തന്ത്രപ്രയോഗ
ങ്ങളേയും അതികഠിനമായ അക്രമങ്ങ
ളേയും അവൾ ജയിച്ചടക്കിയിരുന്നുവെ
ന്നും ഹൃദയചാഞ്ചല്യം വരുത്തുന്ന സക
ല ദുൎവ്വിചാരങ്ങളേയും ബലക്ഷയത്തിന
ടുത്ത സ്വഭാവത്തിന്റെ നിരോധനങ്ങ
ളേയും സധൈൎയ്യം കീഴ്പെടുത്തി ഉ

ത്തമ മനസ്താപത്തിൻേറയും ഉന്നത പരി ശുദ്ധതയുടേയും ഒരു ഉൽകൃഷ്ടമാതൃകയെ ലോകത്തിനു കാണിച്ചുകൊടുത്തുകൊണ്ടു ൧൭ വഷങ്ങളോളം പുണ്യപദ്ധതിയിൽ സുസ്ഥിരയായി വത്തിച്ചുവെന്നും പറയ പ്പെട്ടിരിക്കുന്നു. ഈ വസ്തുത ആലോചി ക്കുമ്പോൾ ഒരാത്മാവു് എത്രതന്നെ പാ പിഷ്ഠമായിരുന്നാലും അതിനെ ക്രിസ്തീയ സാംഗോപാംഗത്തിൻെറ ഉച്ചസ്ഥിതിയി ൽ പ്രവേശിപ്പിക്കുന്നതിനു് പരിശുദ്ധ മറിയത്തിൻെറ നേരെയുള്ള ഭക്തിയേ ക്കാൾ ഫലപ്രദവും സാരാവഹവുമായ പോംവഴി വേറെ യാതൊന്നുമില്ലെന്നു സർവ്വോപരി വ്യക്തമാകുന്നുണ്ടു്.

# നാലാം അദ്ധ്യായം.

## പുണ്യപൂൎണ്ണത പ്രാപിക്കുന്നതിനു പരിശുദ്ധ കന്യകയുടെനേരെയുള്ള ഭക്തി ആവശ്യമാണെന്നു തെളിയിക്കുന്ന മററു ചില ന്യായങ്ങൾ.

16.) സന്മാൎഗ്ഗജീവിതത്തിൽ സു കൃതികൾക്കു നേരിടുന്ന വലിയ വിഘ്നങ്ങൾ അവരുടെ പുണ്യവൎദ്ധനയെ തടുക്കുന്നതിനായി പിശാചു പ്രയോഗിക്കുന്ന അനവധി തന്ത്രങ്ങളും പരീക്ഷകളും ആണെന്നുള്ളതിനു തൎക്കമില്ല. സുകൃതപൂൎണ്ണതയെ പ്രാപിക്കുന്നതിനുള്ള മാൎഗ്ഗത്തിൽ പിശാചു് കവർച്ചക്കാർ, ഘാതകന്മാർ മുതലായവരെപ്പോലെ പതിയിരിക്കുന്നുവെന്നു വി. ഗ്രിഗോരിയോസ് പറയുന്നു. അവിടെ ഒളിച്ചിരുന്നുകൊണ്ടു അവർ ഭക്തിയുള്ള ആത്മാവുകളുടെ മേൽ ചാഞ്ഞുവീഴുകയും അവരുടെ ക്രൂരതരമായ ആക്രമണംകൊണ്ടു പലരേയും ഘാ

രമായി ഉപദ്രവിക്കുകയും ചെയ്യുപതിവാണ്. ഏതൻമൂലം പുണ്യാത്മാക്കളിൽ ചിലർ ഈ നരകശത്രുക്കളുടെ കഠിനമായ നിരോധനത്തെ ഭയന്നു മുന്നോട്ടു നടക്കാതെ പിൻവാങ്ങുകയും മറ്റു ചിലർ നേർവഴിയിൽ നിന്നു തെറ്റിപ്പോകയും വേറെ ചിലർ ആ ദുഷ്ടാരൂപികളാൽ ഗൂഢമായി തയാറാക്കപ്പെട്ട കുഴിയിലേക്കു അധോമുഖമായി പതിക്കുകയും ചെയ്യുന്നു. വിശുദ്ധ അന്തോനീസിനുണ്ടായ ഒരു ദിവ്യദശ്നം മേല്പറയപ്പെട്ട സംഗതികളെ തെളിയിക്കുന്ന വിശ്വാസ്യമായ ഒരു സാക്ഷ്യമാകുന്നു. ഏജിപ്ത്കാരനായ ഈ വിശുദ്ധൻ ഒരിക്കൽ സൂക്ഷമില്ലാത്ത ആത്മാവുകളെ കുടുക്കിലാക്കുന്നതിനായി നരകശത്രുക്കൾ വിരിച്ചിരിക്കുന്ന കണികൾകൊണ്ടു ലോകം മുഴുവൻ മൂടപ്പെട്ടിരിക്കുന്നതായി കണ്ടു. എന്നാൽ ഹബക്കുക്ക് എന്ന ദീഘദശി പ്രവചിച്ചിരിക്കുന്നതുപോലെ പിശാചു അത്യാശയോടെ അന്വേഷിക്കുന്ന ഇര പുണ്യപൂണ്ണത പ്രാപിപ്പാനാഗ്രഹിക്കുന്ന നന്മനസ്സുള്ള ആത്മാവുകളാകയാൽ അവയെ സ്വാധീകരിക്കുന്നതിനായിട്ടാണ് ആ ക

ണികളിൽ അധികഭാഗവും വശ്യപ്പെട്ടിരിക്കുന്നതെന്നുള്ള കാൎയ്യംപരമാൎത്ഥമാണ്. ഭയങ്കരന്മാരായ ഈ ശത്രുക്കളാൽ നാലുപാടും ചുററപ്പെടുക നിമിത്തം പുണ്യാത്മാക്കൾ അവിശ്വാസം, മിത്ഥ്യാസ്തുതി, അഹങ്കാരം, പക, മോഹം, ശരണക്കേടു മുതലായ ദുൎഗ്ഗുണങ്ങളാൽ വശീകരിക്കപ്പെട്ട് പുണ്യപൂൎണ്ണതയെന്നല്ല, നിത്യരക്ഷയെക്കൂടി നശിപ്പിക്കത്തക്ക അപകടസ്ഥിതിയിൽ ആയിപ്പോകുന്നു.

17.) ഇപ്രകാരം വലിയ വിപത്തുകളാലും വിഘ്നങ്ങളാലും നിറയപ്പെട്ട ഒരു വഴിയിലൂടെ നന്മനസ്സുള്ള ആത്മാവുകളെ ക്രിസ്തീയ പുണ്യപൂൎണ്ണതയാകുന്ന മഹാഗിരിയിലേക്കു ആരോഹിക്കുന്നതാരാണു? "അതു വിശുദ്ധ മറിയത്തിൻെറ തൊഴിലാകുന്നു" എന്നുള്ള വിശുദ്ധ ജന്മാനോസിൻെറ ഉത്തരമത്രെ ഈ ചോദ്യത്തിനുള്ള മറുപടി. നാം ആ നാഥയുടെ തിരുനാമം വിളിച്ചപേക്ഷിക്കുന്ന പക്ഷം പിശാചുക്കളുടെ ആക്രമണങ്ങളിൽ നിന്നു അവൾ നമ്മെ രക്ഷിക്കുകയും ആ ദുഷ്ടാത്മാക്കളുടെ ഭയങ്കരമായ നിരോധങ്ങളിൽ നിന്നകററുകയും ചെ

യ്യാതിരിക്കയില്ല. നരകശത്രുക്കൾ ന മ്മോടു മല്ലിടുന്നതിനായി ഒന്നിച്ചുകൂടു മ്പോഴെല്ലാം അവരെ ചിതറിച്ചോടിക്കു ന്നതു വിശുദ്ധ കന്യകയാകുന്നു. നമ്മെ നശിപ്പിക്കുന്നതിനുവേണ്ടി അവർ ശ്രദ്ധ മായി വിരിച്ചുവെക്കുന്ന കണികളെ തക ർത്തു പൈശാചിക തന്ത്രങ്ങളുടെ മദ്ധ്യേ കൂടി നമ്മുടെ ആത്മാവുകളെ നേർവഴി കാണിച്ചു പുണ്യപൂർണ്ണതയുടെ അഗ്രഭാഗ ത്തേക്കു നിർബാധം നയിക്കുന്നവളും ആ പരമനായികതന്നെ. ഇത്ര മഹത്തമ മായ ഈ ഉദ്യോഗം പ്രത്യേകിച്ചു മറി യത്തിനു സ്വന്തമായിരിക്കുന്നതെങ്ങനെ യെന്നും അവൾ നമ്മുടെ ആത്മരക്ഷയു ടേയും സാംഗോപാംഗത്തിൻേറയും ശ ത്രുക്കളെയെല്ലാം തോല്പിക്കുന്നതു തൻെറ തൊഴിലായി കരുതുന്നതു എന്തുകൊണ്ടാ ണെന്നും ഉള്ള ചോദ്യത്തിനു മറുപടി പറവാൻ അധിക ദൂരം തിരിയേണ്ട ആ വശ്യമില്ല. നമ്മുടെ ശത്രുക്കളുടെ അ തിക്രമങ്ങൾക്കെതിരായി നമ്മേ സഹായി ക്കുന്നതിന്ന് ലോകാരംഭം മുതൽ ദൈവ ത്താൽ നിയുക്തയായ ധൈര്യവതിയാ ണ് പരിശുദ്ധ ജനനി. "നീയും സ്ത്രീ

യും തമ്മിലും അവളുടേയും നിൻേറയും സന്തതികൾ തമ്മിലും ബദ്ധശത്രുക്കളായിരിക്കത്തക്ക ഒരു ദേഷത്തെ ഞാൻ നിങ്ങളിൽ സ്ഥാപിക്കും. ആകയാൽ അവൾ നിൻെറ തലയെ തകക്കുകയും ചെയ്യും" എന്നു പറുദീസായിൽവെച്ചു ദൈവം നരകസപ്പത്തോടു അരുളിച്ചെയ്തിട്ടുണ്ടല്ലൊ. എന്നാൽ നരക തന്ത്രങ്ങളെ ഭയപ്പെടാതെയും അതിൻെറ വിഷത്തെ ഗണ്യമാക്കാതെയും ശത്രുവിൻെറ ശിരസ്സിനെ പാടനം ചെയ്യത്തക്ക ധൈയ്യമുള്ള ആ സ്ത്രീരത്നം ആരായിരിക്കും? ജയിക്കപ്പെടാൻ കഴിയാത്ത ഒരു സ്ത്രീയുടെ പാദാഹതിയാൽ കിഴടക്കപ്പെട്ട സപ്പം ഏതാകുന്നു? ആ ധിരയായ സ്ത്രീരത്നം പ: കന്യകയും സപ്പം നിത്യശത്രുവായ പിശാചുമല്ലാതെ വേറെ യാതൊരുത്തരുമല്ലെന്നുള്ള പി. ബെണ്ണർദോസിൻെറ വാക്യംതന്നെ ഈ ചോദ്യത്തിനു മതിയായ ഉത്തരമാണു്.

18.) ആകയാൽ നമ്മുടെ സുകൃതാഭിവൃദ്ധിയെ തടുക്കുന്നതിനായി പിശാചു് പ്രയോഗിക്കുന്ന വിവിധങ്ങളായ കാപട്യങ്ങളേയും തന്ത്രങ്ങളേയും ജയി

ച്ചമത്തുന്നതിനു പരിശുദ്ധ മറിയത്തി ൻെറ നേരെയുള്ള ഭക്തിയും പരീക്ഷക ളിൽ അവളുടെ സഹായം തേടുന്നതിനു ള്ള ധൈൎയ്യവും മാത്രമാണ് അത്യധി കം ഫലപ്രദങ്ങളായ പോംവഴികൾ എന്നു വ്യക്തമാകുന്നുണ്ട്. മറിയം നമ്മു ടെ പരിത്രാണത്തെ ഭരമേല്പിക്കുന്നുവെങ്കി ൽ (അവൾ ഇതു സാക്ഷാൽ കയ്യേല്ക്കു ന്നുമുണ്ട്.) അവളുടെ ആനുകൂല്യംതന്നെ നമ്മുടെ ശത്രുക്കളുടെ സകല ശസ്ത്രങ്ങ ളേയും തടുക്കുന്നതിനു ധാരാളം ബലമു ള്ള ഒരു പരിചയാണ്. അവരെയെ ല്ലാം ഓടിച്ചു ചിതറിക്കുന്നതിനു അവൾ മാത്രം വേണ്ടുവോളം മതിയായിരിക്കു ന്നു. അത്രതന്നെയുമല്ല നരകം ആകപ്പാ ടെ നമ്മോടു മല്ലിടുന്നതിനായി ഇളകി പുറപ്പെട്ടാലും ദേവമാതാവിൻെറ കടാ ക്ഷം നമുക്കുണ്ടെന്നുവരുകിൽ പുണ്യവ ൎദ്ധനയിൽ നമുക്കു യാതൊരു ന്യൂനതയും സംഭവിക്കുന്നതല്ല. നമ്മുടെ സൎവ്വശത്രു ക്കളുടേയും അപജയം ഈ അമ്മയുടെ വിജയത്തിനായി സമൎപ്പിക്കപ്പെട്ടിരിക്കു ന്നു. അവൾ നമുക്കുവേണ്ടി യുദ്ധംചെ യ്യുന്നെങ്കിൽ ജയലാഭം നിശ്ചയമാണ്.

ഏതൻമൂലം വി. യോഹന്നാൻ ദമശേന എന്ന ദേഹം പറയുന്നതായതു: "ദൈവത്തിൻെറ മാതാവെ! എൻെറ ശരണം മുഴുവൻ നിന്നിൽ സംഗ്രഹിച്ചിരിക്കയാൽ നിന്നാൽ ഞാൻ അുദരിക്കപ്പെട്ടും. നീയെന്നെ കടാക്ഷിക്കുന്നതിനാൽ ഒന്നിനേയുംഞാൻ ഭയപ്പെട്ടുകയില്ല, നിൻെറ സംരക്ഷയേയും ശക്തിമത്തായ സഹായത്തേയും ഞാൻ ഒരു പോർച്ചട്ട പോലെ അണിഞ്ഞുകൊണ്ടു നരക ശത്രുക്കളോടു ഞാൻ യുദ്ധംചെയ്യുകയും അവരെയെല്ലാം തോല്പിച്ചു ഓടിക്കുകയുംചെയ്യും. നിന്നോടുള്ള ഭക്തി, ദൈവത്താൽ തൻെറ ആശ്രിതന്മാക്കു നിത്യ മഹിമ പ്രാപിക്കുന്നതിനുവേണ്ട ഉപകരണമായി നൽകപ്പെടുന്ന വല്ലഭമുള്ള ഒരായുധമാകുന്നു."

19.) ഈ വാക്യങ്ങളിൽ അന്തഭ്വിച്ചിരിക്കുന്ന തത്വത്തെ സ്ഥിരീകരിക്കുന്നതിനായി സംഭ്രുതമായ ഒരു അത്ഭുതവൃത്താന്തത്തെ ഇവിടെ ഉദ്ധരിക്കാം. അതിൽനിന്നു പരിശുദ്ധ കന്യക പിശാചുക്കൾക്കു എത്രമാത്രം ഭയങ്കരിയാണെന്നും സ്വഭക്തന്മാരെ അവരുടെ കുടുക്കുകളി

ൽനിന്നു രക്ഷിക്കുന്നതിനു ഈ നാഥ എ
ത്രമാത്രം ജാഗരൂകയാണെന്നും വായനക്കാ
ൎക്കു ബോധമാകാതിരിക്കയില്ല. ലോകസു
ഖാനുഭോഗങ്ങളിൽ അതിതല്പരനായ ഒ
രു യോദ്ധാവു ആയവ്യയങ്ങളെ പരിഗ
ണിക്കാതെ തനിക്കുള്ള ധനത്തെ ധാരാ
ളമായി ദുർവ്യയംചെയ്തതിനാൽ കാലവി
ളംബംവിനാ സൎവ്വസ്വവും നശിച്ചു അ
ത്യന്തം ദയനീയമായ ദരിദ്രാവസ്ഥയിൽ
ഉൾപ്പെടുന്നതിനിടയായി. സമ്പൽക്കാല
ത്തു അദ്ദേഹത്തിൻെറ വിരുന്നിൽ ഓഹ
രിക്കാരായിരുന്നവരെല്ലാം കഷ്ടാവസ്ഥയു
ടെ സാമീപ്യത്തോടുകൂടി അയാളെ വിട്ടു
കന്നു. ഇപ്രകാരം ആ യോദ്ധാവു കേ
വലം ദുൎഗ്ഗതനായിത്തീൎന്നുവെങ്കിലും അയാ
ളുടെ നിഗളത്തെ അമൎത്തുന്നതിനൊ കു
റയ്ക്കുന്നതിനൊ ദാരിദ്ര്യത്തിനു ലേശം ശ
ക്തിയുണ്ടായില്ല. തന്നിമിത്തം തൻെറ പ്ര
ഭാവത്തിനും മഹിമയ്ക്കും ശ്രേയസ്സിനും അ
നുരൂപമായി ജീവകാലം നയിക്കുന്നതിനു
വേണ്ട പണം സ്വാധീനത്തിൽ ഇല്ലാ
ത്തതിനെ ഓൎത്തു അദ്ദേഹം വിഷാദിച്ചു
കൊണ്ടിരുന്നു. പിശാചു ഈ അവസരം
നോക്കി ഒരിക്കൽ ഒരു വനത്തിൽ വച്ച്

മനുഷ്യരൂപധാരിയായി അയാൾക്കു കാണപ്പെട്ടുകയും ഓരോ സാന്ത്വനങ്ങളാൽ അദ്ദേഹത്തെ ആശ്വസിപ്പിച്ചു ധൈൎയ്യപ്പെടുത്തിയ ശേഷം താൻ പറയുന്ന മൂന്നുടമ്പടികളെ നിൎവ്വഹിച്ചാൽ ആവശ്യപ്പെട്ട ധനവും ഐശ്വൎയ്യവുമെല്ലാം ഉണ്ടാക്കിത്തരാമെന്നു വാഗ്ദാനം ചെയ്കയും ചെയ്തു. അവയിൽ ഒന്നാമത്തേതു, അയാൾ പുണ്യവതിയും പ. കന്യകയുടെ ഒരുത്തമ ഭക്തയുമായ തന്റെ ഭാൎയ്യയുടെ നിത്യരക്ഷ ആ ദുഷ്ടാരൂപിക്കു വില്ക്കണമെന്നുള്ളതായിരുന്നു. രണ്ടാമത്തെ സംഗതി അദ്ദേഹം ദൈവത്തേയും മൂന്നാമത്തേതു ദൈവജനനിയേയും പരിത്യജിക്കണമെന്നുള്ളതുമായിരുന്നു. ഇതു കേട്ടു ഭാൎയ്യയുടെ നിത്യരക്ഷ തന്റെ അധീനത്തിലല്ല ഇരിക്കുന്നതെന്നു ആ യോദ്ധാവു് മറുപടി പറഞ്ഞു. അപ്പോൾ പിശാചു— "നീ അതിനായി വിശേഷിച്ചൊന്നും ചെയ്യണമെന്നില്ല, നാം തമ്മിലുള്ള ഉടമ്പടി നിന്റെ ഭാൎയ്യയെ അറിവിക്കാതെ അടുത്തയാണ്ടിൽ ഇതേദിവസം ആ സ്ത്രീയെ ഇവിടെ കൂട്ടിക്കൊണ്ടുവന്നാൽ മാത്രം മതി. ശേഷമെല്ലാം ഞാൻ നോക്കിക്കൊ

ള്ളാം" എന്നു പറഞ്ഞു. ഇക്കാൎയ്യത്തിൽ യോദ്ധാവിനു വളരെ ഭയവും സംശയങ്ങളും ഉണ്ടായിയെങ്കിലും സമ്പത്തിലും ബഹുമാനത്തിലുമുള്ള അത്യാസക്തി നിമിത്തം അപ്രകാരം സമ്മതിച്ച് ഉടമ്പടി വാചകത്തെ സ്വരക്തംകൊണ്ടെടയാളപ്പെടുത്തി പിശാചിനെ ഏല്പിച്ചു. രണ്ടാമത്തെ ഉടമ്പടിയും മേൽപ്രകാരം സമ്മതിക്കപ്പെടാതിരുന്നില്ല. എന്നാൽ മൂന്നാമത്തെ കാൎയ്യത്തിൽ അയാൾ ഒട്ടുംതന്നെ വഴിപ്പെടാതെ വളരെ തടസ്സം പറകയാൽ പിശാച് വിഷണ്ണനായി ഇനി അധികം നിബ്ബന്ധിച്ചാൽ കിട്ടിയതുകൂടി പോയേക്കാനിടയുണ്ടെന്നു കരുതി ആദ്യത്തെ രണ്ടു ഉടമ്പടികൾകൊണ്ടു തൃപ്തിപ്പെടുകയും "നിങ്ങൾ ആഗ്രഹിക്കുന്നിടത്തോളം വെള്ളിയും പൊന്നും ഭവനത്തിൻെറ ഒരു കോണിൽ കാണപ്പെടും" മെന്നു അയാളോടു ദൃഢമായി പ്രസ്താവിച്ചിട്ടു തിരോധാനം ചെയ്കയുംചെയ്തു.

അനന്തരം വിവേകശൂന്യനായ ആ മനുഷ്യൻ സ്വഗൃഹത്തിൽ എത്തി പരിശോധന ചെയ്കയിൽ പിശാചിൻെറ വാഗ്ദാനം സഫലമായി കാണപ്പെടുകയും

തൻമൂലം അയാൾ വളരെ സന്തോഷി
ക്കുകയും ചെയ്തു. എങ്കിലും പിശാചിനോ
ടു ചെയ്തിട്ടുള്ള ഉടമ്പടിയെ ഓൎത്തു അത്യ
ധികം ചഞ്ചലപ്പെടാതിരുന്നില്ല. തനിക്കു
ണ്ടായ ധനലാഭത്തെപ്പററി പുറമേ പ്ര
സ്താവിക്കുന്നതിനു അയാളുടെ നിഗളം
പ്രതിബന്ധമായിരുന്നു. ഇങ്ങനെ ഒരു വ
ൎഷം കഴിഞ്ഞ ശേഷം സാത്താനോടു ചെ
യ്ത ഒന്നാമത്തെ ഉടമ്പടി നിറവേററുന്നതി
നുള്ള ദിവസം വരുകയാൽ അദ്ദേഹം
തന്നോടൊന്നിച്ചു ഒരു യാത്ര ചെയ്യുന്ന
തിനു തയാറാകുവാൻ ഭാൎയ്യയെ ആജ്ഞാ
പിച്ചു. മറിയമെന്നു പേരായ ആ സ്ത്രീ
സ്വഭൎത്താവിൻെറ നടപടികളും മററും
കണ്ടു വളരെ സംശയിക്കയും വ്യസനി
ക്കുകയും ചെയ്തിരുന്നുവെങ്കിലും അദ്ദേഹ
ത്തോടു എങ്ങോട്ടാണ് യാത്ര നിശ്ചയി
ച്ചിരിക്കുന്നതെന്നു ചോദിക്കാൻ തുനിയാ
തെ വിശേഷ വസ്ത്രങ്ങളും മററും ധരി
ച്ചു വിനീതയായി ഇറങ്ങി പുറപ്പെട്ടു. എ
ന്നാൽ ദൈവഭക്തയായ ആ സ്ത്രീ ഭവന
ത്തിലുണ്ടായിരുന്ന പരിശുദ്ധ ജനനിയു
ടെ ഒരു സ്വരൂപത്തിൻ മുമ്പാകെ ചെ
ന്നു സാഷ്ടാംഗം ചെയ്തു അവളെ പൂൎണ്ണമാ

യി ദേവമാതാവിനു സമപ്പിക്കുകയും അ പ്രതീക്ഷിതവും അനിഷ്ടവുമായ ആ യാത്ര യിൽ വേണ്ട സഹായങ്ങൾ ചെയ്യണമെ ന്നു തീഷ്ണമായി പ്രാത്ഥിക്കുകയും ചെയ്തു കൊണ്ടാണ് അവിടെനിന്നും തിരിച്ച ത്. ഈ ദമ്പതിമാരുടെ പ്രയാണ മാഗ്ഗ ത്തിനിടയ്ക്കു പരിശുദ്ധ കന്യകയുടെ ഒ രു ദേവാലയമുണ്ടായിരുന്നതിനാൽ മാ താവിൻെറ വലിയ ഭക്തയായിരുന്ന ആ സ്ത്രീ പരമനായികയെ വണങ്ങുന്നതി നായി വാഹനത്തിൽനിന്നിറങ്ങി. എ ന്നാൽ ഭത്താവായ യോദ്ധാവാകട്ടെ കു തിരയെ പിടിച്ചുകൊണ്ടു വഴിയിൽ ത ന്നെ നിന്നതേയുള്ളു. അവൾ ദേവാ ലയത്തിൽ പ്രവേശിച്ചു നമസ്കരിക്കുക യിൽ പെട്ടെന്നു ഒരു മയക്കം ഉണ്ടാകുക യും ഇന്ദ്രിയങ്ങളെല്ലാം സ്തംഭിക്കുകയും ചെയ്കയാൽ ആ സ്ത്രീ മുട്ടുകുത്തിയിടത്തു ഒരു ശിലാസ്തംഭംപോലെ നിശ്ചലയായി വത്തിച്ചു. തൽക്ഷണം വിസ്മാപകമായ ഒരു സംഭവം നടക്കയുണ്ടായി. അതെ ന്തെന്നാൽ പരിശുദ്ധ കന്യകതന്നെ ആ സ്ത്രീയുടെ ബാഹ്യവേഷം ധരിച്ചു ദേവാ ലയത്തിൽ നിന്നു പുറപ്പെട്ടുകയും യോ

ദ്ധാവു ഈ മാററം മനസ്സിലാക്കാതെ അവളെ സദയം കുതിരപ്പുറത്തു കയററി യാത്ര പിന്തുടരുകയും ചെയ്തു. നിശ്ചിതസ്ഥലത്തു എത്തിയപ്പോൾ പിശാചും അവിടെ കാണപ്പെട്ടു. യോദ്ധാവിനോടുകൂടി ഉണ്ടായിരുന്ന സ്ത്രീയെ ദശിക്കുകയിൽ സാത്താൻ പട്ടിയെപ്പോലെ ഓളമിട്ടു പല്ലുകടിക്കുന്നതിനും നഖശിഖാന്തം വിറപ്പിക്കുന്നതിനും തുടങ്ങി. പിന്നീടു അവൻ യോദ്ധാവിനോടു അയ്യോ! വിശ്വാസ്യനല്ലാത്ത ദ്രോഹി! നിൻെറ ഭാൎയ്യ എന്നോടു പ്രവൎത്തിച്ചിട്ടുള്ള ഉപദ്രവങ്ങളേക്കുറിച്ചു എനിക്കു പ്രതിക്രിയ ചെയ്യുന്നതിനു അവളെ എൻെറ പക്കൽ കൊണ്ടുവരേണ്ടതിനുപകരം എൻെറ കൊടിയ ശത്രുവായ ദൈവത്തിൻെറ മാതാവിനേയൊ നീ ആനയിപ്പിച്ചിരിക്കുന്നത് എന്നിങ്ങനെ പറഞ്ഞു് അട്ടഹസിച്ചു. അപ്പോൾ പരിശുദ്ധ കന്യക അരുളിച്ചെയ്തതായതു്: "ദുഷ്ടാത്മാവിൻ! നീ മൌനമുദ്ര അവലംബിക്കുക. എൻെറ ഭക്തരിൽ ഒരാളെ ഉപദ്രവിക്കുന്നതിനു നീ സന്നദ്ധനായതെന്തുകൊണ്ടു്? നിൻെറ ഈ ക്ഷന്തവ്യമല്ലാത്ത

ഉഗ്രമം ശിക്ഷിക്കപ്പെടാതിരിക്കയില്ല. ആ
കയാൽ ക്ഷണേന നരകപാതാളത്തി
ലേക്ക പിന്തിരിഞ്ഞുകൊൾക. എന്നെ
ഭക്തിപൂൎവ്വം വണങ്ങി വിശ്വാസത്തോ
ടുകൂടി സഹായം പ്രാൎത്ഥിക്കുകയും എ
ന്റെ ആദരവിൽ വസിക്കുകയും ചെ
യ്യുന്നവരിൽ ആരേയും ദ്രോഹിക്കുന്നതി
നു ഇനി നീ ഒരിക്കലും തുനിയരുതു."
ഈ വാക്കുകളെ ശ്രവിച്ച മാത്രയിൽ പി
ശാച് കൎണ്ണാരുന്തുദമായ നിലവിളി
യോടുകൂടി തിരോഭവിച്ച് അവന്റെ
അതിസാഹസമായ പ്രവൃത്തിക്കുള്ള ശി
ക്ഷ അനുഭവിക്കുന്നതിനായി നരകാഗ്നി
യിലേക്ക പിന്തിരിഞ്ഞു. തദനന്തരം പ
രമനായിക ആ യോദ്ധാവിന്റെ അ
ഹംമതിയേക്കുറിച്ച് അയാളെ കഠിനമാ
യി ശാസിച്ചുകൊണ്ടു സ്വന്ത ഭാൎയ്യയുടെ
സമീപത്തേക്ക പൊയ്ക്കൊള്ളുന്നതിന്
നിയോഗിക്കയും അദ്ദേഹം ഭയപാരവ
ശ്യത്താൽ വിറച്ചുകൊണ്ടു ദേവാലയ
ത്തിൽ ഗാഢനിദ്രയിൽ സ്ഥിതിചെയ്യുന്ന
തന്റെ പ്രേയസിയുടെ അരികിലെത്തി
സുഖസുഷുപ്തിയിൽനിന്നു അവളേയും പാ
പത്തിന്റെ മരണഹേതുകമായ മയക്ക

ത്തിൽനിന്നു തന്നെതന്നെയും ഉണൎത്തുക യും ചെയ്തു. ഈ അത്ഭുതപൂൎവ്വമായ സം ഭവത്തിൽനിന്നു പരിശുദ്ധ കന്യക പി ശാചുക്കൾക്കു എത്രമാത്രം ഭയകാരിണി യാണെന്നും അസാമാന്യമായ അസൂയ യോടുകൂടി പ്രസ്തുത സ്ത്രീയെ വഞ്ചിപ്പാ ൻ ശ്രമിച്ച സാത്താൻെറ നിഗൂഢ തന്ത്ര ങ്ങളിൽ നിന്നു അവളെ രക്ഷിപ്പാൻവേ ണ്ടി സ്വമഹത്വത്തെ മറച്ചു ആത്മാനു ഷിയുടെ വേഷംകൂടി ധരിക്കുന്നതിനു മനസ്സായതിനാൽ തൻെറ ഭക്തന്മാരെ പിശാചുക്കളുടെ ആക്രമണങ്ങളിൽ നി ന്നു രക്ഷിക്കുന്ന കാൎയ്യത്തിൽ നമ്മുടെ ദിവ്യജനനി എത്രമാത്രം സശ്രദ്ധയാ ണെന്നും നമുക്കു വ്യക്തമായി ഗ്രഹിക്കാ വുന്നതാണ്.

20.) ഇതുവരെ വിവരിച്ച സംഗ തികൾക്കു ഒരു കിരീടമെന്നപോലെ വി. ബൊനവഞ്ചുരായുടെ ഒരു ഭക്തചിന്തയേ കൂടി ഉദ്ധരിച്ചുകൊണ്ട് ഈ അദ്ധ്യായം അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു. ഈ വിശുദ്ധൻ ഏകത്ര അരുളിച്ചെയ്യുന്ന തായതു്. "ജീവിത സമുദ്രത്തിലെ കൊ ടുങ്കാററുകളുടെ മദ്ധ്യേ തുറമുഖമായ നി

ത്യഭാഗ്യത്തിൽ എത്തേണ്ടതിനു കുരിശിൽ തൂങ്ങിയിരിക്കുന്ന മ്ശിഹായുടെ അനുകരണം, താരകമായ മറിയത്തിന്റെ ദൃഷ്ടാന്തം എന്നിങ്ങനെ അപകടമററ രണ്ടു വഴികൾ ഉണ്ടു്. ഇവയിൽ ആദ്യമാർഗ്ഗത്തിൽകൂടി രണ്ടാമതായി പറയപ്പെട്ട നക്ഷത്രത്തെ അനുഗമിച്ചു പുറപ്പെടുന്നതാരോ അവൻ നിശ്ചയമായി മോക്ഷം പ്രാപിക്കുകയും മഹിമയുടെ ഒരു ഉന്നത പദത്തിൽ എത്തുകയും ചെയ്യുന്നതാകുന്നു.”

## അഞ്ചാം അദ്ധ്യായം.

### പ. കന്യകയോടുള്ള പരമാർത്ഥമായ ഭക്തിയുടെ സ്വഭാവം.

21.) നാണയങ്ങളിൽവെച്ചു് ഏററം വിലയേറിയവയിലും അമൂല്യങ്ങളാ

യ രത്നങ്ങളിലും വ്യാജനിൎമ്മിതിയുടെ ലക്ഷ്യം ധാരാളം കാണപ്പെട്ടുന്നതുപോലെ പരിശുദ്ധ കന്യകയോടുള്ള ഭക്തി സാമ്രാജ്ഗിക പുണ്യങ്ങളിൽവെച്ചു എത്ര യും ഉൽകൃഷ്ടമായിട്ടുള്ളതും മേൽപറയപ്പെട്ട പ്രകാരം നമ്മുടെ ആത്മിക ഗുണാഭിവൃദ്ധിക്കു തുലോം പ്രയോജകീഭവിക്കുന്നതുമാകയാൽ ഇതിൽ അനവധി തട്ടിപ്പുകൾ ഉണ്ടാകുന്നതിനു എളുപ്പമുണ്ട്. അതെങ്ങനെയെന്നുവെച്ചാൽ, പ്രസ്തുത ഭക്തിയുടെ സാക്ഷാലുള്ള സ്വഭാവത്തിനു തിരെ പ്രതിക്രൂലവും മാനുഷികമായ ദുൎവ്വാസനകൾക്കു അനുരൂപവുമായ വിധത്തിൽ അതിനെ വ്യാഖ്യാനിക്കുന്നവരുടെ ദുഷ്ടതയോ അഥവാ ഈ ഭക്തിയിൽ നിന്നുണ്ടാകുന്ന ആത്മികഫലങ്ങളെ തടുക്കുന്നതിനായി അതേസംബന്ധിച്ച് കപടവും തെററായതുമായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള പിശാചിന്റെ ദുഷ് പ്രേരണയോ നിമിത്തം ദൈവജനനിയോടുള്ള ഭക്തിയിൽ വലരും വഞ്ചിക്കപ്പെടുന്നു. ഇങ്ങനെ വരാതിരിപ്പാൻവേണ്ടി മുകളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള രക്ഷാകരമായ പ്രയോ

ജനങ്ങളെ വിതരണംചെയ്യുന്ന മാതൃഭക്തിയുടെ നിഷ്കളങ്കമായ ലക്ഷണം എന്തെല്ലാമെന്നു ഇവിടെ വിവരിച്ചു കാണിക്കുന്നതു ആവശ്യകമത്രേ.

22.) വേദപാരഗന്മാരിൽ ഒരാളായ വി. തോമ്മാ ദൈവഭക്തിയെക്കുറിച്ചു എഴുതിയിട്ടുള്ള വിവരണത്തിൽ "അതു സർവ്വേശ്വരൻെറ ആരാധന, വണക്കം, ശുശ്രൂഷ എന്നിവയെ സംബന്ധിച്ചുള്ള സകല കൃത്യങ്ങളേയും നിർവ്വഹിക്കുന്നതിനുള്ള മനസ്സിൻെറ സാന്നിദ്ധ്യത്തിൽ അടങ്ങിയിരിക്കുന്നു" എന്നു പറയപ്പെട്ടുകാണുന്നു. സൽപ്രവൃത്തികളൊന്നും ചെയ്യാതെ വരപ്രസാദത്തിൽ നിന്ന് എന്നതിനേക്കാൾ സാമാന്യേന സ്വാഭാവിക ഗതിയിൽനിന്നു പുറപ്പെടുന്ന ഓരോ സദ്വിചാരങ്ങളും പക്ഷങ്ങളും തന്നെയാണു ഭക്തിയുടെ ആസ്ഥാനമെന്നു കരുതുന്നത് എത്രമാത്രം തെററായ ഒരു അഭിപ്രായമാണെന്നു പ്രസ്തുത ലക്ഷണോക്തികൊണ്ടു വിശദമാകുന്നുണ്ട്. വി. തോമ്മായുടെ ഈ ഉപദേശത്തെ പ്രകൃതവിഷയത്തോടു യഥാക്രമം സംഘടിപ്പിക്കുന്നതായാൽ പ. മറിയത്തോടുള്ള ഭ

ക്തി അവൾക്കു ശുശ്രൂഷചെയ്യുന്നതിനും അവളെ വണങ്ങുന്നതിനും ഉള്ള മനസ്സിന്റെ ഒരുക്കത്തിലാണു അടങ്ങിയിരിക്കുന്നതെന്നു പറയാം. എന്നാൽ ദൈവജനനിക്കു പരികൎമ്മം ചെയ്യുന്നതിലുള്ള മനസ്സാന്നിദ്ധ്യവും അതിലേക്കുള്ള താല്പൎയ്യവും പ്രാവാസികം (Negative) സാമീപകം (Positive) എന്നിങ്ങനെ രണ്ടു വിധത്തിലായി പരിണമിക്കാൻ പാടുണ്ട്.

23.) പ്രാവാസികമായ ശുശ്രൂഷ അഥവാ വണക്കം സ്വൎഗ്ഗരാജ്ഞിയെ കഠിനമായി ദുഃഖിപ്പിക്കുന്ന സകല കുറ്റങ്ങളിൽ നിന്നും അവളുടെ ദിവ്യപുത്രനു വിരുദ്ധമായ എല്ലാ പാപങ്ങളിൽനിന്നും അകന്നുജീവിക്കുന്നതിൽ നിക്ഷിപ്തമായി വിചാരിക്കാം. ഒരു രാജ്ഞിയുടെ പുത്രനെ അപായപ്പെടുത്തുന്നതിനായി ദുരാലോചനചെയ്തുകൊണ്ടു ആ സ്ത്രീയെ അത്യധികം പീഡിപ്പിക്കുന്ന ഒരുവൻ അവളുടെ വിശ്വസ്ത ശുശ്രൂഷിയാണെന്നു നടിക്കുന്നതു കേവലം നിഷ്ഫലമായിരിക്കുന്നതുപോലെ, ചാവുദോഷം മൂലം പ. മറിയത്തിന്റെ ദിവ്യകുമാരനായ മ്ശിഹാകൎത്താവിന്റെ കഷ്ടാനുഭവങ്ങളേയും

മരണത്തേയും നവീകരിച്ച ആ നാഥ
യുടെ അപ്രീതിക്ക പാത്രീഭൂതനായിത്തി
രുന്നവൻ അവളുടെ ഭക്തനെന്നുള്ള നാ
മത്തിനു അർഹനായി വരുന്നതല്ലല്ലൊ.
വി. ദാവീദ് അയാളോടെതിർത്തു കി
രീടം കരസ്ഥമാക്കാൻ ശ്രമിച്ച അബ്
സാലോം എന്നു പേരായ സ്വപുത്രനോ
ട നേരിട്ടു യുദ്ധംചെയ്യുന്നതിനായി പുറ
പ്പെട്ട പടയാളികളോട ഇപ്രകാരം ക
ല്പിച്ചു. "എൻെറ സ്നേഹിതന്മാരെ! നി
ങ്ങൾ നിർഗ്ഗമിക്കുവിൻ, ധീരന്മാരായ യോ
ദ്ധാക്കളെ! നിങ്ങൾ നിശ്ശങ്കം എതിരി
ട്ട ശത്രുക്കളെ വാളിന്നിരയാക്കുവിൻ, എ
ന്നാൽ എൻെറ പ്രിയപ്പെട്ട പുത്രനായ
അബ്സാലോമിനെ ഉപദ്രവിക്കുകയൊ
ആയുധങ്ങൾകൊണ്ടു അവനെ സ്പർശിക്കു
കയൊ ചെയ്യരുതേ; അവൻ ഒ
രു മത്സരക്കാരനും രാജദ്രോഹിയുമാണെ
ന്നു എനിക്കറിയാം. എങ്കിലും അവൻ എ
ൻെറ പുത്രൻതന്നെയാകുന്നു." പ. ക
ന്യക ഇതേക്കാൾ എത്രയും വലിയ ന്യാ
യങ്ങളോടെയാണ് തൻെറ ഭക്തന്മാരു
ടെ ഗണത്തിൽ ചേരുവാൻ ആഗ്രഹിക്കു
ന്നവരോട പ്രഥമതഃ സ്വപുത്രനായ മ്ശി

ഹായെ ഉപദ്രവിക്കുന്ന കാൎയ്യങ്ങളിൽ നി
ന്നു പിന്മാറണമെന്നു ആവശ്യപ്പെടുന്ന
തു്. അവരോടു സ്വൎഗ്ഗരാജ്ഞി ഇങ്ങ
നെ പറയുന്നു: "എൻെറ ക്രിസ്തീയ മിത്ര
ങ്ങളെ! നിങ്ങൾ എന്നെ സ്നേഹിക്കുകയും
നമ്മുടെ ഭക്തദാസന്മാരും വിശ്വസ്ത ഭ
ക്തന്മാരും ആകുന്നതിനാഗ്രഹിക്കുകയും
ചെയ്യുന്നുവെങ്കിൽ എൻെറ പുത്രനായ
ഈശോയെ നിങ്ങൾ ചാവദോഷങ്ങൾ
വഴിയായി ഉപദ്രവിക്കരുതെ. അയാൾ
എൻെറ ഉദരത്തിൻെറ ഫലവും ഹൃദയ
ത്തിൻെറ സ്നേഹപാത്രവുമാകുന്നു. അയാ
ൾക്കു വിരുദ്ധമായി നിങ്ങളാൽ ചെയ്യ
പ്പെടുന്ന സകല പാപകൎമ്മങ്ങളും എ
ന്നെ അത്യന്തം വ്യസനിപ്പിക്കുന്നവയാണ്.
ആകയാൽ അദ്ദേഹത്തോടു നിങ്ങൾ ക
ടപ്പെട്ടിരിക്കുന്ന സ്നേഹത്തേയും അയാളു
ടെ മാതാവായ എന്നോടു നിങ്ങൾക്കുള്ള
ഭക്തിയേയുംകുറിച്ചു ദിവ്യകുമാരനെ ഉപ
ദ്രവിക്കുന്നവയായ കാൎയ്യങ്ങളിൽനിന്നു നി
ങ്ങൾ പിൻമാറിക്കൊൾവിൻ." സ്വാശ്രി
തന്മാരിൽനിന്നു ദൈവജനനി ആശി
ക്കുന്ന ഒന്നാമത്തെ വണക്കം അവർ സ
കല ചാവദോഷങ്ങളിൽനിന്നും അക

ന്നു ജീവിക്കണമെന്നുള്ളതാണെന്നു മേൽ പറയപ്പെട്ട വാക്യങ്ങളാൽ അവൾ തന്നെ നമ്മെ വിജ്ഞാപിക്കുന്നു. ഇതിനു വിപരീതമായി വ്യാപരിക്കുന്നവൻ സ്വർഗ്ഗരാജ്ഞിയുടെ ഭക്തിയുള്ള ശുശ്രൂഷികളാണെന്നു വിളിക്കപ്പെടുകയില്ല.

24.) ഒട്ടോനി രാജവംശ്യനും ററസ്ക്കനി (Tuscany) യിലെ ഒരു പ്രഭുവുമായിരുന്ന ഹ്യൂഗ് (Hugh) എന്ന ദേഹത്തിനു സംഭവിച്ച ഒരത്ഭുത വൃത്താന്തം കൊണ്ടു പ്രസ്തുത സംഗതികളുടെ വാസ്തവത്തെ ഒന്നുകൂടി ഇവിടെ വിശദീകരിക്കാം. അദ്ദേഹം വിരില്ലാ എന്ന പേരായ സ്വമാതാവിനാൽ ദൈവഭക്തിയിൽ വളൎത്തപ്പെട്ടകനിമിത്തം ബാലപ്രായം പരിശുദ്ധമായിത്തന്നെ കഴിച്ചുകൂട്ടി. ഇതിലേക്കു പരിശുദ്ധ കന്യകയോടയാൾക്കുണ്ടായിരുന്ന നിഷ്കളങ്കമായ ഭക്തിയും ആനാഥയുടെ മാദ്ധ്യസ്ഥ്യം ലഭിക്കുന്നതിനായി അദ്ദേഹം അനുഷ്ഠിച്ചുവന്ന അനവധി സുകൃതാഭ്യാസങ്ങളും ഒട്ടധികം സഹായമായി ഭവിക്കുകയും ചെയ്തു. ബാല്യദശയിലെ പുണ്യങ്ങൾ, സാമാന്യേന കാലവ്യത്യാസമൊ കൊട്ടുകാരൊ നിമിത്തം

മൃക്കുന്നതിനു മുൻപു് വാടി വീഴുന്ന ധാന്യത്തിൻെറ ഇളങ്കതിരുകൾക്കും ഫലകാലത്തുണ്ടാകുന്ന മുന്തിരിങ്ങാപ്പഴങ്ങൾക്കും തുല്യമാണെന്നാണല്ലൊ പറയപ്പെടുന്നതു്. ആകയാൽ യൌവനാരംഭത്തോടെ അദ്ദേഹം രാജകൊട്ടാരത്തിലെ അവകടങ്ങളും പാപവൃത്തിക്കുള്ള സൌകൎയ്യങ്ങളും വിവിധങ്ങളായ പരീക്ഷകളുടെ കാഠിന്യങ്ങളും മൂലം ഭയങ്കരമായ ദുർവൃത്തികളിൽ പതിച്ചു ഭാഗ്യഹീനനായി തീരുകയും സന്മാൎഗ്ഗജീവിതമാകുന്ന പരിശുദ്ധവസ്ത്രത്തെ മലിനമാക്കുകയും ചെയ്തു. പാപബീജത്തിൻെറ ദുസ്സഹമായ ലഹരിയാൽ അയാൾ ഒരിക്കൽ മയക്കപ്പെട്ട ശേഷം പുണ്യത്തിന്മേലുള്ള താല്പൎയ്യം ആകപ്പാടെ നശിക്കുകയും യൌവനത്തിൽ സംഭവിക്കാവുന്ന സകലവിധ ദുർവൃത്തികളിലും പ്രവേശിച്ചു ദുൎഗ്ഗനായി കാലയാപനം ചെയ്തുവരികയും ചെയ്തു. ഇങ്ങനെ കുറെക്കാലം കഴിഞ്ഞു അതിനിടയ്ക്കു പലപ്പോഴും മനസ്സാക്ഷി അദ്ദേഹത്തെ കഠിനമായി ശാസിക്കാറുണ്ടായിരുന്നു. ഇതു അയാളെ പാപത്തിൻെറ മരണകരമായ മയക്കത്തിൽനിന്നു ഉണൎത്തു

ന്നതിനായി യത്നിച്ചുകൊണ്ടിരുന്ന സ്വ ർഗ്ഗരാജ്ഞിയുടെ ശ്രമങ്ങളായിരുന്നുവെന്നുള്ളതു നിർവ്വിവാദമാണ്. ആ സന്ദർഭങ്ങളിൽ മനസ്സാക്ഷി ഇപ്രകാരം ഉപന്യസിക്കുന്നതുപോലെ ആ മനുഷ്യനു തോന്നിയിരുന്നു: "ഹൃദയമേ! നീ എന്തു ചെയ്യുന്നു; എന്തു വിചാരിക്കുന്നു; നീ നരകത്തിലേക്കുള്ള വഴിയിൽക്കൂടി അതിവേഗം ഓടുകയാണ് ചെയ്യുന്നത്. ഇപ്പോൾ നീ മരിക്കുന്നപക്ഷം നിനക്കെന്തു സംഭവിക്കും? അയ്യൊ! നീയെന്താണ് പ്രവർത്തിക്കുന്നത്, ഹൃദയമേ! നീയെന്തു ചെയ്യും" അയാൾ ഈ വിചാരങ്ങൾക്കു ദീർഘോച്ഛ്വാസത്തോടെ ഇങ്ങനെ മറുപടി സങ്കല്പിച്ചു. "ഞാൻ ഒരു പാപിയാണെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ ഇപ്പോഴും ഞാൻ പ: കന്യകയുടെ ഭക്തന്മാരിൽ ഒരുവനാണല്ലൊ. അവളുടെ സ്തുതിക്കായി പ്രതിദിനം നിർവ്വഹിച്ചുവരുന്ന സൽകർമ്മങ്ങളെയാകട്ടെ ജപങ്ങളെയാകട്ടെ ഒരിക്കലും മുടക്കിയിട്ടില്ല. ആകയാൽ പാപികളുടെ സങ്കേതമായ ആ നാഥ എന്നെ ഉപേക്ഷിക്കയില്ല.

25.) എന്നാൽ ഈ ശരണം അയാ

ൾക്കു നിഷ്ഫലമായിട്ടല്ല പരിണമിച്ചതു്. പിന്നെ എങ്ങനെയെന്നാൽ ദൈവജനനി താഴെ പ്രസ്താവിക്കുംപ്രകാരം ആ മനുഷ്യനെ സഹായിക്കാൻ തിരുവുള്ളമായി. ഒരിക്കൽ അയാൾ, ആർനൊ എന്ന ഒരു താഴ്വരയിൽ നായാട്ടിനായി പോകയും കുന്നുകളിലും കാടുകളിലും മൈതാനങ്ങളിലും കൂടി മൃഗങ്ങളെ അനുധാവനം ചെയ്തുകൊണ്ടു വളരെ നേരം ചിലവാക്കുകയും ചെയ്തു. മദ്ധ്യാഹ്നമായപ്പോൾ ക്ഷീണബാധിതനായി വെയിൽകൊണ്ടു ജ്വരം പിടിപെട്ടു് ദാഹശമനാൎത്ഥം ശുദ്ധജലം പ്രവഹിക്കുന്ന ഒരുറവ തേടി പുറപ്പെട്ടു. തത്സമയം വഴിമദ്ധ്യെ അതിമനോഹാരിണിയായ ഒരു പെൺകുട്ടി കേവലം മലിനവും ദുൎഗ്ഗന്ധം പ്രസരിക്കുന്നതുമായ ഒരു പാത്രത്തിൽ വളരെ രുചികരങ്ങളായ ചില ഫലമൂലാദികൾ വഹിച്ചുകൊണ്ടു നില്ക്കുന്നതു കണ്ടു. ദാഹപീഡിതനായ ആ യുവാവു് അത്യാശയോടെ അവയിൽ വല്ലതും ലഭിക്കുന്നതിനായി കൈനീട്ടിയെങ്കിലും പാത്രത്തിലുള്ള മാലിന്യവും മററും കണ്ടതിനാൽ ഒന്നും തൊടാതെ സാഹസത്തെ പിൻവ

ലിച്ചുകളുകയും അത്യന്തം സ്വാദുകരങ്ങളായ ഈ സാധനങ്ങളെ ഇങ്ങനെയുള്ള ഒരു നീച പാത്രത്തിൽ വെച്ചിരിക്കുന്നതു കഷ്ടംതന്നെയെന്നുച്ചരിക്കുകയും ചെയ്തു. അപ്പോൾ ആ ബാലിക താൻ സാമ്രാജ്ഞിയാണെന്നുള്ള തത്വം അയാൾക്കു വെളിപ്പെടുത്തിക്കൊണ്ടു ഇപ്രകാരം ഉത്തരിച്ചു. "നീ എനിക്കു ചെയ്യുന്ന വണക്കവും നിന്റെ ഭക്തിക്കടുത്ത കൃത്യങ്ങളും ഇതുപോലെയാകുന്നു ഗണിക്കപ്പെടേണ്ടതു്. അവ നല്ലതും സ്തുതിക്കപ്പെടത്തക്കവയുമാണെങ്കിലും നിന്റെ ദൌമ്മാർഗ്ഗികമായ ജീവിതത്താലും അശുദ്ധമായ മനസ്സാക്ഷികൊണ്ടും മലിനമായി തീൎന്നിരിക്കുന്നു. ഞാൻ അവയെ കൈക്കൊള്ളണമെന്നു നീ വിചാരിക്കുന്നതു് എങ്ങനെ? ഹൃഗെ! എന്റെ നിൎമ്മലമായ കടാക്ഷങ്ങൾക്കു പ്രിയപ്പെടുവാൻ നീ പരമാൎത്ഥമായി ആശിക്കുന്നെങ്കിൽ നിന്റെ നടപടികളെ പരിഷ്കരിക്കുക." പ. ജനനിയുടെ ഈ വചനങ്ങൾ പ്രസ്തുത യുവാവിനേയും നമ്മേയും ഒരു നല്ല പാഠം പഠിപ്പിക്കുന്ന ഉപദേശങ്ങളാകുന്നു. എന്തുകൊണ്ടെന്നാൽ നാം അവളുടെ യ

ദ്രാത്ഥ ഭക്തന്മാരാകുവാൻ ആഗ്രഹിക്കുന്നു വെങ്കിൽ ആ നാഥയുടെ സ്തുതിക്കുവേണ്ടി നിവ്വഹിക്കേണ്ടുന്ന ഓരോ സുകൃതാഭ്യാസങ്ങളിലും ജപങ്ങളിലും അടങ്ങിരിക്കുന്ന സാമീപകാരാധനയെ മാത്രം അവിടേക്കു സമപ്പിച്ചാൽ മതിയാകുന്നതല്ല. പ്രത്യുത, സവ്വോപരി ചാവദോഷങ്ങളിൽ നിന്നകന്നിരിക്കുകയെന്നുള്ള പ്രാവാസിക വണക്കത്തെക്കൂടി നാം ദൈവമാതാവിങ്കൽ അപ്പിക്കേണ്ടിയിരിക്കുന്നു.

26.) എന്നാൽ ചാവുദോഷത്തിൽ പതിക്കപ്പെടുന്നവരെല്ലാം പരമനാഥയുടെ ഭക്തഗണത്തിൽനിന്നു തൽക്ഷണം തള്ളപ്പെടുകയും ദൈവജനനിക്കു അവരോടുള്ള വെറുപ്പു നിമിത്തം അങ്ങനെയുള്ളവരെ തന്റെ മാതാവിനടുത്ത ചുംബനത്തിൽനിന്നൊഴിക്കുകയും ചെയ്യുന്നെങ്കിൽ മറിയത്തെ പാപികളുടെ സങ്കേതവും മാതാവുമെന്നു വിളിക്കുന്നതു യുക്തമാണൊ എന്നു ഒരു ചോദ്യമുണ്ടായേക്കാം. ഇതിനുള്ള സമാധാനം എന്തെന്നു പറയാം. പാപികൾ പലതരത്തിൽ കാണപ്പെടുന്നുണ്ട്. ചിലർ ദുഷ്പ്രവൃത്തികൾ ചെയ്യുന്നുവെന്നു മാത്രമല്ല, അവയെ പ

രിത്യജിക്കുന്നതിനു ലേശംപോലും മന സ്സില്ലാതെ വീണ്ടും വീണ്ടും അങ്ങനെയു ള്ള കൎമ്മങ്ങളെ സാധിക്കുന്നതിൽ ഉൽ സുകന്മാരായിരിക്കുന്നു. മററു ചിലർ പാ പം ചെയ്യുന്നുണ്ടെങ്കിലും അതു പിശാ ചിൻെറ തന്ത്രശക്തികൊണ്ടും ആശാപാ ശങ്ങളുടെ ദാർഢ്യംകൊണ്ടും സംഭവി ക്കുന്നുവെന്നല്ലാതെ അവൎക്കു ദുഷ്പ്രവൃ ത്തികളോടുള്ള പ്രേമം മുഖാന്തരമല്ല. ത ന്നിമിത്തം അവർ കുററം ചെയ്യുമ്പോൾ പോലും അവയെ ഏററവും വെറുക്കുക യും പാപത്തിൽ വീഴാതിരിപ്പാനാഗ്രഹി ക്കയും ചെയ്യുന്നു. ഇക്കൂട്ടർ സ്വന്ത ജീവി തത്തെ നവീകരിക്കണമെന്നുള്ള ആശ നി മിത്തം അവരെ ബന്ധിച്ചിട്ടുള്ള പാപ ശൃംഖലകളെ തകൎക്കുന്നതിനാവശ്യമായ ശക്തി ലഭിക്കുന്നതിനായി പ: കന്യകയു ടെ അനുകമ്പയെ അന്വേഷിക്കുന്നു. ആ ദ്യം പറയപ്പെട്ട തരക്കാരകട്ടെ പാപ ദോഷങ്ങളോടുള്ള പ്രതിപത്തിമൂലം പാ പത്തെ അത്യന്തം വെറുക്കുന്ന പ: കന്യ കയുടെ നേരെയുള്ള ശത്രുത്വത്തിൽ സ്ഥി രമായി വൎത്തിക്കുന്നതുകൊണ്ടു് അവളുടെ ഭക്തരെന്ന നാമത്തിനു അർഹന്മാരല്ല.

അവക്കതിനു അർഹത ലഭിക്കയുമില്ല. എന്നാൽ രണ്ടാമതായി പ്രസ്താവിക്കപ്പെട്ട പാപികളും അവരെ സംബന്ധിച്ചിടത്തോളം മറിയത്തിന്റെ അശ്രിത വൎഗ്ഗത്തിൽ ഗണിക്കപ്പെട്ടവാൻ തക്ക യോഗ്യതയുള്ളവരല്ല എങ്കിലും ആ നാഥയുടെ അനുഗ്രഹവും കൃപയും വഴിയായി– അതായതു, മറിയത്തിന്റെ മാദ്ധ്യസ്ഥ്യത്താൽ– പാപബന്ധനങ്ങളിൽനിന്നു മോചിക്കപ്പെട്ടുമെന്നുള്ള പ്രതീക്ഷയോടെ അവളുടെ സ്തുതിക്കുവേണ്ടി ചെയ്യുന്ന സൽപ്രവൃത്തികളും ജപധ്യാനങ്ങളും നിമിത്തം ഒടുവിൽ സ്വൎഗ്ഗരാജ്ഞിയുടെ സാക്ഷാലുള്ള ഭക്തന്മാരായിത്തീരുന്നു.

27.) വിശുദ്ധ തോമ്മായുടെ ചില ആപ്തവാക്യങ്ങളേക്കൊണ്ട് പ്രസ്തുത സംഗതിയെ ഇവിടെ സാധൂകരിക്കാം. അദ്ദേഹം ദൈവവരപ്രസാദത്തെ നഷ്ടമാക്കി ജീവിക്കുന്ന പാപികളുടെ പ്രാൎത്ഥന സൎവ്വേശ്വരനാൽ അംഗീകരിക്കപ്പെട്ടുമോ എന്നു ചോദിച്ചുകൊണ്ടു അതിനുത്തരമായി ഇപ്രകാരം പ്രസ്താവിക്കുന്നു. “നീതിയുടേയൊ ശിക്ഷാർഹന്മാരായി തീൎന്നിട്ടുള്ളവരുടെ യോഗ്യതാം

ശത്തിൻേറയൊ വൈഭവം നിമിത്തം ദൈവം പാപികളുടെ അപേക്ഷകൾക്ക ചെവി ചായിക്കുന്നില്ല. അവർ വരപ്രസാദത്തെ നശിപ്പിച്ചതിനോടെ ജഗന്നിയന്താവിൻെറ തിരുക്കരങ്ങളിൽനിന്നു യാതോരു നന്മയും ലഭിപ്പാൻ പാത്രമല്ലാത്തവരായി തീരുകയും നീതിയിൽ അസ്സദീകരിക്കപ്പെട്ടിരിക്കുന്ന യാതൊരവകാശവും തൻെറമേൽ അവക്കുണ്ടാകുന്നതിനു പാടില്ലാതായി പോകയും ചെയ്യുന്നു. എങ്കിലും ദൈവം അവിടത്തെ സീമാതീതമായ അനുഗ്രഹത്തെ മുൻനിറുത്തി അവരുടെ പ്രാത്ഥനകളെ സദയം സ്വീകരിക്കുന്നു." പ. കന്യകയോടുള്ള ഭക്തിയെ സംബന്ധിച്ച വിഷയത്തിലും ഇങ്ങനെതന്നെയാണ് പറയപ്പെടേണ്ടത്. ചാവദോഷത്താൽ അശുദ്ധീകൃതനായ ഒരു കൃസ്ത്യാനിക്ക പരിശുദ്ധ മറിയത്തിൻെറ ഭക്തനെന്ന നാമധേയത്തിനു ന്യായാനുസൃതമായി യാതൊർഹതയും സിദ്ധിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ അവൻെറ പാപം ഇത്ര വലിയ ബിരുദനാമത്തിനു അവനെ യോഗ്യതയില്ലാത്തവനാക്കി തീക്കുന്നു. എ

ങ്കിലും മറിയത്തെ വണങ്ങുന്നതിൽ അ
വൻ സുസ്ഥിരമായി പ്രവൎത്തിക്കയും അ
നാഥ വഴിയായി ഓരോ സുകൃതാഭ്യാ
സങ്ങളാൽ ജീവിതത്തെ നവീകരിപ്പാ
ൻ അഗ്രഹിക്കുകയും ചെയ്യുന്നപക്ഷം
ദൈവജനനി അവൻെറ നല്ലമനസ്സി
നെ ഗ്രഹിച്ച് സ്വഭക്തന്മാരുടെ കൂട്ട
ത്തിൽ അവനെക്കൂടി സ്വീകരിക്കയും
അത്യധികം വാത്സല്യമുള്ള ഒരു മാതാ
വെന്നപോലെ അയാളെ സഹായിക്കു
കയും ദുഷ്ടതയുടെ അഗാധത്തിൽ വീ
ണിരിക്കുന്ന ആ പാപിയെ കരുണാപൂ
രിതമായ തൃക്കൈകളാൽ ഉദ്ധരിച്ചു ര
ക്ഷയുടെ എന്നുവേണ്ട അവൻ മനസ്സു
വെക്കുന്നുവെങ്കിൽ സാംഗോപാംഗത്തി
ൻെറ മാൎഗ്ഗത്തിൽക്കൂടി പ്രവേശിപ്പിക്കുക
യും ചെയ്യുമെന്നുള്ളതിനു തൎക്കമില്ല.
ഈ സത്യത്തെ ദിവ്യജനനിതന്നെ ത
ൻെറ പ്രിയ പുത്രിയായ വി. ബ്രിജീത്താ
യ്ക്കു താഴെവരുന്ന വാക്യങ്ങളേക്കൊണ്ടു
വെളിപ്പെടുത്തിയിരിക്കുന്നു. "എൻെറ
കുഞ്ഞേ! പാപവഴിയിൽ സ്ഥിരമായി
ജീവിച്ചുകൊണ്ടു അതിനെ ഗണ്യമാക്കാ
തെ ദോഷതാപംമൂലം എന്നാൽ രക്ഷി

ക്കപ്പെട്ടമെന്ന ശരണപ്പെടുന്ന കഠിന പാപികളുടെ മാതാവു് ഞാനല്ല. അവരുടെ മാദ്ധ്യസ്ഥ്യവും ഞാൻ നിർവ്വഹിക്കുന്നതല്ല. എന്നാൽ സഹായശക്തിയെ സന്മാർഗ്ഗത്തിൽ വിനിയോഗിപ്പാനാഗ്രഹിച്ചു് തദർത്ഥം എന്റെ സങ്കേതം അന്വേഷിക്കുകയും തീഷ്ണമായ ജപങ്ങൾ വഴിയായി സ്വന്ത മനസ്സുതിരിവിനെ നമുക്ക ഭരമേല്പിക്കുകയും ചെയ്യുന്ന പാപികളുടെ സാക്ഷാലുള്ള മാതാവാകുന്ന ഞാൻ." ഈ തിരുവാക്യത്തിൽ നിന്നും മുകളിൽ പ്രസ്താവികമായ മററു ന്യായോക്തികളിൽ നിന്നും പരിശുദ്ധ കന്യകയാൽ തന്റെ മാതാവിനടുത്ത സങ്കേതത്തിൽ നിന്നു തിരസ്കരിക്കപ്പെടാത്തവർ, ഇപ്രകാരമുള്ളവർ (അതായതു് ജീവിതത്തെ നവീകരിക്കുന്നതിനു പരമാർത്ഥമായി ആശിക്കയും സ്വന്ത ഭക്തിയെ ശിക്ഷാഭയംകൂടാതെ പാപം ചെയ്യുന്നതിനുവേണ്ടിയല്ല; പിന്നെയോ തങ്ങളുടെ വീഴ്ചകളിൽ നിന്നെഴുന്നേൽക്കുന്നതിലേക്ക ഒരു പോംവഴിയായി ഉപയോഗിക്കുകയും ചെയ്യുന്നവർ) ആകുന്നുവെന്നു വ്യക്തമാണല്ലൊ. മഹത്തായ

ഒരു പ്രതിമ നിർമ്മിക്കാമെന്നുള്ള ഉദ്ദേശ ത്താൽ വിദഗ്ധനായ ശില്പി ഒരു മരക്കഷണത്തെ എന്നവണ്ണവും, തന്റെ ചികിത്സാസാമർത്ഥ്യത്താൽ സ്വസ്ഥിതിയിലാക്കാമെന്നുള്ള കൌതുകത്താൽ ശസ്ത്രവൈദ്യൻ രോഗബാധിതമായ ഒരു മനുഷ്യാംഗത്തെ എന്നപോലെയുമത്രെ പരിശുദ്ധ കന്യക ഈദൃശ പാപികളെ ദയാപൂർവ്വം തൃക്കൺപാർക്കുന്നത്.

28.) എന്നാൽ പരിശുദ്ധ മറിയത്തിന്റെ യഥാർത്ഥ ഭക്തനെന്ന ബിരുദനാമത്തെ ആശിക്കുന്ന ക്രിസ്തുവൻ, നാം ഇതുവരെ സവിസ്തരം വായിച്ച പ്രാവാസികവണക്കത്തെ കൂടാതെ മാതാവിനിഷ്ടമായ സൽപ്രവൃത്തികളുടെ നിർവ്വഹണത്തിൽ സംഗ്രഹീതമായിരിക്കുന്ന സാമീപക വണക്കത്തേയും ആ നാഥയ്ക്കു സമർപ്പിക്കേണ്ടിയിരിക്കുന്നു. സ്വരാജാവിനു യാതൊരു പ്രത്യേക വണക്കവും ചെയ്യാതെ അയാളെ ഉപദ്രവിക്കാതിരിക്കമാത്രം ചെയ്യുന്ന ഒരു ദാസൻ അദ്ദേഹത്തിന്റെ വിശ്വസ്ത ഭൃത്യനെന്നു വിളിക്കപ്പെട്ടവാൻ ഇടയില്ലല്ലൊ. ആകയാൽ ബഹുമാനാർഹമായ ആ നാമം ലഭിക്കു

ന്നതിലേക്ക അവൻ രാജസമക്ഷം ചി ല പ്രത്യേക ശുശ്രൂഷകൾകൂടി സാധിക്കേ ണ്ടിയിരിക്കുന്നു. അപ്രകാരംതന്നെ പ രിശുദ്ധ മറിയത്തിന്റെ സാക്ഷാലുള്ള ഭ ക്തന്മാരാകുന്നതിന്നു നാം ആഗ്രഹിക്കു ന്നുവെങ്കിൽ അവളുടെ ദിവ്യകുമാരന്നു വിരുദ്ധമായ പാപങ്ങൾമൂലം പരമ നായികയെ ദ്രോഹിക്കാതിരുന്നാൽമാത്രം മതിയാകുന്നതല്ല. അതിലേക്ക ആ അ മ്മയുടെ സ്തുതിക്കുതക്ക ഓരോ പുണ്യപ്ര വൃത്തികളെ കൂടക്കൂടെ നിൎവ്വഹിച്ചു കാ ഴ്ചവെക്കുകയും തദ്വാരാ അവളെ ബ ഹുമാനിക്കുകയും ചെയ്യേണ്ടതു അവ ശ്യോചിതമാണ്. ഏത്രയും ശ്രേഷ്ഠയാ യ ദൈവജനനിയുടെ സ്തുതിക്കും ബഹു മതിക്കും ഉതകുന്ന സുകൃതാഭ്യാസങ്ങൾ അസംഖ്യമുണ്ട്. അവയെയെല്ലാം ഈ ചെറിയ പ്രബന്ധത്തിൽ വിവരിക്കുയെ ന്നുള്ളതു ശക്യമല്ല. തന്നിമിത്തം പ്രധാ നമായതും എളുപ്പമുള്ളതുമായ ചില കൃ ത്യങ്ങളെ സംബന്ധിച്ചുമാത്രം ഇവിടെ പ്രസ്താവിക്കാം.

29.) പരിശുദ്ധ കന്യകയുടെ ഭക്ത ഗണത്തിൽ എണ്ണപ്പെടുന്നതിന്നു നമ്മെ

പാത്രമാക്കി തീൎക്കുന്ന സുകൃത കൃത്യങ്ങ
ളിൽ വെച്ചു ആ നാഥയെ നമ്മുടെ മാ
താവായി തിരഞ്ഞെടുത്തു് നമ്മെ മുഴുവ
നും അവൾക്കു പ്രതിഷ്ഠിക്കുക എന്ന ഈ
സൽസംപ്രദായത്തെ ഒന്നാമത്തേതായി
ഗണിക്കേണ്ടിയിരിക്കുന്നു. ഇതിനെ സാ
മാന്യഘോഷങ്ങളോടും ഒരു നവവാസര
ഭക്തിശുശ്രൂഷാന്തിയോടും നിൎവ്വഹിക്കുകയും,
പിന്നീടു പുത്രനിൎവ്വിശേഷമായ ഭക്തി
യോടുകൂടി ഈ പ്രതിഷ്ഠയെ സദാ പു
തുപ്പിക്കുകയും ചെയ്യേണ്ടതാണ്. വി.
പീലിപ്പോസ് നേരി എന്ന പുണ്യവാൻ
"ഏററവും പ്രിയപ്പെട്ട അമ്മ" എന്നുള്ള
മധുരോക്തിയെയല്ലാതെ പ. കന്യക
യെ വിളിക്കുന്നതിനു വേറെ യാതൊരു
നാമധേയവും ഉപയോഗിച്ചിരുന്നില്ല.
വേറെയും പല വിശുദ്ധന്മാർ പൈത
ങ്ങൾക്കടുത്ത സ്നേഹത്തെയും ആശ്രയ
ത്തെയും പ്രദൎശിപ്പിക്കുന്നതായ ഈവിധ വ
ചനങ്ങളാണ് പരിശുദ്ധ ജനനിയെ
പ്രാൎത്ഥിക്കുമ്പോൾ ഉപയോഗിച്ചിരുന്നത്.
അവർ ഇപ്രകാരം ചെയ്തിരുന്നത് പര
മാൎത്ഥതയോടും ഹൃദയാനന്ദിതമായ സ്നേ
ഹത്തോടുംകൂടി ദിവ്യകന്യകയെ സ

ന്ന മാതാവായി തെരഞ്ഞെടുത്തിരുന്നതു കൊണ്ടാണെന്നു നിസ്സംശയം പറയാം.

രണ്ടാമത്തെ ഭക്തകൃത്യം നാൽതോറും ദൈവജനനിയുടെ ഒപ്പീസ് കഴിക്കുന്നതാകുന്നു. ഇതിൽ ഉപേക്ഷ പ്രദർശിപ്പിച്ചതിൻെറ ശിക്ഷയായി ഗാമ്മഗാ എന്ന ആശ്രമത്തിൽ വസിച്ചിരുന്ന സന്ന്യാസികൾക്കു അത്യന്തം വ്യസനകരങ്ങളായ ദൌർഭാഗ്യാരിഷ്ടതകൾ നേരിടുന്നതിനു ഒരിക്കൽ സംഗതിയായി. എന്നാൽ വി. പത്രോസ് ദമിയാനിയുടെ ഉപദേശപ്രകാരം ആ സന്ന്യാസികൾ വീണ്ടും പ്രസ്തുത സുകൃതകൃത്യം നിൎവ്വഹിക്കാൻ തുടങ്ങിയപ്പോൾ പൂൎവ്വാവിഷ്ടമായ സകല വിപത്തുകളും നീങ്ങിപ്പോയി എന്നു പറയപ്പെട്ടിരിക്കുന്നു. പരിശുദ്ധ കന്യകക്കു ഇപ്രകാരമുള്ള ജപങ്ങൾ എന്മാത്രം ഇഷ്ടമായിരിക്കുമെന്നു ഈ സംഭവം ഭംഗിയായി തെളിയിക്കുന്നുണ്ടല്ലൊ.

മൂന്നാമതായി പറയാനുള്ളതു പ്രതിദിനം മുഴവൻകൊന്ത അഥവാ ജപമാലയുടെ അഞ്ചു രഹസ്യമെങ്കിലും ചൊല്ലി പ്രാൎത്ഥിക്കുകയെന്നതിനെ സംബന്ധിച്ചാകുന്നു. കൊന്ത എത്തിക്കുന്നതിൽ ത

ല്പരന്മാരായിരുന്നവർ വ: കന്യക സ മ്പാദിച്ചുകൊടുത്തിട്ടുള്ള നന്മകൾ അസം ഖ്യങ്ങളാണ്. അവയിൽ വി. ജർത്രൂദിനു ലഭിച്ച അനുഗ്രഹത്തെ മാത്രം ഇവിടെ പ്രസ്താവിക്കാം. ആ പുണ്യവതി ഒരിക്കൽ ഒരു ജപമാല എത്തിച്ചു അവസാനിപ്പി ക്കുകയിൽ അതിനിടക്കു ഉച്ചരിച്ച വാക്കു കളുടെ സംഖ്യയോളം പൊന്മണികൾ ഈശോമിശിഹാകർത്താവിന്റെ തൃപ്പാദാ ന്തികത്തിൽ കിടക്കുന്നതു കാണുകയും ദി വ്യരക്ഷകൻ വിലയേറിയ ആ രത്നങ്ങ ളെ എടുത്തു തന്റെ മാതൃകരങ്ങളിൽ സ മപ്പിക്കുകയും പരമനായിക അവസ്സു പ കരം അത്രയും പ്രത്യുപകാരങ്ങൾ വി. ജർത്രൂദിനു ചെയ്യുന്നുണ്ടെന്നു അരുളി ച്ചെയ്യുകയും ചെയ്തു എന്നു മാത്രമല്ല, ദൈവ ജനനി ആ സ്വണ്ണമണികളെ വക്ഷസ്സി ൽ ധരിക്കുന്നതു ആ ഭാഗ്യവതി ദശിക്കു കയും ഉണ്ടായി.

നാലാമത്തെ ഭക്തകൃത്യം വ: കന്യ കയുടെ ഏതെങ്കിലും പ്രതിമയെ കൂടക്കൂ ടെ സന്ദശിക്കുന്നതാകുന്നു. പരിശുദ്ധ ജീ വിതംകൊണ്ടും അനിതര സാധാരണമാ യ ശാസ്ത്രനൈപുണ്യംകൊണ്ടും പ്രഖ്യാത

നായിരുന്ന തോമസ് സാഞ്ചേസ് എന്ന ഗുരു ഇപ്രകാരം ചെയ്തു പതിവായിരുന്നു. അദ്ദേഹം സ്വാശ്രമത്തിൽനിന്നു പുറത്തിറങ്ങുമ്പോഴെല്ലാം പ: നാഥയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ടിരുന്ന വല്ല ദേവാലയത്തേയും സന്ദർശിച്ച് സ്വന്തനടപ്പിനെ പവിത്രീകരിച്ചുവന്നു.

അഞ്ചാമത്തെ സൽകൃത്യം സ്വർഗ്ഗരാജ്ഞിയുടെ തിരുനാളുകളെ കൊണ്ടാടുന്നതിനു ഭക്തിപൂർവ്വം സന്നദ്ധരാകുന്നതാണ്. ഒരിക്കൽ വി. ജർത്രൂദ നമ്മുടെ ദിവ്യജനനിയുടെ പാവനമായ കാപ്പയുടെ കീഴിൽ അസംഖ്യം ആത്മാവുകൾ ഒരു വലിയ കൂട്ടമായി കൂടിനില്ക്കുന്നതും ദേവമാതാവു അത്യധികമായ വാത്സല്യത്തോടുകൂടി അവരെയെല്ലാം തൃക്കൺപാർത്തുകൊണ്ടിരിക്കുന്നതും കണ്ടു. ആ പുണ്യാത്മാക്കളെല്ലാവരും ദൈവജനനിയുടെ കരേററത്തിരുനാളിനു മുൻപുള്ള "നവനാളു"കളിൽ ഓരോ പ്രകാരത്തിലുള്ള ഭക്താഭ്യാസങ്ങൾ വഴിയായി ആ വിശിഷ്ടാവസരത്തെ കൊണ്ടാടുവാൻ ഒരുക്കം ചെയ്തിരുന്ന ഭക്തന്മാരായിരുന്നുവെന്നു പ്രസ്തുത പുണ്യവതിതന്നെ

ദൈവവെളിവാലെ മനസ്സിലാക്കി പ്ര സ്താവിച്ചിട്ടുണ്ട്. പ്രത്യേകം തിരുനാളി ന്റെ തലേദിവസം പതിവുള്ളതിലധി കം കഠിനമായ വല്ല പ്രായശ്ചിത്തമോ നോമ്പോ മററിപ്രകാരമുള്ള ഏതെങ്കി ലും തപോവൃത്തികളോ ചെയ്തു് അവ യെ ദേവമാതാവിനു സമപ്പിക്കുന്നതു ഉത്തമമാകുന്നു.

അലക്സാണ്ഡർ ഒർസീനി എന്ന കർദ്ദിനാൾ അങ്ങിനെയുള്ള ദിവസ ങ്ങളിൽ ചോരപുറപ്പെടുവാൻ തക്കവ ണ്ണം ചമ്മട്ടികൊണ്ടു സ്വശരീരത്തെ അടിച്ചു വ്രണപ്പെടുത്തിയിരുന്നതായി കാ ണുന്നു.

ആറാമത്തെ സുകൃതാഭ്യാസം പ്രസ്തു ത സമ്പ്രദായത്തിലുള്ള ഭക്തിയെ ന മ്മുടെ കുഡുംബത്തിലും സ്നേഹിതന്മാരു ടെയും ശുശ്രൂഷികളുടേയും ഇടയിലും പ്ര ചരിക്കുന്നതിനായി യഥാശക്തി പ്രയ ത്നിക്കുകയെന്നുള്ളതത്രെ. ഈ ശ്രമം പ രിശുദ്ധ കന്യകക്കു അത്യന്തം പ്രിയമാക യാൽ ആ നാഥ തന്നെ ഒരിക്കൽ വി. ബ്രിജീത്താക്കു പ്രത്യക്ഷിഭവിച്ച് ബ്രിജീ ത്തായെ! നിന്റെ മക്കൾ എന്റെ മക്ക

ൾ കൂടി ആയിരിപ്പാൻ തക്കവണ്ണം പരിശ്രമിക്കുകയെന്നരുളിച്ചെയ്തു.

ഏഴാമത്തെ കൃത്യം പരമനായികയുടെ സ്തുതിക്കായി നാം കൂടക്കൂടെ ആശാനിഗ്രഹം ചെയ്യുന്നതും പ്രത്യേകം തഴക്കദോഷങ്ങളിൽ നിന്നു ഒഴിയുന്നതിനു ശ്രദ്ധ വെയ്ക്കുന്നതുമാകുന്നു.

30.) ഭക്തിയ്ക്കടുത്ത ഈ കൃത്യങ്ങളിൽവെച്ച് അത്യന്തം ശ്ലാഘ്യമായിട്ടുള്ളവ ആന്തരികമായ പ്രവൃത്തികളാണ്. എന്തുകൊണ്ടെന്നാൽ മേൽപറയപ്പെട്ട ബാഹ്യകർമ്മങ്ങളുടെ സാഫല്യവും വൈശിഷ്ട്യവും യോഗ്യതയും അവനവൻെറ ഹൃദയത്തെയാണാശ്രയിച്ചിരിക്കുന്നത്. തന്നിമിത്തം പ. മറിയത്തിൻെറ ഭക്തന്മാരാകുവാനിച്ഛിക്കുന്നവർ ആന്തരികാഭ്യാസങ്ങളിൽ സാമാന്യാധികമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ദൈവജനനിയോടുള്ള മാതൃനിർവ്വിശേഷമായ സ്നേഹത്തെ രക്ഷിച്ചു വദ്ധിപ്പിക്കുകയെന്നുള്ളതാണ് നമ്മുടെ ആഭ്യന്തരവൃത്തികളിൽവെച്ചു ഉൽകൃഷ്ടമായിട്ടുള്ളത്. മാലാഖയ്ക്കടുത്ത യുവാവായിരുന്ന വി. ബെർക്മാൻസിന്നു ദൈവമാതാവിനോടുണ്ടായിരുന്ന സ്നേഹം ഇ

ത്തരത്തിലായിരുന്നു. ഈ പുണ്യവാൻ "ഞാൻ മറിയത്തെ സ്നേഹിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു" എന്ന വാക്യത്തെ സ്വന്ത കുറിപ്പുകളിലും എഴുത്തുകളിലും അനേകത ആവൎത്തിച്ചിട്ടുണ്ട്. ഇതുപോലെ മറെറാരു വാചകവും അദ്ദേഹം ഇത്ര ധാരാളമായി വീണ്ടെഴുതികാണുന്നില്ലെന്നു പറയപ്പെട്ടിരിക്കുന്നു.

രണ്ടാമത്തെ ആഭ്യന്തരകൃത്യം സ്സ്കാറായുടെ മെത്രാനായിരുന്ന വി. ബ്രീനോത്തിനെപോലെ സ്വായുസ്സിനേക്കാൾ പ. കന്യകയെ സ്നേഹിക്കുകയെന്നുള്ളതാണ്. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ തന്നു ജീവനേക്കാൾ പ. മറിയത്തെ സ്നേഹിച്ചിരുന്നുവെന്നു ആ നാഥ തന്നെ വി. ബ്രിജീത്തായോടു അരുളിച്ചെയ്തിട്ടുണ്ട്.

മൂന്നാമത്. ദേവമാതാവു് പ്രാപിച്ചിരിക്കുന്ന ശ്രേഷ്ഠമായ വരങ്ങളെക്കുറിച്ചു് മനഃപൂൎവ്വം ആനന്ദിക്കുകയും അവൾക്കു മംഗളം ആശംസിക്കുകയും ചെയ്ക. തന്നാൽ സ്നേഹിക്കപ്പെട്ട വസ്തുവിൻെറ ഗുണത്തേക്കുറിച്ചു സന്തോഷിക്കുന്നതിനേക്കാൾ സ്നേഹത്തിന്നു സ്വാഭാവികമായിട്ടുള്ളതു മറെറാന്നുമില്ലല്ലൊ. ആകയാൽ പ

രിശുദ്ധ ജനനിക്ക വളരെ ഇഷ്ടമായ ഏതെങ്കിലും പ്രവൃത്തികൾ ചെയ്യണമെന്നുള്ള ആശയാൽ ഹൃദയം പരിപൂൎണ്ണമായിരിക്കുന്നുവെന്നു ഒരിക്കൽ വി. മെത്തിൽദെ എന്ന പുണ്യവതിക്കു തോന്നുകയിൽ "എനിക്കു ലഭിച്ചിരിക്കുന്ന വരങ്ങളെ ഓൎത്തു സന്തോഷിക്ക" എന്നു പറയുന്ന സ്വൎഗ്ഗരാജ്ഞിയുടെ സ്വരം അവളാൽ കേൾക്കപ്പെട്ടു.

നാലാമതായുള്ള ആന്തരികവൃത്തി, ദൈവജനനിക്കു നൽകിയിരിക്കുന്ന ഉന്നതദാനങ്ങളെക്കുറിച്ചു പരിശുദ്ധ ത്രിത്വത്തിനു സ്തോത്രം ചെയ്യുകയാകുന്നു. ഇതിനെ അനുഷ്ഠിക്കുന്നവൻ പ. മറിയത്തിൻെറ മഹത്വം തനിക്കു സ്വന്തമെന്നപോലെ കരുതുന്നുവെന്നതിനാൽ അതു മറിയത്തിനു എത്രയും പ്രിയകരമാകാതിരിപ്പാൻ ഇടയില്ല.

അഞ്ചാമത്. പരിശുദ്ധ കന്യക സ്ലീവായുടെ ചുവട്ടിൽ വെച്ചനുഭവിച്ച സങ്കടങ്ങളെക്കുറിച്ച് പരിതപിക്കുകയെന്നതാണ്. നാം മിത്രങ്ങളുടെ സുഖദുഃഖങ്ങളിൽ പരസ്പരം സന്തോഷിക്കുകയും സഹതപിക്കുകയും അവർ ഉപദ്രവിക്ക

പ്പെടുമ്പോൾ വ്യസനിക്കുകയും ചെയ്ക സഹജമാണല്ലൊ. ഇതു സ്നേഹത്തിൻെറ യഥാൎത്ഥ ലക്ഷണങ്ങളിൽ ഒന്നാണെന്നു ള്ളതിനു തൎക്കമില്ല. ഈ അവസ്ഥ ആ ലോചിക്കുമ്പോൾ ദൈവജനനി ഒരിക്ക ൽ വി. ബ്രിജീത്തായോടു "ഹൃദയപൂൎവ്വം എന്നെ സ്നേഹിക്കുന്നവർ വളരെ ദുർല്ലഭ മാണെന്നു അരുളിച്ചെയ്തു" ന്യായമാ ണെന്നു പ്രത്യക്ഷപ്പെടുന്നു. എന്തുകൊ ണ്ടെന്നാൽ ചുരുക്കം ചിലർ മാത്രമേ അ വളുടെ സങ്കടങ്ങളിൽ, ആ നാഥയോടു കൂടി യഥാൎത്ഥമായി അനുതപിക്കുന്നുള്ളു.

ആറാമതായി നാം ചെയ്യേണ്ടതു്. ദൈവം കഴിഞ്ഞാൽ നമ്മുടെ ശരണം മുഴുവൻ മറിയത്തിൽ സംഗ്രഹിച്ചുകൊ ണ്ടു ആത്മികവും ദൈഹികവുമായ സക ല ആവശ്യങ്ങളിലും ആ നാഥയുടെ ആ ദരവിനെ പ്രാൎത്ഥിക്കുകയാകുന്നു. പരി ശുദ്ധ കന്യകയെ യഥാൎത്ഥമായി സ്നേഹി ച്ചിരുന്ന വി. ബെൎണ്ണാർദ് അപ്രകാരം ചെയ്തു പതിവായിരുന്നു. "പാപികൾ ക്കു ദൈവത്തിൻ സന്നിധിയിലേക്കു ക യറുന്നതിനുള്ള ഗോവണി മറിയമാകുന്നു. എൻെറ ഏകശരണവും ആശ്രയവും അ

വല്ലൊ" എന്നു അദ്ദേഹം സർവ്വദാ പറഞ്ഞുകൊണ്ടാണിരുന്നതു്.

31.) ആകയാൽ ദൈവജനനിക്കോ അവളുടെ ദിവ്യകുമാരനോ ഉപദ്രവകരമായിരിക്കുന്ന സകല ദുഷ്പ്രവൃത്തികളിൽനിന്നും കേവലം പിൻമാറിക്കൊണ്ടും ആ നാഥയ്ക്കു എത്രയും ഇഷ്ടമായിട്ടുള്ള പ്രസ്തുത ബാഹ്യാഭ്യാന്തരവണക്കങ്ങളെ തൃപ്പാദങ്ങളിൽ സമർപ്പിച്ചുകൊണ്ടും സ്വർഗ്ഗരാജ്ഞിയെ സ്തുതിക്കുന്നതിനു നാം സദാ സന്നദ്ധന്മാരായിരിക്കേണ്ടതാകുന്നു. ഇങ്ങനെ ചെയ്യുന്നുവെങ്കിൽ മറിയം തന്റെ കാപ്പയുടെ കീഴ് നമ്മേയും കൈക്കൊണ്ടാദരിക്കുകയും തന്റെ യഥാർത്ഥഭക്തന്മാരുടെ കൂട്ടത്തിൽ സ്വീകരിക്കുകയും ചെയ്യുമെന്നുള്ളതു നിശ്ചയംതന്നെ.

# ആറാം അദ്ധ്യായം.

## പ്രസൂത ഭക്തി ലഭിക്കുന്നതിനുള്ള സുഗമമായ മാൎഗ്ഗങ്ങൾ.

32.) ഇഹലോകത്തിലുള്ള മഹാന്മാരെ ബഹുമാനിക്കുന്നതിനും അവൎക്കു പരികൎമ്മം ചെയ്യുന്നതിനും നമ്മെ പ്രേരിപ്പിക്കുന്നതു് നമുക്കവരോടുള്ള മതിപ്പും സ്നേഹവുമാണെന്നുള്ളതിനു സംശയമില്ല. ഈ കാരണങ്ങൾ തന്നെയാണു് സാമ്രാജ്ഞിയെ വണങ്ങുന്നതിനും അവൾക്കു ശുശ്രൂഷ ചെയ്യുന്നതിനും നമ്മെ ഉദ്യമിപ്പിക്കുന്നതു്. ഒരു വിറകു കൊള്ളിയിൽ തീ പിടിപ്പിക്കുന്നതിനു അതിനെ അഗ്നിയോടടുപ്പിച്ചു വെയ്ക്കുകതന്നെ വേണം. അപ്രകാരം പരിശുദ്ധ കന്യകയോടുള്ള ഭക്തി നമ്മുടെ ഉള്ളിൽ ജ്വലിപ്പിക്കുന്നതിനു ധ്യാനത്തിലും വേദസംബന്ധങ്ങളായ പുസ്തകങ്ങളെ വായിക്കുന്നതിലും ക്രമാധികമായി പരിശീലിക്കയും

തദ്വാരാ അനിതരവനിതാസാധാരണവും ആശ്ചയ്യജനകവുമായ ഗുണലക്ഷണങ്ങളോടു കൂടിയ പരമനായികയുടെ നേരെ വലുതായ മതിപ്പും സ്നേഹവും സമ്പാദിക്കയും ചെയ്യുന്നതിനേക്കാൾ സുഗമമായ പോംവഴികൾ വേറെ യാതൊന്നുമില്ല. ദൈവജനനിയെന്നുള്ള സ്ഥാനത്താൽ സിദ്ധിച്ചിരിക്കുന്നതും വേദപാരഗനായ വി. തോമ്മാ പറയുന്നതുപോലെ ഒരുവിധം നോക്കിയാൽ അവസാനമില്ലാത്തതുമായ മറിയത്തിൻെറ അത്യുന്നതാവസ്ഥയെമാത്രം നാം സദാ ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നുവെങ്കിൽ അവളുടെ അന്യാദൃശമായ യോഗ്യതകളെക്കുറിച്ചു ശ്രേഷ്ഠമായ ഒരഭിപ്രായം നമുക്കുണ്ടാകാതിരിക്കുന്നതല്ല. പിന്നെയും മാലാഖാമാരുടേയും മനുഷ്യരുടേയും രാജ്ഞിയെന്ന നിലയിൽ അവൾ പ്രാപിച്ചിരിക്കുന്ന ഉയൻ പദവി, ദൈവത്താൽ ലബ്ധമായിരിക്കുന്ന വരപ്രസാദപൂൎണ്ണത, അവളുടെ മഹത്വത്തിൻെറ പ്രാധാന്യം, ഉത്ഭവദോഷം പ്രവൃത്തിദോഷം ഇത്യാദി സൎവ്വ പാപങ്ങളിൽനിന്നും അവൾക്കു സിദ്ധിച്ചിട്ടുള്ള വിമുക്തി, മാതൃത്വ

ത്തോടു സംയോജിച്ചിരിക്കുന്ന അത്ഭുതകര
മായ കന്യകാത്വം എന്നിപ്രകാരമുള്ള
ആ നാഥയുടെ മററനവധി മഹത്തമങ്ങ
ളായ ഗുണലക്ഷണങ്ങളെക്കുറിച്ചും നാം
നല്ലപോലെ ആലോചിക്കുന്നുവെങ്കിൽ,
അവളെ സംബന്ധിച്ചുള്ള മതിപ്പും ഉന്ന
താഭിപ്രായങ്ങളും മനസ്സിൽ സ്ഥിരീകൃത
മായി തീരുകയും അതു അവൾക്കു വണ
ക്കവും ശുശ്രൂഷയും ചെയ്യുന്നതിന്നു സദാ
നമ്മെ ഒരുക്കമുള്ളവരാക്കി തീക്കുകയും
ചെയ്യുമെന്നുള്ളതിനു സന്ദേഹമില്ല.

33.) ഇപ്രകാരമുള്ള ധ്യാനങ്ങളും
വായനയുംതന്നെ പരിശുദ്ധ മറിയത്തി
ൻെറ നേരെയുള്ള സ്നേഹത്തെ ഹൃദയ
ത്തിൽ കത്തിജ്വലിപ്പിച്ച് അവൾക്കു
ശുശ്രൂഷ ചെയ്യുന്നതിനും സവ്വകാൎയ്യങ്ങ
ളിലും ആ നാഥയെ പ്രസാദിപ്പിക്കുന്ന
തിനും നമ്മെ സജ്ജീകരിക്കാതിരിക്കയി
ല്ല. ഒരു രാജ്ഞി സാക്ഷാൽ കാരുണ്യ
വതിയും അനുകമ്പയുള്ളവളും കുററക്കാ
രെ സദയം തൃക്കൺപാൎത്ത് രാജസന്നി
ധിയിൽ നിന്നു അവക്കു മാപ്പും മററനു
ഗ്രഹങ്ങളും വാങ്ങികൊടുക്കുന്നവളും ആ
ണെന്നറിയുന്നതിനേക്കാൾ പ്രജകളുടെ

ഹൃദയത്തിൽ ആ മഹിഷിയേപ്പററി സ്നേഹബഹുമാനങ്ങൾ വദ്ധിപ്പിക്കുന്നതിന് വേറെ തക്കമാൎഗ്ഗങ്ങൾ ഒന്നുംതന്നെയില്ല. എന്നാൽ ഈ വിശിഷ്ട ലക്ഷണങ്ങൾ തന്നെയാണ് മറിയത്തിൻെറ സ്വഭാവധനമെന്നു പൂൎണ്ണമായി പറയാം. "ദൈവം ലോകത്തിലെ പാപങ്ങൾ നിമിത്തം കുപിതനായി അതിനെ അരിഷ്ടതകളുടെ പ്രളയത്തിൽ മഗ്നമാക്കുന്നതിനു സന്നദ്ധനാകയിൽ അവിടത്തെ കോപത്തെ ശമിപ്പിച്ച് ശിക്ഷകളെ അകററിക്കളയുന്നതിനുണ്ടായ മേഘചാപമാകുന്നു പരിശുദ്ധ മറിയ"മെന്നു വി. അന്തോനീനോസ് ഉപന്യസിക്കുന്നു. "മനുഷ്യവൎഗ്ഗത്തെ ആകപ്പാടെ നശിപ്പിക്കുന്നതിനുള്ള പ്രാരംഭത്തിൽ നിന്നു ദൈവകോപത്തെ തടുത്തുനിത്തുന്ന നിത്യസമാധാനത്തിൻെറ മഴവില്ല് മറിയമാണെന്നു വി. ബൎണ്ണാർദ്ദും പ്രസ്താവിച്ചിട്ടുണ്ട്. വി. അമ്പ്രോം പഠിപ്പിക്കുന്നതും ഇപ്രകാരമാണ്. ദൈവവും മനുഷ്യരും തമ്മിലുള്ള സമാധാനം പരിശുദ്ധ മറിയമാണെന്നാണ് അദ്ദേഹം അരുളിച്ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ വിശ്വാസികൾക്ക്

പാപമോചനം പ്രാപിച്ചു കൊടുത്തു കൊണ്ട് അവൾ സമാധാനത്തെ സംരക്ഷിക്കുന്നു." ദിവ്യപുത്രൻെറ സന്നിധിയിൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം സ്വീകരിച്ച് ശിക്ഷോദ്യുക്തമായ അവിടത്തെ തൃകൈകളെ തടുത്തുനിത്തുന്നതിൽ അവർ പ്രദശിപ്പിക്കുന്ന വലിയ കൃപയേയും അനുകമ്പയേയും സ്മരിക്കുന്നതിനേക്കാൾ ആ അമ്മയുടെ നേരേയുള്ള സ്നേഹാഗ്നിയിൽ നമ്മെ ലയിപ്പിക്കുന്നതിനും അവളുടെ പരികമ്മത്തിനു നമ്മേ ഉത്സാഹിപ്പിക്കുന്നതിനും ശക്തിയുള്ള പോം വഴികൾ വേറെ യാതൊന്നുമില്ല.

34.) പ. കന്യകയോടുള്ള ഭക്തിയും സ്നേഹവും നമ്മിൽ അങ്കുരിപ്പിക്കുന്നതിനുള്ള മറെറാരു മാഗ്ഗത്തെപ്പററി മുൻപിലത്തെ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. അതു ദൈവജനനിക്കു ശുശ്രൂഷ ചെയ്തുകൊണ്ടു അവളുടെ ആദരവിനു അർഹന്മാരായി തീന്നിട്ടുള്ളവർ നിത്യരക്ഷയേയും സാംഗോപാംഗത്തെ തന്നെയും പ്രാപിക്കുമെന്നുള്ളതാകുന്നു. "ദൈവത്തിനു മനുഷ്യരുടെ പക്കലേക്കു വരുന്നതിനുള്ള ഗോവണി മറിയമായിരുന്നു

തുപോലെ അവർ ദൈവത്തിൻപക്ക ലേക്ക കയറുന്നതിനുള്ള ശ്രേണികയും അവളത്രെ"യെന്ന വി. അഗുസ്തീനോസു ഉപദേശിക്കുന്നു. ഇതിനെ കുറേക്കൂടി സ്പഷ്ടീകരിക്കുന്നതിനുവേണ്ടി വി. ഫുൾജേൻസ്യുസ് ഒരു ഉദാഹരണം ഉപയോഗിച്ചിട്ടുണ്ട്. അതിവിടെ പ്രസ്താവിക്കാം. "മനുഷ്യരുടെ പക്കൽ വന്നു സഹവസിക്കുന്നതിനായി ദൈവം കടന്നതും, ദൈവത്തോടുകൂടി നിത്യാനന്ദമനുഭവിച്ചു ജീവിക്കത്തക്കവണ്ണം അവിടത്തെപക്കൽ എത്തുന്നതിനു ഭൂവാസികൾ കടക്കേണ്ടതുമായ പാലമാകുന്നു വി. മറിയം." നോഹായുടെ പെട്ടകം മറിയത്തിൻെറ ഒരു സാദൃശ്യം വഹിക്കുന്നുവെന്നു വി. ബെർണ്ണാദു അരുളിച്ചെയ്യുന്നുണ്ട്. ആ പെട്ടകത്തിൽ അഭയംപ്രാപിച്ചവരെല്ലാം പൊതുവെ ഉണ്ടായ വെള്ളപ്രളയത്തിൽനിന്നു നിർബാധം രക്ഷിക്കപ്പെട്ടതുപോലെ പരിശുദ്ധ കന്യകയുടെ മാർവ്വിടത്തിൽ ശരണംതേടുന്നവരൊക്കെ പാപത്തിൻെറ കപ്പൽച്ചേതത്തിൽനിന്നു നിസ്സംശയം രക്ഷിക്കപ്പെട്ടു് നിത്യഭാഗ്യത്തിൻ തുറമുഖത്തിലേ

ക്ക അവളാൽ കൂട്ടികൊണ്ടുപോകപ്പെട്ടു മെന്നുള്ള ന്യായത്താൽ പ്രസ്തുത സാദൃശ്യം ഒട്ടേറെ സയുക്തികമായി കാണപ്പെടുന്നു. "ചിലപ്പോൾ ഈശോയുടെ സന്നിധിയിൽ എന്നതിനേക്കാൾ മറിയത്തിൻെറ പക്കൽ അഭയം തേടുന്നതിനാൽ നമുക്ക നിത്യരക്ഷ പ്രാപിക്കുന്നതിനു എളുപ്പമുണ്ടാകുന്നതാണ്." എന്നീ ശക്തിമത്തും ആശ്ചര്യജനകവുമായ വചനങ്ങളാൽ വി. അൻസേൽമൂസ് പ്രസ്തുത സത്യത്തെതന്നെ സ്ഥിരീകരിക്കുന്നു. എന്നാൽ മറിയത്തിനു സ്വീയമായ ശക്തികൊണ്ടു തൻെറ ആശ്രിതന്മാരെ രക്ഷിക്കാൻ കഴിയുമെന്നു ഈ വാക്യത്താൽ അദ്ദേഹം വ്യവഹിക്കുന്നതായി ആരും തെററിധരിക്കരുത്. സൂര്യനിൽനിന്നു ലഭിക്കുന്ന ശോഭകൊണ്ടു ചന്ദ്രൻ ലോകത്തെ പ്രകാശിപ്പിക്കുന്നതു പോലെ തൻെറ ബഹുമതിക്കുവേണ്ടി ഇങ്ങനെയുള്ള അത്യുത്തമമായ ഒരു അധികാരം നൽകിയ ദിവ്യകുമാരൻെറ വല്ലഭത്താൽ പരിശുദ്ധ കന്യക സ്വഭക്തന്മാരെ പരിപാലിക്കുന്നുവെന്നത്രെ അതിൽനിന്നു മനസ്സിലാക്കേണ്ടതു്. എ

ത്തിനധികം വിസ്തരിക്കുന്നു! ഏതുവിധം പരിശോധിക്കുന്നതായാലും മേൽപറയപ്പെട്ട ഭക്തികൂടുത്ത അഭ്യാസങ്ങൾ വഴിയായി ദൈവജനനിയെ സ്തുതിക്കുന്നതിൽ യഥാൎത്ഥമായ ജാഗ്രതയുള്ള അവളുടെ ഭക്തന്മാൎക്കുണ്ടാകുന്ന രക്ഷയുടെ ശരണത്തിനു എന്നുവേണ്ട മാനുഷിക നിശ്ചയത്തിനു എത്രയും ഉറപ്പുള്ള അടിസ്ഥാനമുണ്ടെന്നുള്ളതിൽ വിവാദമില്ല.

35.) ദൈവജനനി നമ്മോടു ഇമ്മാത്രം അനുഗ്രഹവും ദയയും അനുകമ്പയും ഉള്ളവളും നമ്മുടെ ആത്മരക്ഷയുടെ കാൎയ്യത്തിൽ ബദ്ധശ്രദ്ധയും ആയിരുന്നിട്ടും ആ നാഥയ്ക്കു വിശ്വസ്തതയോടെ പരികൎമ്മം ചെയ്യുന്നവർ തുലോം ദുർല്ലഭമാണെന്നു അവിടുന്നു അരുളിച്ചെയ്തതിന്റെ നിദാനം എന്തായിരിക്കാം? അതു മഹോന്നതയായ ആ മാതാവിന്റെ ഗുണാതിശയങ്ങളേക്കുറിച്ചു ധ്യാനിക്കുകയോ ആലോചിക്കുകയോ അഥവാ അവയെ സംബന്ധിച്ച് വിവരിക്കുന്ന സൽഗ്രന്ഥങ്ങളെ പാരായണം ചെയ്തുയോ ചെയ്യുന്നതിൽ അധികംപേർ ശ്രദ്ധവെച്ചു കാണുന്നില്ലെന്നുള്ളതു മാത്രമാണ്.

ക്രിസ്ത്യാനികളെല്ലാം പരിശുദ്ധ കന്യ
കയ്ക്കു നൽകപ്പെട്ടിരിക്കുന്ന വിശിഷ്ട ദാ
നങ്ങളേക്കുറിച്ച് ഇടയ്ക്കിടെക്കെങ്കിലും
ധ്യാനിക്കുകയും സാമ്രാജ്ഞിയുടെ കൃപ
അവർക്ക് എത്രമാത്രം പ്രയോജകീഭവിക്കു
മെന്നു വിചിന്തനം ചെയ്യുകയും ചെയ്തിരു
ന്നുവെങ്കിൽ ആ നാഥയുടെനേരെ അ
വർക്കു നിസ്സീമമായ സ്നേഹം ഉണ്ടാകുകയും
അവളുടെ ശുശ്രൂഷയ്ക്കു തങ്ങളെ പൂർണ്ണ
മായി സമർപ്പിക്കുകയും ചെയ്യുമായിരുന്നു.
ആകയാൽ ഈ അദ്ധ്യായത്തിന്റെ ആ
രംഭത്തിൽ പ്രസ്താവിച്ചതുപോലെ പരി
ശുദ്ധ കന്യകയുടെ നേരേയുള്ള ഭക്തി
സമ്പാദിക്കുന്നതിനുള്ള മുഖ്യ പോംവഴി
യായി ആ നായികക്കു സിദ്ധിച്ചിരിക്കുന്ന
ഉന്നത വരങ്ങളേയും ദാനങ്ങളേയുംപ
റ്റി നാം പലപ്പോഴും വായിക്കുകയും
ധ്യാനിക്കുകയും ചെയ്യേണ്ടതാകുന്നു.

36.) പരിശുദ്ധ കന്യകയുടെ അ
നുഗ്രഹത്തേയും നമ്മുടെ നിത്യ രക്ഷയേ
സംബന്ധിച്ച് അവൾക്കുള്ള താല്പര്യത്തേ
യും കുറിച്ച് വിശുദ്ധന്മാർ പറഞ്ഞിട്ടുള്ള
വയെ സ്ഥിരീകരിക്കുന്നതും വിശ്വാസ്യ
ന്മാരായ ചരിത്രകാരന്മാരാൽ സാക്ഷിക

രിക്കപ്പെട്ടിട്ടുള്ളതുമായ ഒരു അത്ഭുത സം ഭവത്തെപ്പററി ഇവിടെ പ്രസ്താവിക്കുന്ന ത് അനുചിതമാകയില്ല. ക്രിസ്താബ്ദം ൧൨൦൦-ാമാണ്ടിൽ പരിശുദ്ധ കന്യകയു ടെ ഒരുത്തമ ഭക്തയും വളരെ സൌന്ദ ൎയ്യവതിയും പുണ്യകൎമ്മങ്ങളിൽ അത്യന്തം ശുഷ്കാന്തിയുള്ളവളുമായ ഒരു യുവതി ജീ വിച്ചിരുന്നു. ബയത്രീസെന്നു പേരായ ആ കന്യക സ്വാശ്രമത്തിൻെറ വാതി ല്ക്കാരിയായിട്ടാണു നിയമിക്കപ്പെട്ടിരുന്ന ത്. വാതില്ക്കലുള്ള അവളുടെ അജാഗ്ര ത നിമിത്തം ആ സ്ത്രീ പുണ്യത്തിൽ മന്ദ ഗതി പ്രാപിക്കുകയും ക്രമേണ ഒന്നിൽ നിന്നു അതിനെക്കാൾ വലുതായ മറെറാ ന്നിലേക്കെന്നവിധം ഓരോ പാപങ്ങളി ൽ ഉൾപ്പെടുകയും ഒടുവിൽ സ്വഭാവസ്ത്ര മൊഴികെ കന്യകമാൎക്കടുത്ത യാതൊരു ഗുണലക്ഷണവും ഇല്ലാത്തവളായി തീ രുകയും ചെയ്തു. ആശാപാശങ്ങളുടെ ശക്തി നിമിത്തം ബയത്രീസ് ഏറെ താ മസിയാതെ സ്വഭാവസ്ത്രങ്ങളും കൂടി ഊ രിക്കളഞ്ഞു് ഒരു യുവാവിനോടൊന്നിച്ചു് ആശ്രമം വിട്ടു ഒളിച്ചുപോകുവാൻ നിശ്ച യിച്ചു. എന്നാൽ ഈ ദുശ്ചിന്തയെ പ്രവൃ

ത്തിയിൽ വരുത്തുന്നതിനു മുൻപായി അ
വൾ ദിവ്യജനനിയുടെ സ്വരൂപ സന്നി
ധിയിൽ ചെന്നു "മറിയമെ! ഞാൻ നി
ന്നെ വിട്ടു പോകുന്നു. എങ്കിലും ഈ പ
രിശുദ്ധ സ്ഥലത്തിൽ ഞാൻ നിനക്കു ചെ
യ്തുവന്നിരുന്ന ശുശ്രൂഷകളെ ഓൎത്ത് നീ
എന്നെ പരിത്യജിക്കരുതേ. ഈ ആശ്രമ
ത്തിലുള്ള കന്യകമാരെ നീ സൂക്ഷിച്ചു ര
ക്ഷിച്ചു കൊള്ളണേ! മറിയമെ! സ്വസ്ഥം.
ഞാൻ നിന്നെ വിട്ടുപോകുന്നു" എ
ന്നിപ്രകാരം പറഞ്ഞ് തന്റെ സഭാവ
സ്ത്രത്തെയും മഠത്തിന്റെ താക്കോലുകളേ
യും അവിടെവെച്ചു പുറപ്പെട്ടു പോയി.
ദിവ്യ ജനനി വഴി തെററിപ്പോയ തന്റെ
ദുൎഭഗയായ പുത്രിയുടെ പ്രാൎത്ഥനയെ സ്വീ
കരിച്ച് ആകൃതിയിലും നിറത്തിലും സ്വ
രത്തിലും മററു സകല ലക്ഷ്യങ്ങളിലും
ബയത്രീസിന്നു തുല്യമായ ഒരു വേഷം
ധരിച്ചു. ബയത്രീസ് ക്രമവും മൎയ്യാദയുമി
ല്ലാത്തവളായിരുന്നു. അവളുടെ ബാഹ്യ
വേഷം ധരിച്ച പരിശുദ്ധ കന്യകയോ
എന്നാൽ അടക്കത്തിന്റെയും വിനയത്തി
ന്റെയും നിക്ഷേപമായിരുന്നുവെന്നു പ
റയേണ്ടതില്ലല്ലൊ. ഈ വ്യത്യാസം ഒഴി

ച്ചാൽ ആ രണ്ടുപേൎക്കും പരസ്പരം യാതൊരു ഭേദവും ഉണ്ടായിരുന്നില്ല. ദേവമാതാവു തന്റെ കൃത്രിമ വേഷത്തെ കുറേക്കൂടെ ശരിപ്പെടുത്തുവാനായി ബയത്രീസ് ദേവാലയത്തിൽ മാറിയിട്ട സഭാവസ്ത്രവും താക്കോലുകളും കൂടി ധരിച്ചു് ആ ദുഷ്ട കന്യകയുടെ സ്ഥാനത്തിൽ വാതില്ക്കൽ തവണക്കാരിയുടെ ഉദ്യോഗം നടത്തുവാനാണ ആരംഭിച്ചതു്. ഈ അത്യത്ഭുതകരമായ മാററത്തെപ്പററി ലവലേശം അറിയുകയാകട്ടെ സംശയിക്കുകയാകട്ടെ ചെയ്യാതെ ശിഷ്ടമുള്ള കന്യകമാർ ആ സ്ത്രീയിൽ പെട്ടെന്ന കാണപ്പെട്ട സ്വഭാവഭേദത്തെ സംബന്ധിച്ച മാത്രം അതിശയിച്ചു കൊണ്ടിരുന്നു. കേവലം സ്വതന്ത്ര ബുദ്ധിയായിരുന്ന ഇവളിൽ ഇങ്ങനെ ഒരു വിശേഷമായ മാററം വരുത്തുകയും അവളുടെ അലക്ഷ്യമായ നോട്ടങ്ങളേയും വിവേകശൂന്യമായ സംഭാഷണങ്ങളേയും ഒരു കന്യകക്കെന്നതിനേക്കാൾ അൽമേനികൾക്ക യോജ്യമായിരുന്ന നടപടികളേയും തിരുത്തി ക്രമീകരിക്കുകയും ചെയ്യുന്നതിന്ന ശക്തനായതു ആരായിരിക്കാം എന്നായിരുന്നു അ

വരുടെ വിചാരം. എന്നാൽ ഓരോരു ത്തരുടെയും അനുമാനങ്ങൾ ഓരോ പ്ര കാരത്തിലായിരുന്നു. എങ്കിലും അത്ത കു റക്കാരിയായ ബയത്രീസിൻെറ വേഷം ധരിച്ചു ദൈവജനനിയാണെന്നു ആൎക്കും തോന്നിയില്ല. ഇക്കാലത്തിനിടയ്ക്കു ബയ ത്രീസിൻെറ സ്ഥിതി എന്തെന്നു നോക്കാം. അവൾ ഏറെ താമസിയാതെ തൻെറ കാ മുകനാൽ ഉപേക്ഷിക്കപ്പെട്ടു് ആശ്രമത്തി ലേക്ക തിരികെ ചെല്ലുന്നതിനുള്ള ലജ്ജ നിമിത്തം പാപകൂപത്തിൽ പതിച്ചു് ദൌൎമ്മാൎഗ്ഗികമായി കാലക്ഷേപം ചെയ്തു വന്നു.

37.) ഇങ്ങനെ പതിനഞ്ചു വ ൎഷങ്ങളോളം കഴിഞ്ഞു. അനന്തരം ഒ രിക്കൽ തൻെറ പേരോടുകൂടി വളരെ പുണ്യവതിയായി ജീവിക്കുന്ന ഒരു കന്യക തന്നാൽ പരിത്യജിക്ക പ്പെട്ട ആശ്രമത്തിൽ നിവസിക്കുന്നുണ്ടെ ന്നുള്ള വൎത്തമാനം ബയത്രീസുകേട്ടു. നാ മംകൊണ്ടു തന്നോടു തുല്യയാണെങ്കിലും ജീവിതത്തിൽ കേവലം അസദൃശയായ ആ കന്യക ആരെന്നറിയുന്നതിനുള്ള ജി ജ്ഞാസ നിമിത്തം അവൾ ആ ആശ്രമ

ത്തിലേക്ക ഉടൻതന്നെ വേഷം മാറി പ്ര പ്പെട്ടു. അപ്രകാരം ശ്രദ്ധമായി ആശ്രമ വാതില്ക്കൽ എത്തുകയും തത്സമയം തനി ക്ക ഏററവും തുല്യമായ ഒരു കന്യകയെ അവിടെ കാണുകയും ചെയ്കയാൽ ബയ ത്രീസു ആശ്ചൎയ്യ പരതന്ത്രയായി തീൎന്ന എന്നു പറയേണ്ടതില്ലല്ലൊ. അനന്തരം നിശ്ചേഷ്ടയായി നില്ക്കുന്ന അവളോട്ട പ രിശുദ്ധ കന്യക, ബയത്രീസെ! നീ എ ന്നെ അറിയുമോ എന്നു ചോദിച്ചു.

ബയത്രീസ് — ഇല്ല. ഞാൻ അറിക യില്ല എന്നു സംസംഭ്രമം ഉത്തരിച്ചു.

പ. കന്യക — സത്യംതന്നെ. എ ന്തുകൊണ്ടെന്നാൽ നീ എന്നെയും എ ൻെറ തിരുക്കുമാരനേയും മറന്നുകളഞ്ഞു. എങ്കിലും നീ ഈ വിശുദ്ധ സ്ഥലം വിട്ടു ഒളിച്ചുപോകയിൽ സഭാവസ്ത്രവും ആ ശ്രമത്തിൻെറ താക്കോല്യകളും ആരെയാ ണ് ഭരമേല്പിച്ചത്?

ബയ. — (വിസ്മയത്തോട്ടുകൂടി) പ രിശുദ്ധ കന്യക മറിയത്തേയാകുന്നു.

പ. ക. — ആ സ്ത്രീ ഞാൻതന്നെയാ ണ്. ലജ്ജാവഹമായ പ്രയാണം ആരും അറിയാതിരിക്കുന്നതിനുവേണ്ടി ഞാൻ

൬ മ വഷങ്ങളോളമായി നിൻെറ വേഷം ധരിച്ചു് ഇവിടെ നിനക്ക നിയമിക്കപ്പെട്ടിരുന്ന ജോലി നിവ്വഹിച്ചുവരുന്നു. എന്നമാത്രമല്ല, നീ ദൈവമാഗ്ഗികമായ നടവടിമൂലം ആജ്ജിച്ച ദുഷ്കീത്തിക്ക പകരം ഞാൻ നിനക്കവേണ്ടി പരിശുദ്ധതയുടെ ബഹുമതി സമ്പാദിക്കകയും ചെയ്തു. ആകയാൽ ഇനിയെങ്കിലും നീ ആശ്രമത്തിലേക്ക പിന്തിരിഞ്ഞു് ഭയങ്കരമായ പാപവൃത്തികളെ വിട്ടു് തപസ്സും പ്രായശ്ചിത്തവുംകൊണ്ട അവസ്സു പരിഹാരം ചെയ്തുകൊള്ളുക എന്നു പറഞ്ഞു അവളുടെ വസ്ത്രം ഊരിക്കൊടുത്തു് അപ്രത്യക്ഷയാകയും ചെയ്തു.

ബയത്രീസ് ഉടൻതന്നെ സഭാവസ്ത്രങ്ങളെ വീണ്ടും ധരിച്ചു് ശേഷം കന്യകമാരുടെ കൂട്ടത്തിൽ പ്രവേശിച്ചു. അവളുടെ വേർപാടുകാലത്തിൽ വാതിൽക്കാരിയുടെ വേഷം ധരിച്ചു വേലചെയ്തിരുന്ന സ്ത്രീ ദൈവജനനിയാണെന്നുള്ള വസ്തുത രൂപസാമ്യത്താൽ ആരും ഗ്രഹിക്കാതിരുന്നതുമൂലം ബയത്രീസിൻെറ പ്രയാണവും പ്രത്യാഗമവും ഒരുത്തക്കും മനസ്സിലായില്ല. പിന്നീടു ഭാഗ്യഹീനയാ

യിരുന്ന ആ കന്യക കഠിന തപസ്സു ചെയ്യുകയും ദേവമാതാവിന്റെ സ്തുതിക്കായി ഈ വൎത്തമാനം പ്രസിദ്ധീകരിക്കുന്നതിന് കുമ്പസാരക്കാരനെ ചുമതലപ്പെടുത്തിക്കൊണ്ടു പുണ്യവതിയായി മരണം പ്രാപിക്കുകയും ചെയ്തു.

38.) പരിശുദ്ധ മറിയത്തിന്റെ സ്നേഹവും അനുഗ്രഹവുംമൂലം വഴിതെററിപ്പോയ ദുഭ്ഗന്മാരായ പാപികളെ ദൈവസന്നിധിയിലേക്കു തിരിച്ചുകൊണ്ടു വന്ന് രക്ഷയുടെ വഴിയിലാക്കുന്നതിനുള്ള അവളുടെ താല്പൎയ്യം എത്രമാത്രമെന്നു ഈ സംഭവം വിശദീകരിക്കുന്നു. അത്യാപത്തിൽ അകപ്പെട്ട ആ കുഞ്ഞാടിനെ കൎത്താവിന്റെ അജസഞ്ചയത്തിൽ കൊണ്ടുവന്നു ചേൎക്കുന്നതിനായി അവളുടെ വേഷംകൂടി ധരിക്കുന്നതിനും ആ ആശ്രമത്തിൽ അതിദീൎഘമായ കാലം വേലചെയ്തു കഴിച്ചുകൂട്ടുന്നതിനും തിരുമനസ്സായ ദേവമാതാവിന്റെ കാരുണ്യം അന്യാദൃശമല്ലയോ? ആകയാൽ പരിശുദ്ധ കന്യകയുടെ ഇത്ര മഹത്തായ അനുഗ്രഹത്തേയും അവൾക്കു നമ്മുടെ നിത്യരക്ഷയെ സംബന്ധിച്ചുള്ള ജാഗ്രതയേ

യും വായനക്കാരൻ സദാ ധ്യാനിക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നതായാൽ അവനിൽ ദൈവജനനിയോടുള്ള നിഷ്കളങ്കമായ ഭക്തിയും മതിപ്പും ഉണ്ടാകുകയും അവൻ ആ നാഥയുടെ വരികൎമ്മത്തിൽ പ്രോത്സാഹിപ്പിക്കപ്പെടുകയും തന്നിമിത്തം മറിയത്തിന്റെ ഭക്ത ദാസന്മാരുടെ ഗണത്തിൽ എണ്ണപ്പെടുവാൻ പാത്രമാകയും ചെയ്യുമെന്നു ദൃഢമായി വിശ്വസിച്ചുകൊള്ളട്ടെ.

## വിശുദ്ധ കുമ്പാന ഉൾക്കൊള്ളുന്നതിന് ഒരുക്കം.

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ!

സൎവ്വ വല്ലഭനും സൎവ്വജ്ഞനും അളവററ കരുണാസമുദ്രവുമായ ഞങ്ങളുടെ സ്വൎഗ്ഗീയ പിതാവെ! നിന്റെ ദത്തുപുത്രരായ ഞങ്ങളെപ്പററിയുള്ള നിന്റെ കൃപയെ കാണിപ്പാനായി സ്വൎഗ്ഗത്തിൽ നിന്നു രുചികരമായ അപ്പത്തെ നീ യാ

ത്തയാക്കി, വിശന്നിരിക്കുന്ന ഞങ്ങളെ
പോഷിപ്പിപ്പാൻ തിരുമനസ്സായിക്കൊണ്ടു
പക്ഷമുള്ള പിതാവിനേപ്പോലെ നി
ൻെറ സകല സൃഷ്ടികളേയും അതിശയ
മായ വിധത്തിൽ കാത്തുപാലിക്കയും തീ
റ്റിവളൎത്തുകയും ചെയ്യുന്നവല്ലൊ. അ
യോഗ്യനെങ്കിലും നിൻെറ പുത്രരിലൊ
രുവനായി ഗണിക്കപ്പെടുവാനും നിൎഭാഗ്യ
നും നീചനും ആത്മികദാഹത്താൽ ക
ഷ്ടപ്പെടുന്നവനുമായ എൻെറമേൽ പിതാ
വിന്നടുത്ത അനുഗ്രഹത്തോടെ നിൻെറ
തൃക്കണ്ണുകളെ തിരിച്ചു എന്നെ കൈക്കൊ
ള്ളുന്നതിനു വേണ്ടി സ്വൎഗ്ഗത്തിലിരിക്കുന്ന
നിൻെറ പക്കൽ എൻെറ കണ്ണുകളെ
ഞാൻ ഉയൎത്തുന്നു. ദയ നിറഞ്ഞ പിതാ
വെ! ഈ കണ്ണുനീർ കനവായിൽ വല
ഞ്ഞു പോഷണം തേടി പരദേശിയായി
നടക്കുന്ന ഹാവായുടെ മക്കളിൽ ഒരാളാ
യ എന്നെ കൈതുക്കി രക്ഷിച്ചു പരലോ
കാഹാരത്താൽ പോഷിപ്പിക്കേണമെ.

നിൻെറ നാമം ശുദ്ധീകരിക്കപ്പെടട്ടെ.

സ്നേഹം നിറഞ്ഞ പിതാവെ! ഞാ
ൻ ചെയ്യുന്നതും പറയുന്നതും വിചാരി

ക്കുന്നതുമെല്ലാം നിന്റെ സ്തുതിക്കായി തീരണമെന്നാകുന്നു എന്റെ ഏകാഗ്രഹം. എന്നാലിപ്പോൾ പ്രത്യേകമായി നിന്റെ തിരുക്കുമാരന്റെ തിരുശ്ശരീരവും തിരുരക്തവും എന്നീ പരമരഹസ്യത്തെ ഉൾക്കൊള്ളുവാൻ ഞാൻ പോകയിൽ നിന്റെ ഉന്നത മഹത്വവും വല്ലഭവും നന്മയും ജ്ഞാനവും സ്തുതിക്കപ്പെടട്ടെ എന്നീ വിചാരത്തോടുകൂടെ ഞാൻ അണയുന്നു. നിന്റെ ഏകകുമാരനെത്തന്നെ ഞങ്ങൾക്കു രക്ഷയുടെ പണയവും ആഹാരവുമായി തരുവാൻ തക്കവണ്ണം അത്ര ഞങ്ങളെ നീ സ്നേഹിച്ചതിനാൽ ഈ ഉന്നതമായ അനുഗ്രഹത്തെക്കുറിച്ചു യോഗ്യമാംവണ്ണം നിന്നെ സ്തുതിച്ചുകൊണ്ടടുന്നതിനു ഞങ്ങൾ അശക്തരായിരിക്കയാൽ നിന്റെ ദിവ്യപുത്രൻ തന്നെ നിനക്കു സ്തുതികൊണ്ടാട്ടം ചെയ്യട്ടെ. എന്തെന്നാൽ സകലത്തിന്മേലും അയാളെ നീ അത്യുന്നതപ്പെടുത്തി. സകല നാമത്തിനും മേലായ നാമം അയാൾക്കു നീ നൽകി.

നിന്റെ രാജ്യം വരട്ടെ.

രാജ്യത്തിന്റെ ഭാഗ്യവും സന്തോ

ഷവും ഈ ദിവ്യക്രൂദാശയിൽ ഞങ്ങൾ അനുഭവിക്കട്ടെ. എന്തെന്നാൽ വരുവാനിരിക്കുന്ന നിത്യസ്തുതിയുടെ അച്ചാരമായി നിൻെറ ദിവ്യപുത്രൻെറ തിരുശ്ശരീരത്തേയും തിരുരക്തത്തേയും ഞങ്ങൾക്കു നീ തരികയും നിൻെറ അളവില്ലാത്ത ദയാധിക്യത്താൽ ഞങ്ങളെ സ്വർഗ്ഗരാജ്യത്തിൻെറ അവകാശികളും ദത്തുപുത്രന്മാരും ആക്കുകയും ചെയ്തു. വിശേഷിച്ച ഞങ്ങളുടെ ഈ പരദേശ ജീവിതത്തിൽ നിൻെറ അനുഗ്രഹത്തിൻെറ രാജിതം ഞങ്ങളിൽ പൂർത്തിയാകുന്നതിനും കടശി, സ്വർഗ്ഗരാജ്യത്തിൽ ഞങ്ങൾ വരുന്നതിനുമായി ഈ ദിവ്യ അച്ചാരമായ ക്രൂദാശയെ മഹാ ഭയഭക്തിയോടെ ഉൾക്കൊള്ളുന്നതിനു കൃപചെയ്യേണമെ.

നിൻെറ തിരുമനസ്സ ആകാശത്തിലെപ്പോലെ ഭൂമിയിലുമാകട്ടെ.

ഈ ശുദ്ധതയുടെ ശുദ്ധ സ്ഥലത്തിനു ഞങ്ങൾ അണയുമ്പോൾ ഞങ്ങളുടെ ശുദ്ധീകരണത്തിൽ അല്ലാതെ മറെറന്തിലാണ് നിൻെറ തിരുമനസ്സ പൂർത്തിയാകുന്നതു? ഈ ശുദ്ധതയുടെ മേശക്കുണയു

മ്പോൾ ഞങ്ങളെ ശുദ്ധമാക്കുന്നതിലല്ലാതെ മറെറന്തിലാണ് നിൻെറ തിരുമനസ്സുപൂൎത്തിയാകുന്നത്? നിൻെറ തിരുക്കുമാരനായ മനുഷ്യപുത്രൻെറ തിരുശ്ശരീരത്തെ ഞങ്ങൾ ഉൾക്കൊള്ളുകയും തിരുരക്തത്തെ പാനം ചെയ്കയും ചെയ്യുന്നതിനു നീ ഞങ്ങൾക്കു അനുവാദം തന്നുകൊണ്ടു ഞങ്ങളെ നീ രൂപാന്തരപ്പെടുത്തുന്നതിലത്രേ നിൻെറ തിരുമനസ്സു പൂൎത്തിയാകുന്നത്. എന്നാൽ നീ നിൻെറ ദിവ്യപുത്രനോടുകൂടെ, ഈ മേശയ്ക്കടുപ്പാൻ ഞങ്ങളോടു കല്പിച്ചില്ലായെങ്കിൽ സ്വന്തഅല്പത്വത്തെ അറിഞ്ഞിരിക്കുന്ന യാതൊരുത്തനും പരിഭ്രമം ഇതിനു തുനികയില്ല. ഇപ്രകാരം ഞങ്ങൾ ശുദ്ധമുള്ളവരായി തീരുന്നതിനും പരിശുദ്ധന്മാരിൽ പരിശുദ്ധനായ നിൻെറ തിരുക്കുമാരൻെറ പക്കൽ അണയുന്നതിനുള്ള നിൻെറ ഈ തിരുമനസ്സു ഞങ്ങളിൽ പൂൎത്തിയാകുന്നതിനുംവേണ്ടി ഈ പരിശുദ്ധ ദിവ്യരഹസ്യത്തെ ശുദ്ധതയോടും വണക്കത്തോടും സ്നേഹത്തോടും കൂടി ഉൾക്കൊൾവാൻ കൃപചെയ്യേണമെ.

ഞങ്ങളുടെ ആവശ്യത്തിൻെറ അപ്പം ഞ
ങ്ങൾക്കിന്നു തരേണമെ.

കൎത്താവെ! എല്ലാവരുടെ കണ്ണുക
ളും നിന്നെ ശരണം പാൎത്തുകൊണ്ടിരി
ക്കുന്നു. സകലൎക്കും അവനവനു ആവശ്യ
മായ ഭക്ഷണത്തെ കൊടുക്കുന്നവനായ
നീ നിൻെറ കരങ്ങളെ വിടുൎത്തി നി
ൻെറ ആശീൎവ്വാദത്താൽ എന്നെ പൂരിപ്പി
ക്കേണമെ. ശരീരത്തെക്കാൾ ആത്മം
ജീവിപ്പാൻ ആവശ്യമെന്നു നീ അറിഞ്ഞി
രിക്കുന്നു. ആ! ഇത്ര സമ്പന്നനായ പി
താവിൻെറ വീട്ടിൽ വസിക്കുന്ന മക്കൾ എ
ത്രയൊ ഭാഗ്യപ്പെട്ടവർ! ഈ വീട്ടിൽ
ദിവ്യവചനത്തിൻെറ അപ്പം എത്രയൊ
ധാരാളമായി പകുത്തുകൊടുക്കുന്നു. ഇതാ
യിരിക്കുന്ന സ്വൎഗ്ഗത്തിൽനിറങ്ങി, അപ്പ
ത്തിൻെറ വീടെന്നൎത്ഥമുള്ള ബെത്ലഹെമ്മി
ൽ പിറന്ന മാലാഖാമാരുടെ അപ്പവും പ
രലോക മന്നായും ഈ ജീവനുള്ള അപ്പം
സകലൎക്കും ധാരാളമായി കൊടുക്കപ്പെടു
ന്നു. വിശേഷിക്കപ്പെട്ടതും മാണിക്കമായ
തുമായ ആഹാരമേ! നിത്യപിതാവി
ൻെറ കരകാണാത്ത കൃപാസമുദ്രമേ! തി

രത്തെതുടക്കപ്പെട്ടവരുടെ ധാന്യവും ജീവന്റെ അപ്പവും എനിക്ക തരപ്പെട്ടിരിക്കുന്നു. ആകയാൽ ദയനിറഞ്ഞ പിതാവെ! ഈ ആകാശ അപ്പത്താൽ ഞാൻ പലപ്പോഴും പോഷിപ്പിക്കപ്പെടുന്നതിനു അനുഗ്രഹം ചെയ്യേണമെ. ഈ സ്വൎഗ്ഗീയ അപ്പത്തെ ഭക്ഷിച്ചുകൊണ്ടു ഈ അപായം നിറഞ്ഞ വഴിയിൽ ഞാൻ ക്ഷീണിക്കാതെ ഗമനംചെയ്തു മോക്ഷംപ്രാപിക്കുവോളം ആയുസ്സിന്റെ ഈ അപ്പം എന്റെ ദിനംപ്രതിയുള്ള ബലഹീനതയ്ക്കു അനുദിനഭോജനമായി തീരട്ടെ.

ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ
പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും
ഞങ്ങളുടെ പാപങ്ങളും ഞങ്ങളോടു
നീ പൊറുക്കേണമെ.

ആ! ഞങ്ങളുടെ കടമകൾ എത്ര? എത്രയോ ഘോരമായതു! ഏറിയ കാൎയ്യങ്ങളിൽ നിന്നെ ഞങ്ങൾ ഉപദ്രവിച്ചു. ഇതിനാൽ ഞങ്ങൾ നിൎഭാഗ്യരും അഗതികളുമായിരിക്കുന്നു. ഞങ്ങളുടെ കടങ്ങളെ വീട്ടുവാൻ ഞങ്ങൾ വശഹീനന്മാരായിരിക്കുന്നു. എന്റെ ദൈവമെ! നിന്റെ പക്ക

ൽ അനുഗ്രഹവും കൃപയും ധാരാളം. നി
ന്റെ ദിവ്യ പുത്രന്റെ പക്കൽ സമൃദ്ധി
യായ രക്ഷയും ഉണ്ടായിരിക്കുന്നു. എന്നാ
ൽ ൧൨൦ നിക്ഷേപം വിശുദ്ധ കുമ്പാന വ
ഴിയായിട്ടും ഞങ്ങൾക്കു നീ തന്നിരിക്ക
യാൽ അതുങ്ങടെ വീട്ടേണ്ടതായി ഞങ്ങ
ളുടെ ശേഷിച്ചിരിക്കുന്ന കടമകളെ ഇ
തിനാൽ പരിഹരിക്കുന്നതിനായി ഈ
ദിവ്യക്രുദാശയെ യോഗ്യതയോടെ ഉൾ
ക്കൊള്ളുന്നതിനു ഞങ്ങൾക്കു അനുഗ്രഹം
ചെയ്യുരുളേണമെ. നിത്യപിതാവെ! എ
ന്റെ കടമകൾക്കു പരിഹാരമായി ഈ
നിക്ഷേപത്തെ നിനക്കു ഞാൻ കാഴ്ചവെ
ക്കുന്നു. സമാധാനത്തിന്റെയും ഐകമ
ത്യത്തിന്റെയും ഈ ക്രുദാശയെ ആത്മ
നിരപ്പോടും സമാധാനത്തോടുംകൂടി ഉ
ൾക്കൊള്ളുവാൻ ഇടവരുത്തേണമെ. നി
ന്റെ തിരുക്കുമാരൻ സ്ലീവാമരത്തിന്മേ
ൽ തൂങ്ങിക്കിടന്നുകൊണ്ടു സകലരുടേയും
പാപങ്ങൾക്കായി (കടങ്ങൾക്കായി) പ
രിഹാരം ചെയ്യു സമയം തന്റെ ശത്രുക്ക
ളോടു പൊറുത്തിരിക്കുന്നു എന്നു കാണി
ച്ചുകൊണ്ടു പിതാവെ! ഇവരോടു നീ
പൊറുക്കേണമെ" എന്നു എളിമയോടെ

നിന്നോടപേക്ഷിച്ച പ്രാൎത്ഥനയുടെ യോഗ്യതകളാൽ ദ്രോഹിയായ എന്റെ പാപങ്ങളേയും എന്നോട നീ പൊറുക്കേണമെ.

ഞങ്ങളെ പരീക്ഷയിൽ പൂകിക്കല്ലെ!

കൎത്താവെ! ഞങ്ങളുടെ മുമ്പാകെ ഞങ്ങളെ പിഡിപ്പിക്കുന്ന ശത്രുക്കൾക്കെതിരായി മേശയെ നീ ഒരുക്കി. അതിൽ ലോകം, പിശാച്, മാംസം എന്നീ മൂന്നു ശത്രുക്കളുടെ പരീക്ഷകളൊക്കയോടും മറുതലിച്ചു നില്ലാൻ ബലം കൊടുക്കുന്ന അപ്പത്തെ ഭുജിപ്പാനായി നീ വെച്ചിരിക്കുന്നു.

ഞാൻ ലോകഭാഗ്യങ്ങളുടെ പിറകേ പോകാതെ ൦ര൦ അപ്പത്താൽ ഞാൻ നിന്നിൽ രൂപാന്തരപ്പെട്ടു നിനക്കിഷ്ടമായിരിക്കുന്നതിനെ മാത്രമാഗ്രഹിക്കയും മനസ്സാകയുമുള്ളു എന്നുറപ്പായി നിശ്ചയിച്ചിരിക്കുന്നു. ദിവ്യ ചെമ്മരിയാട്ടിൻകുട്ടിയുടെ മാംസത്തെ ഉൾക്കൊൾവാൻ നിശ്ചയിച്ചിരിക്കുന്നു എങ്കിൽ മാംസത്തിന്റെ ഇമ്പസന്തോഷാഗ്രഹങ്ങൾ നിൎമ്മൂലമാകുവാൻ ന്യായമായിരിക്കുന്നു. എന്തെന്നാൽ ൦ര൦ ശോമിശിഹായുടെ തിരുമാംസത്തെ ഉൾ

കൊള്ളുന്നതിൽ നിന്ന് ഒരാത്മാവിന്നു അനുഗ്രഹിപ്പാൻ പാടുള്ള ഇമ്പസന്തോഷങ്ങളൊക്കെയുമുണ്ടാകും. "കൎത്താവു ഞങ്ങളോടു കൂടെ എങ്കിൽ ഞങ്ങൾക്കു വിരോധമായി ആർ"? എന്നീ തിരുവാക്യം പോലെ എന്റെ കൎത്താവേ! നിന്നെ ഉൾക്കൊണ്ടു കഴിഞ്ഞാൽ പിന്നെ പിശാചിനു എന്നോടെന്തു ചെയ്വാൻ സാധിക്കും?

വിശേഷിച്ചു തിന്മയിൽ നിന്നു ഞങ്ങളെ
രക്ഷിച്ചു കൊള്ളേണമെ.

ഞങ്ങളുടെ കൎത്താവേ! ഈ ലോകത്തിൽ ഏറിയ ആപത്തുകളും നാശങ്ങളും ഞങ്ങൾക്കുവന്നുനേരിടുവാൻപാടുണ്ട്. അവകൾ ഞങ്ങൾക്കു തിന്മയായി തീരുന്നതു ഞങ്ങൾ ബലഹീനന്മാരായി നിന്നിൽ നിന്നു അകന്നുപോകുമ്പോളത്രെ. ആ! ദൈവമെ! സകല നന്മസ്വരൂപിയായ നിന്നിൽ നിന്നകലുന്നതു എല്ലായിലും വലിയ തിന്മയായിരിക്കുന്നു. എന്നാൽ ഇത്ര വലിയ തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കുന്നതിനു സകല നന്മകളുടെ ഉറവയായിരിക്കുന്ന നീ മാത്രമല്ലാതെ മറെറന്തു

പോംവഴിയാണ് ഞങ്ങൾക്കുള്ളതു്. ഞ
ങ്ങൾക്കു മദ്ധ്യസ്ഥനും ഞങ്ങളെ താങ്ങു
ന്നവനും ഞങ്ങളുടെ രക്ഷയുടെ കൎത്താവു
മായ ഈശോമ്ശിഹാ തന്റെ തിരു ര
ക്തത്താൽ പാപത്തിൽ നിന്നും മരണ
ത്തിൽ നിന്നും ഞങ്ങളെ വീണ്ടുകൊണ്ടു
ഞങ്ങളുടെ അനുദിന തിന്മകളെ പോ
ക്കിയൊഴിപ്പാൻ തന്നെത്തന്നെ ഭക്ഷണ
മാററി തന്നരുളിയതിനാൽ തന്നെ ഉൾ
ക്കൊണ്ടു കൊണ്ടു സമാധാന ഐക്യതയി
ൽ ഞങ്ങൾ ഉറങ്ങുവാൻ കൃപ ചെയ്യേ
ണമെ. ഇപ്രകാരം ഈശോമ്ശിഹായോ
ടൊന്നിച്ചിരിക്കുന്നു എങ്കിൽ ഞങ്ങൾക്കു
യാതൊരു തിന്മയും ഭവിക്കയില്ല. ദൈ
വത്തോടു ചേരുന്നതു എനിക്കു നന്മയാ
യിരിക്കുന്നു. നീ അല്ലാതെ എനിക്കു സ്വ
ൎഗ്ഗത്തിൽ ആരുള്ളു?. എന്റെ അഗ്രഹത്തി
നു വിഷയീഭവിക്കത്തക്കവനായി നീ അ
ല്ലാതെ ഭൂമിയിൽ മററാരുമില്ല. എന്റെഈ
ശോയെ! എന്റെ ഭാഗ്യമെ! എന്റെ സ
ന്തോഷമെ! എന്റെ സ്നേഹമെ! എന്റെ
ജീവനെ! എന്റെ സമസ്തമെ! ഈ ലോക
ത്തിൽ ജീവിച്ചിരുന്ന സകല പുണ്യാത്മാക്ക
ൾ നിന്നെ ഉൾക്കൊണ്ടപ്പോൾ അവരുടെ

ഹൃദയത്തിൽ നിൻെറ മേലുണ്ടായിരുന്ന ആ സ്നേഹത്തോടും പക്ഷത്തോടും കൂടി നിന്നെ ഉൾക്കൊള്ളുവാൻ ഞാൻ ആഗ്രഹിക്കുന്നു.

കാഴ്ചവെപ്പു.

൧. നിത്യപിതാവെ! എത്രയും ശ്രവണമുള്ള അങ്ങേ മകളായ മറിയത്തെ, പ്രത്യേകമായി അവളുടെ അമലോത്ഭവത്തിൽ നീ അലങ്കരിച്ച ദാനങ്ങൾക്കും വിശേഷവരങ്ങൾക്കും സ്തോത്രമായി ഈ എത്രയും പരിശുദ്ധ അമലോത്ഭവ കന്യകയോടു ചേൎന്നും അവളുടെ നാമത്തിലും ഇപ്രകാരം തന്നെ സ്വൎഗ്ഗത്തിലുള്ള എല്ലാ ഭാഗ്യപ്പെട്ടവരോടും ഭൂമിയിലുള്ള സകല തെരഞ്ഞെടുക്കപ്പെട്ടവരോടും ചേൎന്നും അവരുടെ നാമത്തിലും ഈശോ മ്ശിഹായുടെ വിലമതിച്ചുകൂടാത്ത തിരുരക്തത്തെ നിനക്കു ഞാൻകാഴ്ചവെക്കുന്നു. വിശേഷിച്ചും നിൎഭാഗ്യപ്പെട്ട പാപികളുടെ മനസ്സുതിരിവിന്നും നിൻെറ തിരുസ്സഭയുടെ വൎദ്ധനയ്ക്കും ഉന്നതിക്കും റോമായുടെ മെത്രാനായ ഞങ്ങളുടെ പ്രധാന മേലുട്ടക്കാരൻെറ രക്ഷയ്ക്കും ശുഭത്തിന്നുമായി

അങ്ങേ നിയോഗംപോലെയും ഈ തിരു രക്തത്തെ നിനക്കു ഞാൻ സമൎപ്പിക്കുന്നു.
൧ ത്രി.

൨. മനുഷ്യാവതാരം ചെയ്ത നിത്യ വചനമെ! നിന്റെ എത്രയും പ്രിയമുള്ള മാതാവായ മറിയത്തെ, പ്രത്യേകമായി അവളുടെ അമലോത്ഭവത്തിൽ നീ അലങ്കരിച്ച ദാനങ്ങൾക്കും വിശേഷവരങ്ങൾക്കും സ്തോത്രമായി ഈ എത്രയും പരിശുദ്ധ അമലോത്ഭവകന്യകയോടു ചേൎന്നും അവളുടെ നാമത്തിലും ഇപ്രകാരം തന്നെ സ്വൎഗ്ഗത്തിലുള്ള എല്ലാ ഭാഗ്യപ്പെട്ടവരോടും ഭൂമിയിലുള്ള സകല തെരിഞ്ഞെടുക്കപ്പെട്ടവരോടും ചേൎന്നും അവരുടെ നാമത്തിലും ഈശോമിശിഹായുടെ വിലമതിച്ചുകൂടാത്ത തിരുരക്തത്തെ നിനക്കു ഞാൻ കാഴ്ചവെക്കുന്നു. വിശേഷിച്ചും നിൎഭാഗ്യപ്പെട്ട പാപികളുടെ മനസ്സുതിരിവിന്നും നിന്റെ തിരുസ്സഭയുടെ വൎദ്ധനയ്ക്കും ഉന്നതിക്കും റോമായുടെ മെത്രാനായ ഞങ്ങളുടെ പ്രധാന മേല്പട്ടക്കാരന്റെ രക്ഷയ്ക്കും ശുഭത്തിന്നുമായി അങ്ങേ നിയോഗംപോലെയും ഈ തിരുരക്തത്തെ നിനക്കു ഞാൻ സമൎപ്പിക്കുന്നു. ൧ ത്രി.

൩. നിത്യ പിതാവാകുന്ന ദൈവമെ! നിന്റെ എത്രയും പരിശുദ്ധ മണവാട്ടിയായ മറിയത്തെ, പ്രത്യേകമായി അവളുടെ അമലോത്ഭവത്തിൽ നീ അലങ്കരിച്ച ദാനങ്ങൾക്കും വിശേഷ വരങ്ങൾക്കും സ്തോത്രമായി ഈ എത്രയും പരിശുദ്ധ അമലോത്ഭവ കന്യകയോടു ചേൎന്നും അവളുടെ നാമത്തിലും ഇപ്രകാരംതന്നെ സ്വൎഗ്ഗത്തിലുള്ള എല്ലാ ഭാഗ്യപ്പെട്ടവരോടും ഭൂമിയിലുള്ള സകല തെരഞ്ഞെടുക്കപ്പെട്ടവരോടും ചേൎന്നും അവരുടെ നാമത്തിലും ഈശോ മ്ശിഹായുടെ വിലമതിച്ചുകൂടാത്ത തിരുരക്തത്തെ നിനക്കു ഞാൻ കാഴ്ചവെക്കുന്നു. വിശേഷിച്ചും നിൎഭാഗ്യപ്പെട്ട പാപികളുടെ മനസ്സുതിരിവിന്നും നിന്റെ തിരുസ്സഭയുടെ വൎദ്ധനയ്ക്കും ഉന്നതിക്കും റോമായുടെ മെത്രാനായ ഞങ്ങളുടെ പ്രധാന മേല്പട്ടക്കാരന്റെ രക്ഷയ്ക്കും ശുഭത്തിന്നുമായി അങ്ങേ നിയോഗം പോലെയും ഈ തിരുരക്തത്തെ നിനക്കു ഞാൻ സമൎപ്പിക്കുന്നു. ൧ ത്രി.

## പരിശുദ്ധ കന്യകയോട്.

ദൈവത്തിൻെറ മാതാവായ മറിയമെ! എത്രയും പരിശുദ്ധ അമലോത്ഭവ കന്യകയെ! നിനക്കു ദൈവത്തിൻെറ നേരെ എല്ലായ്പ്പോഴുമുള്ള സ്നേഹത്തെക്കുറിച്ചും അങ്ങുന്നു നിനക്കു ധാരാളമായി പൊഴിഞ്ഞരുളിയ ഇത്രയേറിയ വരപ്രസാദങ്ങളും സ്തുതികളും നിമിത്തം പ്രത്യേകം നിനക്കു മാത്രം നൽകപ്പെട്ട അമലോത്ഭവമെന്ന വിശേഷവരം നിമിത്തം അങ്ങേ നേരെ നിനക്കുള്ള നന്ദിയെക്കുറിച്ചും നിൻെറ ദിവ്യകുമാരനും ഞങ്ങളുടെ കൎത്താവുമായ ഈശോ മ്ശിഹായുടെ അളവില്ലാത്ത യോഗ്യതകളെക്കുറിച്ചും നിൻെറ നേരെ എത്രയും സാംഗോപാംഗമായതും സ്ഥിരമായതുമായ ഭക്തിയും ഞങ്ങൾ അപേക്ഷിക്കുന്ന നന്മകളുമെല്ലാം നിൻെറ എത്രയും വല്ലഭമുള്ള മദ്ധ്യസ്ഥത വഴിയായി പ്രാപിക്കുമെന്നു എത്രയും ഉറപ്പുള്ള ശരണവും ഞങ്ങൾക്കു ലഭിച്ചുതരെണമെന്നു വളരെ സാദ്ധ്യപ്പെട്ടുകൊണ്ടു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

ആകയാൽ നിൻെറ വലിയ നന്മയിൽനിന്ന് ഇവകൾ പ്രാപിക്കമെന്ന ഞങ്ങൾ ഉറച്ച ശരണപ്പെട്ടകൊണ്ട സന്തോഷവും ഉപകാരസ്മരണയും നിറഞ്ഞ ഹൃദയത്തോട്ടകൂടെ നിന്നെ ഞങ്ങൾ വണങ്ങി വിശുദ്ധ ഗെബ്റിയേൽ മാലാഖാ നിന്നോട്ട ചൊല്ലിയ സ്വാസ്തി ചൊല്ലുന്നു. ൧ നന്മ.

(1) ഉച്ചരണംപ്രതി ൩൦൦ ദി. ദ. വി. (2) മാസത്തിലൊരിക്കൽ പൂൎണ്ണ ദ. വി. ൧൮൧൭ മിഥുനം ൧൮.



# സ്ലീവാപ്പാഥ.

## ധ്യാനം.

ആരാധിക്കപ്പെടത്തക്ക ഞങ്ങളുടെ ദിവ്യരക്ഷകനായ ഈശോയെ! ഇതാ നിന്റെ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം വീണ്, ഞങ്ങൾക്കുവേണ്ടിയും മരിച്ച വിശ്വാസികൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. ഞങ്ങളിപ്പോൾ ധ്യാനിപ്പാൻ പോകുന്ന നിന്റെ കഷ്ടാനുഭവത്തിന്റെ അളവില്ലാത്ത യോഗ്യതകളുടെ ഫലങ്ങൾ ഞ

ങ്ങൾക്കു നീ തരേണമെ. ഞങ്ങൾ നെ
ടുവീൎപ്പുകളുടെയും കണ്ണുനീരുകളുടെയും
ഈ തിരുയാത്ര കഴിക്കയിൽ ഞങ്ങളുടെ
ഈ പരദേശജീവിതത്തിലെ എല്ലാ കു
രിശുകളേയും സങ്കടങ്ങളേയും നിന്ദക
ളേയും സന്തോഷപൂൎവ്വം കൈക്കൊള്ളുവാ
ൻ ഞങ്ങളുടെ ഹൃദയത്തിൽ മനസ്താപ
വും ദുഃഖവും ചിന്തേണമെ. ആമ്മേൻ.

✠

## ഒന്നാം സ്ഥലം.

### ഈശോ മ്ശിഹായെ മരണത്തിന്നു വിധിക്കുന്നു.

ചിന്ത.

ഈശോ മ്ശിഹാ, ദൂഷണം പറയ
പ്പെട്ട കയ്യെപ്പായുടെ വീട്ടിൽനിന്നും അ
ങ്ങുന്ന് പരിഹസിക്കപ്പെട്ട ഹേറോദേ
സിന്റെ കൊട്ടാരത്തിൽ നിന്നും പുറ
പ്പെട്ട ശേഷം അവർ പീലാത്തോസി
ന്റെ മുമ്പാകെ അങ്ങേ കൊണ്ടുപോക
യും ചമ്മട്ടികളാൽ അങ്ങേപ്പുറം കീറുക

യും അങ്ങേ തിരുത്തലയിൽ മുൾമുടി ധരിപ്പിക്കയും ചെയ്തു. ഒടുക്കത്തെ ദിവസം ജീവിക്കുന്നവരെയും മരിച്ചവരെയും വിധിപ്പാനിരിക്കുന്നവൻ ഏററം അവമാനമുള്ള മരണത്തിന്നു വിധിക്കപ്പെടുന്നു!

ജപം.

ആ! നല്ല ഈശോയെ! നീ ഞങ്ങൾക്കുവേണ്ടി ദുഃഖം അനുഭവിക്കയും നി ഞങ്ങളുടെ പാപങ്ങൾ നിമിത്തമായി മരണത്തിന്നു വിധിക്കപ്പെടുകയും ചെയ്തുവല്ലൊ. ഞങ്ങൾ ഹൃദയപൂൎവ്വം പാപത്തെ ദ്വേഷിക്കുന്നതിന്നും മനസ്താപത്താൽ നിന്റെ കരുണയും ക്ഷമയും പ്രാപിക്കുന്നതിന്നും കൃപചെയ്യേണമെ.

മനസ്താപപ്രകരണം.

ദയാപരനായ ദൈവമെ! ഞങ്ങളുടെ മുഴുഹൃദയത്തോടെ എല്ലാററിനെക്കാൾ നിന്നെ ഞങ്ങൾ സ്നേഹിക്കുന്നു. നിന്നോട് ഉപദ്രവിച്ചതിനാൽ ഹൃദയപൂൎവ്വം ദുഃഖിക്കുന്നു. ഇനി യൊരിക്കലും നിന്നെ ഞങ്ങൾ ഉപദ്രവിക്കാതിരിക്കട്ടെ. നിന്നെ ഞങ്ങൾ എല്ലാപ്പോഴും സ്നേഹി

ക്കയും നിന്റെ ഇഷ്ടം എല്ലാററിലും പ്ര വൃത്തിക്കുന്നതു ഞങ്ങളുടെ സന്തോഷമാക യും ചെയ്യട്ടെ.

✠

## രണ്ടാം സ്ഥലം.

### ഈശോ മ്ശിഹാ കുരിശു ചുമത്തപ്പെടുന്നു.

ചിന്ത.

ഭാരമുള്ള സ്ലീവാമരം ഈശോ മ്ശിഹായുടെ മുറിവേൽക്കപ്പെട്ട തോളിന്മേൽ വെക്കപ്പെടുന്നു. അങ്ങുന്ന് അതിനെ സൌമ്യതയോടും സന്തോഷത്തോടും കൂടെ കൈക്കൊള്ളുന്നു. എന്തുകൊണ്ടെന്നാൽ, ഇതു് ലോകത്തെ വീണ്ടുരക്ഷിപ്പാനുള്ള ആയുധമാകുന്നു!

ജപം.

ദിവ്യ ഈശോയെ! നിന്റെ സ്ലീവായുടെ ശക്തിയാലെ സൌമ്യതയോടും സന്തോഷമുള്ള അനുസരണത്തോടും കൂടെ ഞങ്ങളുടെ അന്തസ്സിന്റെ വിഷമങ്ങ

ളെ സഹിപ്പാനും ഞങ്ങളുടെ സ്ലീവായെ എടുത്തു നിന്നെ അനുഗമിക്കുന്നതിന്നും ഒരുങ്ങിയിരിപ്പാനും ഞങ്ങൾക്കു കൃപ ചെയ്യേണമെ.

ടി. മനസ്താപപ്രകരണം ചൊല്ലുക.

✠

## മൂന്നാം സ്ഥലം.

ഈശോ മ്ശിഹാ കുരിശിനോടുകൂടെ ഒന്നാം പ്രാവശ്യം നിലത്തു കവിണു വീഴുന്നു.

### ചിന്ത.

ഈശോ മ്ശിഹാ സ്ലീവായുടെ ഭാരത്താലെ വീണശേഷം പുരുഷാരത്തിന്റെ പരിഹാസങ്ങളുടേയും നിന്ദകളുടേയും മദ്ധ്യേ ഗാഗുൽത്താ മലയിലേക്കു മെല്ലെ പുറപ്പെടുന്നു. പൂങ്കാവനത്തിലെ മരണവേദനയാൽ തന്റെ തിരുശ്ശരീരം ക്ഷീണിച്ചു. ഏററ അടികളാലും മുറിവുകളാലും അങ്ങുന്നു വ്യാകുലപ്പെട്ടിരിക്കുന്നു.

ശക്തി ക്ഷയിച്ചു, അങ്ങുന്നു സ്ലീവായുടെ കീഴായി നിലത്തു വീഴുന്നു.

ജപം.

ഞങ്ങളുടെ പാപം നിമിത്തമായി സ്ലീവായുടെ ഭാരമുള്ള ചുമടിനെ സഹിക്കയും അതിന്റെ ഭാരത്താൽ വീഴുകയും ചെയ്ത ഈശോയെ! നിന്റെ കഷ്ടാനുഭവത്തിന്റെ ഓൎമ്മ ഞങ്ങളെ ഉണർച്ചയുള്ളവരാക്കുകയും ഘനമായ പാപത്തിൽ വീഴുന്നതിൽനിന്നു ഞങ്ങളെ രക്ഷിക്കയും ചെയ്യട്ടെ.

ടി. മനസ്താപപ്രകരണം ചൊല്ലുക.

## നാലാം സ്ഥലം.

ഈശോ മ്ശിഹാ തന്റെ പരിശുദ്ധ മാതാവു് എതിരെ വരുന്നതിനെ കാണുന്നു.

ചിന്ത.

ഈശോ മ്ശിഹാ തന്റെ സ്ലീവാമരത്തെ ചുമന്നുകൊണ്ടും വീഴ്ചയാൽ അധി

കമായി മുറിവേററുകൊണ്ടും മുമ്പോട്ടു നടക്കുന്നു. അപ്പോൾ തന്റെ അമ്മ തന്റെ എതിരെ വരുന്നു. ആ! ഇതെന്തൊരു ക്രൂടിക്കാഴ്ച!! വ്യാകുലത്തിന്റെ വാൾ അമ്മയുടെ ഹൃദയത്തെ കുത്തി ഭേദിച്ചു. പുത്രന്നു തന്റെനേരെ എത്രയൊ വലിയ സഹതാപം തോന്നിയിരിക്കെണം.

ജപം.

ദുഃഖസമുദ്രത്തിൽ മുഴുകിയ ദിവ്യ ഈശോയെ! നിന്റെ മാതാവിന്റെ നേരെ നിനക്കുണ്ടായ സഹതാപത്തെക്കുറിച്ചു ഞങ്ങളുടെമേൽ ദയതോന്നി അവളുടെ മദ്ധ്യസ്ഥാപേക്ഷയുടെ പങ്ക് ഞങ്ങൾക്കു തരേണമെ. എത്രയും വ്യാകുലമുള്ള മാതാവായ മറിയമെ! നിന്റെ പുത്രന്റെ ദുഃഖാനുഭവംമൂലം ഞങ്ങൾ, വരുവാനിരിക്കുന്ന കോപത്തിൽനിന്നു രക്ഷിക്കപ്പെടുവാൻ ഞങ്ങൾക്കുവേണ്ടി നീ അപേക്ഷിക്കേണമെ.

ടി. മനസ്താപപ്രകരണം ചൊല്ലുക.

✠

# അഞ്ചാം സ്ഥലം.

## കരിശു ചുമന്നുകൊണ്ടു പോകുന്നതിന്നു ശെമഓൻ ഈശോ മ്ശിഹായെ സഹായിക്കുന്നു.

### ചിന്ത.

ഈശോ മ്ശിഹായുടെ ശക്തി ക്ഷയിച്ചു മുന്നോട്ടു നടപ്പാൻ കഴിയാതെ വന്നപ്പോൾ ബാധകന്മാർ കെവുറിനാക്കാരനായ ശെമഓനെ പിടിച്ചു സ്ലീവാമരം ചുമപ്പാൻ നിൎബന്ധിച്ചു. അ! സ്ലീവാമരത്തിന്റെ ശക്തി അവന്റെ ഹൃദയത്തിന്റെ സ്ഥിതി മാററി. നിൎബന്ധമായുള്ള വേല അവന്നു സന്തോഷമുള്ളതും ആഗ്രഹിക്കപ്പെട്ടതുമായി തീൎന്നു!

### ജപം.

ഈശോ കൎത്താവെ! നിന്റെ സ്ലീവായെ ചുമക്കുന്നതു ഞങ്ങൾക്കും സന്തോഷമായി ഭവിക്കട്ടെ. മറെറാന്നിലും ഞങ്ങൾ പ്രശംസിക്കാതിരിക്കട്ടെ. ഇതിനാൽ ലോകം ഞങ്ങൾക്കും ഞങ്ങൾ ലോകത്തി

നും ക്രൂശിക്കപ്പെട്ടതായിരിക്കട്ടെ ഞങ്ങൾ ദുഃഖാനുഭവങ്ങളെ പേടിക്കാതെ നിൻെറ തിരുനാമത്തെപ്രതി ഇവയെ അനുഭവിപ്പാൻ യോഗ്യരായി കണ്ടെത്തപ്പെട്ടമെങ്കിൽ സന്തോഷിക്കട്ടെ.

ട. മനസ്താപപ്രകരണം ചൊല്ലുക.

✠

## ആറാം സ്ഥലം.

### വെറോനിക്കാ ഈശോമ്ശിഹായുടെ തിരുമുഖത്തെ തുടയ്ക്കുന്നു.

ചിന്ത

ഈശോമ്ശിഹാ മരണവിയപ്പാൽ നനഞ്ഞു മുമ്പോട്ടു പോകയിൽ ഒരു സ്ത്രീ ദയനിറഞ്ഞവളായി ആൾക്കൂട്ടത്തിൽ കൂടി മുമ്പോട്ടു നടന്നുചെന്ന് ഒരു ശീല കൊണ്ടു അവൻെറ തിരുമുഖത്തെ തുടയ്ക്കുന്നു. ഇവളുടെ ഭക്തിക്കു പ്രതിഫലമായി അവൻെറ തിരുമുഖത്തിൻെറ ഛായ ആ ശീലയിൽ അത്ഭുതകരമായി പതിക്കയും ചെയ്തു.

ജപം.

ആ! ദിവ്യ ഈശോയെ! നിൻെറ കഷ്ടാനുഭവത്തിന്മെലുള്ള ധ്യാനം അനു കമ്പയാൽ ഞങ്ങളെ ഇളക്കുകയും ഞ ങ്ങൾ, ഞങ്ങളുടെ പാപങ്ങളെ ദ്വേ ഷിച്ചു നിൻെറമേനൊ എരിയുന്ന സ്നേഹ ത്താൽ കത്തുവാൻ ഞങ്ങളെ പ്രേരിപ്പി ക്കയും ചെയ്യുന്നു.

ഞങ്ങൾ നിൻെറ ഛായയായി പ കരുന്നതുവരെ നിൻെറ രൂപം ഞങ്ങളു ടെ ബോധത്തിൽ പതിക്കേണമെ.

ടി. മനസ്താപപ്രകരണം ചൊല്ലുക.

✠

## ഏഴാം സ്ഥലം.

ഈശോ മ്ശിഹാ കുരിശിനോടുകൂടെ രണ്ടാംപ്രാവശ്യം കവിണുവീഴുന്നു.

ചിന്ത.

ഈശോ മ്ശിഹായുടെ മുറിവുകളു ടെ വേദനയും രക്തത്തിൻെറ കുറവും

ഓരൊ അടി നടക്കുംതോറും വദ്ധിച്ചുവരി
കയാൽ അങ്ങെ ശക്തി ഏററമധികം കു
ഴഞ്ഞു രണ്ടാംപ്രാവശ്യം നിലത്തു കവി
ഴ്ന്നു വീഴുന്നു.

ജപം.

കൃപയുള്ള ഈശോയെ! ഞങ്ങളുടെ
പാപങ്ങളുടെ ഭാരത്താലും ഞങ്ങളുടെ
പാപങ്ങൾക്കുവേണ്ടിയുള്ള ദുഃഖാനുഭവ
ങ്ങളാലും നീ നിലത്തു കവിഴ്ന്നു വീഴു
ന്നു. ഞങ്ങൾ വീണ്ടും വീണ്ടും പാപത്തി
ൽ വീണതിനാൽ എത്രയൊ പ്രാവശ്യം
ഞങ്ങൾ നിന്നെ സങ്കടപ്പെടുത്തി. നി
ന്നെ വീണ്ടും ഉപദ്രവിക്കുന്നതിനേക്കാൾ
മരിപ്പാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ടി. മനസ്താപപ്രകരണം ചൊല്ലുക.

✠

# എട്ടാം സ്ഥലം.

## ഈശോ മ്ശിഹാ ഓർശ്ലേംനഗരിയിലെ സ്ത്രീകളെ ആശ്വസിപ്പിക്കുന്നു.

### ചിന്ത.

ഈശോ മ്ശിഹായുടെ കഷ്ടാനുഭവങ്ങളെ കണ്ടു കൂട്ടത്തിലുണ്ടായിരുന്ന വിശുദ്ധ സ്ത്രീകൾ സഹതാപപ്പെട്ടു അങ്ങേക്കുറിച്ചു പ്രസിദ്ധമായി കരകയും നിലവിളിക്കയും ചെയ്തു. ഈശോ, ഓർശ്ലേത്തുകാർ തന്നെ കൈക്കൊള്ളായ്കയാൽ അവരുടെമേൽ വരുവാനിരുന്ന കാര്യങ്ങളെ അറിഞ്ഞു സ്ത്രീകളുടെ നേരെ തിരിഞ്ഞ് അരുളിച്ചെയ്തതായത്: ഓർശ്ലേം പുത്രിമാരെ! എനിക്കുവേണ്ടി നിങ്ങൾ കരയേണ്ട, നിങ്ങൾക്കുവേണ്ടിയും നിങ്ങളുടെ മക്കൾക്കുവേണ്ടിയും കരവിൻ.

### ജപം.

അറുതിയില്ലാത്ത കൃപയുള്ള ഈശോയെ! ഞങ്ങൾ നിനക്കു വേണ്ടിയും

ഞങ്ങൾക്കുവേണ്ടിയും നിന്റെ കഷ്ടാനു ഭവങ്ങളെക്കുറിച്ചും അവെക്കു കാരണമായ ഞങ്ങളുടെ പാപങ്ങളെക്കുറിച്ചും വിലപിക്കുന്നു. ഞങ്ങൾ നിന്നിൽനിന്നു ആശ്വാസം കൈക്കൊണ്ടു് ഇഹലോകത്തിൽ നിന്നെ തള്ളിക്കളകയൊ, ഉപേക്ഷിക്കയൊ ചെയ്യുന്ന എല്ലാവൎക്കും ഒരുക്കിയിട്ടുള്ള ഭയങ്കര വിധിയിൽനിന്നു രക്ഷപ്പെടുവാൻ തക്കവണ്ണം കരവാൻ ഞങ്ങളെ നീ പഠിപ്പിക്കേണമെ.

ടി. മനസ്താപപ്രകരണം ചൊല്ലുക.

✠

## ഒൻപതാം സ്ഥലം.

### ഈശോമ്ശിഹാ മൂന്നാംപ്രാവശ്യം കവിണ്ണു വീഴുന്നു.

ചിന്ത.

ഈശോ ഗാഗുൽത്താ മലയുടെ ഉച്ചിയിൽ എത്താറായി. അങ്ങേ സ്ലീവാമേൽ തറച്ച സ്ഥലത്തു എത്തുന്നതിന്നു മു

ന്നു അങ്ങേ ശക്തി കുറഞ്ഞുപോയി. അ കയാൽ മൂന്നാംപ്രാവശ്യം വിഴുകയും ക്രൂരന്മാരായ പടയാളികൾ അങ്ങേ മു മ്പോട്ടു വലിച്ചുകൊണ്ടു പോകയും ചെ യ്തു.

ജപം.

ഈശോ കൎത്താവെ! ഏററം വ്യസ സനകരമായ നിന്റെ മൂന്നാമത്തെ വി ഴ്ചയുടേയും യോഗ്യതകളാൽ ഞങ്ങളുടെ കൂടക്കൂടെയുള്ള വീഴ്ചകളേയും പാപത്തി ലുള്ള ദീൎഘസ്ഥിരതയേയും ഞങ്ങളോടു ക്ഷമിക്കേണമെന്നും നിന്റെ ദുഃഖാനുഭ വങ്ങളെ ധ്യാനിക്കയിൽ ഞങ്ങളുടെ പാ പങ്ങളിൽ അധികമധികമായുള്ള വെറു പ്പു ഞങ്ങളിൽ ജനിപ്പിക്കേണമെന്നും ഞ ങ്ങൾ നിന്നോടു പ്രാൎത്ഥിക്കുന്നു.

ടി. മനസ്താപപ്രകരണം ചൊല്ലുക.

✠

# പത്താം സ്ഥലം.

ഈശോ മ്ശിഹായെ
നഗ്നമാക്കുകയും കൈപ്പുനീർ കുടിപ്പി
ക്കുയും ചെയ്യുന്നു.

ചിന്ത.

ഗാഗുൽത്താ മലയിൽ എത്തിയാറെ അവർ അങ്ങേ, സ്ലീവാ മരത്തിൽ തറപ്പാൻ തുടങ്ങുന്നു. അങ്ങേ ചോര ഒലിക്കുന്ന ശരീരത്തിൽനിന്നു വസ്ത്രങ്ങളെ പറിച്ചുരിയുന്നു. പരിശുദ്ധന്മാരുടെ പരിശുദ്ധനായവൻ മര്യാദകെട്ട പുരുഷാരത്തിൻെറ പരിഹാസത്തിന്നു വിഷയമായി തീൎന്നു.

ജപം.

ഈശോകൎത്താവെ! ഞങ്ങളുടെ ഏറ്റം നാണിക്കത്തക്ക പ്രവൃത്തികൾക്കുവേണ്ടി ഈ ലജ്ജ നീ സഹിച്ചു. ആകയാൽ എല്ലാ അസത്യമായുള്ള നാണവും നിഗളവും ഡംഭും ഞങ്ങളിൽ നിന്നു നീക്കി, ഞങ്ങൾ പരലോകത്തിൽ നിത്യ

മായ നിന്ദയിൽനിന്ന രക്ഷപെടത്തക്ക വണ്ണം ഈ ജീവിതത്തിൽ ഞങ്ങളെ മനഃപൂൎവ്വമായി താഴ്മയുള്ളവരാക്കേണമെ.

ടി. മനസ്താപപ്രകരണം ചൊല്ലുക.

✠

# പതിനൊന്നാം സ്ഥലം.

## ഈശോ സ്ലീവാമരത്തിന്മേൽ തറക്കപ്പെടുന്ന.

### ചിന്ത.

അവർ സ്ലീവാമരത്തെ നിലത്തിടുകയും ആ മരണകട്ടിലിന്മേൽ ഈശോയെ കിടത്തുകയും ചെയ്യുന്ന. അതേ നേരത്തിൽതന്നെ പാപികളായ മനുഷ്യൎക്കുവേണ്ടി അങ്ങുന്ന തന്റെ തകൎന്ന അംഗങ്ങളെ നിത്യപിതാവിനും, ആ അവമാനമുള്ള മരത്തിന്മേൽ തന്നെ തറെപ്പാനായി ക്രൂരസേവകന്മാൎക്കും സമൎപ്പിക്കുന്ന. ആണികൾ തറക്കപ്പെടുകയിൽ രക്തം പുറപ്പെട്ടൊഴുകുന്ന.

ജപം.

സ്ലീവാമേൽ തറയ്ക്കപ്പെട്ട ഈശോ യെ! ഞങ്ങളുടെ ഹൃദയങ്ങൾ മരണ ത്തോളം നിന്നോട ചേൎന്നിരിക്കുന്നതി ന്നും ഞങ്ങളുടെ അന്ത്യശ്വാസത്തോടെ ഞങ്ങൾ, ഞങ്ങളുടെ ആത്മാക്കളെ നി ന്നെ ഏല്പിക്കുന്നതിന്നും തക്കവണ്ണം ഞങ്ങ ളുടെ ഹൃദയങ്ങളെ നിൻെറ സ്ലീവായോട ബന്ധിക്കേണമെ.

ടി. മനസ്സാപത്രപ്രകരണം ചൊല്ലുക.

✠

## പന്ത്രണ്ടാം സ്ഥലം.

### ഈശോ മ്ശിഹാ സ്ലീവാമരത്തിന്മേൽ തൂങ്ങി മരിക്കുന്നു.

ചിന്ത.

ഈശോ മൂന്നുമണി നേരത്തോളം ആണികളിന്മേൽ തൂങ്ങിക്കിടക്കുന്നു. അ ങ്ങേ രക്തം തൻെറ ദേഹത്തിൽക്കൂടി

ധാരയായി ഒഴുകി നിലം നനച്ചു. ക
ഠിന വേദനകളുടെ മദ്ധ്യേ തന്റെ കൊ
ലപാതകക്കാരോടു ക്ഷമിക്കയും നല്ല ക
ള്ളന്നു മോക്ഷഭാഗ്യം വാഗ്ദാനം ചെയ്ക
യും തന്റെ ഭാഗ്യപ്പെട്ട അമ്മയേയും
പ്രിയ ശിഷ്യനേയും അന്യോന്യ സൂ
ക്ഷത്തിന്നു ഏല്പിക്കയും ചെയ്തു. ഇപ്പോ
ൾ എല്ലാം പൂൎത്തിയായി. തന്റെ തല
യെ സൌമ്യതയോടെ ചായിച്ചുകൊണ്ടു
അന്ത്യശ്വാസം വിടുകയും ചെയ്തു.

ജപം.

ദിവ്യ ഈശോയെ! നീ മരണത്തോ
ളം ഞങ്ങളെ സ്നേഹിച്ച ഇടമായ ആ
ബഹുമാനമുള്ള സ്ലീവായെ ഞങ്ങൾ ഭ
ക്തിപൂൎവ്വം തഴുകുന്നു. ആ മരണത്തിൽ
ഞങ്ങളുടെ ആശ്രയമെല്ലാം വെക്കുന്നു.
ഇന്നുമുതൽ ഞങ്ങൾ നിനക്കുവേണ്ടി മാ
ത്രം ജീവിക്കട്ടെ. നിനക്കുവേണ്ടി ഞങ്ങ
ൾ മരിക്കയിൽ നിന്റെ വിശുദ്ധ കര
ങ്ങളിൽ നിന്നെ സ്നേഹിച്ചുകൊണ്ടു ഞ
ങ്ങൾ മരിക്കട്ടെ.

ടി, മനസ്താപപ്രകരണം ചൊല്ലുക.

✠

# പതിമമൂന്നാം സ്ഥലം.

## ഈശോ മ്ശിഹായുടെ തിരുമേനിയെ കുരിശിൽ നിന്നിറക്കി മാതാവിൻെറ മടിയിൽ കിടത്തുന്നു.

ചിന്ത.

പുരുഷാരം ഗാഗുൽത്താ മലയിൽ നിന്നിറങ്ങിപ്പോയി. പ്രിയശിഷ്യനും വിശുദ്ധ സ്ത്രീകളുമൊഴികെ മററാരും അവിടെ നിന്നില്ല. ഇവർ സ്ലീവായുടെ ചുവട്ടിൽനിന്നു വ്യാകുലമാതാവിൻെറ ദുഃഖത്തെ കുറപ്പാൻ ശ്രമിക്കുന്നു. റാസ്മാക്കാരൻ യൌസേപ്പും നീക്കാദിമ്മോസും ഈശോ മ്ശിഹായുടെ ദിവ്യശരീരത്തെ സ്ലീവായിൽ നിന്നിറക്കി മാതാവിൻെറ കരങ്ങളിൽ ഏല്പിക്കുന്നു.

ജപം.

വ്യാകുലത്തിൻെറ അഗാധ സമുദ്രത്തിൽ മുഴുകിയ മാതാവെ! നിൻെറ വ്യ

ത്രന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ചുള്ള നിന്റെ വിശുദ്ധ വ്യാകുലതയുടെ ഒരു പങ്ക ഞങ്ങൾക്ക തരേണമെ. ഞങ്ങളുടെ ബലഹീനതകളിൽ അനുകമ്പ ഉണ്ടാകേണമെ. നിന്റെ പ്രിയ ശിഷ്യനോടു കൂടെ ഞങ്ങളേയും നിന്റെ മക്കളായി സ്വീകരിക്കേണമെ. ഞങ്ങൾക്ക നീ അമ്മയാകുന്നു എന്നു കാണിക്കേണമെ. ഞങ്ങൾക്കവേണ്ടി നിന്റെ പുത്രനാകുവാൻ തിരുമനസ്സായവൻ നീ മൂലം ഞങ്ങളുടെ പ്രാൎത്ഥനയെ സ്വീകരിക്കട്ടെ.

ടി. മനസ്താപപ്രകരണം ചൊല്ലുക.

✠

# പതിനാലാം സ്ഥലം.

## ഈശൊ കല്ലറയിൽ അടക്കപ്പെടുന്നു.

### ചിന്ത.

തന്റെ ഏററം വാത്സല്യപുത്രന്റെ ശരീരം അമ്മയുടെ മടിയിൽ നിന്നെടുക്കപ്പെട്ടു ശിഷ്യന്മാരാൽ കല്ലറയിൽ വെക്ക

പ്പെട്ടന്നു. പ്രേതക്കല്ലറ അടസ്സപ്പെട്ടുക യും ചെയ്യുന്നു. അവിടെ ആ ജീവനി ല്ലാത്ത തിരുശ്ശരീരം അതിൻെറ മഹിമ യുള്ള ഉത്ഥാനത്തിൻെറ നാഴിക വരെ കിടക്കുന്നു.

ജപം.

സൎവ്വശക്തനായ സത്യ ദൈവമെ! നീ തിരുമനസ്സാകുമ്പോഴും നിൻെറ തി രുമനസ്സുപോലെയും നീ തിരുമനസ്സാകു ന്നിടത്തും ഞങ്ങളും കല്ലറയിൽ ഇറങ്ങും. നിൻെറ നീതിയുള്ള വിധികൾ നിവൃത്തി യാകട്ടെ. ഞങ്ങളുടെ പാപം നിറഞ്ഞ ശരീരങ്ങൾ അവയുടെ ജന്മപൂഴിയിലേ ക്ക പിന്തിരിയട്ടെ. എന്നാലും നീ നി ൻെറ കൃപയാൽ ഞങ്ങളുടെ മരണമില്ലാ ത്ത ആത്മാവുകളെ കൈക്കൊള്ളേണ മെ. ഞങ്ങളുടെ ശരീരങ്ങൾ പുനരു ത്ഥാനം ചെയ്യുമ്പോൾ ഞങ്ങൾ നിന്നെ എന്നന്നേയ്ക്കും സ്നേഹിച്ചു വാഴ്ത്തുവാൻ വേ ണ്ടി അവയേയും നിൻെറ രാജ്യത്തിൽ സ്ഥാപിക്കേണമെ.

ടി. മനസ്താപപ്രകരണം ചൊല്ലുക.

പ്രാൎത്ഥിക്ക,

ജീവൻ നൽകുന്ന സ്ലീവാക്കൊടിയെ നിന്റെ ഏക പുത്രന്റെ മാണിക്കമായ തിരുച്ചോരയാൽ പുണ്യപ്പെടുത്തുവാൻ തിരുമനസ്സായ ദൈവമെ! ഈ വിശുദ്ധ കുരിശിന്റെ ബഹുമാനത്തെക്കുറിച്ചു സന്തോഷിക്കുന്നവർ എല്ലായിടത്തും നിന്റെ ആദരവു പ്രാപിപ്പാൻ മനോഗുണം ചെയ്യേണമെന്നു ഞങ്ങളുടെ കൎത്താവീശോമ്ശിഹായുടെ തിരുമുഖത്തെക്കുറിച്ചു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

സൂചന:— നമ്മുടെ പ്രിയം നിറഞ്ഞ രക്ഷിതാവീശോമ്ശിഹാ പാപികളായ നമ്മുടെ നിത്യരക്ഷയ്ക്കു വേണ്ടി ഓർശ്ലേം നഗരിയിലുള്ള ഓരോ സ്ഥലങ്ങളിൽ അനുഭവിച്ച പറഞ്ഞൊപ്പിക്കരുതാത്ത കഠിന പാടുപീഡകളെ ധ്യാനിച്ചുകൊണ്ടു സ്ലീവാപ്പാത കഴിക്കുന്ന ഭക്തിയുള്ള തിരുയാത്രക്കാൎക്കു മാൎപ്പാപ്പാമാർ കല്പിച്ചിരിക്കുന്ന അനേക പൂൎണ്ണമായതും അപൂൎണ്ണമായതുമായ ദണ്ഡവിമോചനങ്ങളെ, ക്രമപ്രകാരം സ്ലീവാപ്പാത സ്ഥാപി

ച്ചിരിക്കുന്ന സ്ഥലങ്ങളെ സന്ദൎശിച്ച് നമ്മുടെ കൎത്താവീശോ മ്ശിഹായുടെ പങ്കപ്പാടുകളെ ഓൎത്തു ധ്യാനിക്കുന്നവൎക്ക ലഭിക്കാവുന്നതാണ്.

സ്ലീവാപ്പാത കഴിക്കുമ്പോഴൊക്കെയും അവസാനത്തിൽ മാൎപ്പാപ്പായുടെ കരുതലിൻപ്രകാരം ൧ ആ. ൧ ന. ൧ ത്രി. ജപിക്കേണ്ടിയിരിക്കുന്നു. ൧൮൫൭ മീനം ൧൫.

സ്ലീവാപ്പാത കഴിപ്പാൻ പാടുള്ള കുരിശുരൂപത്തിൻെറ ദണ്ഡവിമോചനത്തെ സംബന്ധിച്ച്.

൧. തിരുസ്സഭയുടെ നിയമപ്രകാരം സ്ലീവാപ്പാത സ്ഥാപിച്ചിരിക്കുന്ന പള്ളികളിലൊ, മറു വാഴ്വ സ്ഥലങ്ങളിലൊ ചെന്ന്, ഠരം സൽക്രിയ നിറവേററുവാൻ പാടില്ലാത്തവണ്ണം ദീനമൊ മറു ന്യായമായുള്ള വിഘ്നമൊ നേരിട്ടിരിക്കെണം. എങ്കിലും അസാമാന്യമായ വല്ല

വിഘ്നം നേരിടണമെന്നില്ല. പിന്നെയോ സാമാന്യമുള്ളതും സാക്ഷാൽ ന്യായമായതുമായിരുന്നാൽ മതി.

൨. രൂശ്മാ ചെയ്യപ്പെട്ട കരിശ്ശുരൂപം കൈയിൽ പിടിച്ചുകൊണ്ടു ൧൪ സ്ഥലത്തു മാറിമാറി മുട്ടുകുത്തി ഭക്തിയോടെ ഓരോ ആ. നന്മ. ത്രി. ചൊല്ലേണ്ടിയിരിക്കുന്നു.

൩. അവസാനമായി ഈശോമ്ശിഹായുടെതിരുമുറിവുകളുടെ ഓർമ്മയ്ക്കായി ൫ ആ. ൫ന. ൫ത്രിയും മാർപ്പാപ്പായുടെ കരുതലിൻ പ്രകാരം ൧ ആ. ൧ന. ൧ത്രിയും. ചൊല്ലണം.

൪. മുട്ടിന്മേൽനിന്നു ജപിപ്പാൻ പാടില്ലാത്ത ദീനക്കാർക്കു അതിനുപകരം കരിശ്ശുരൂപം കൈയിൽ പിടിച്ചുകൊണ്ടു ഒരു പ്രാവശ്യം വല്ല മനസ്താപ പ്രകരണം ചൊല്ലണം.

അഥവാ, കർത്താവെ! നിന്റെ വിലയേറിയ തിരുരക്തത്താൽ നീ വീണ്ടുകൊണ്ട നിന്റെ ദാസന്മാരെ സഹായിക്കെണമെന്ന് ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ഇപ്രകാരം ഏത്തിച്ചു ടി. സൽക്രിയ കഴിക്കുന്നതിനു ൯-ാം പീയൂസു

മാപ്പാപ്പാ ൧൮൭൦ ൧൮ ൧൮൮൫ അനുവദി ച്ചിരിക്കുന്നു.

൭. ഈ സൽകൃത്യം നിറവേറുക യിൽ ഒരാളിന്റെ കൈയിലെങ്കിലും ആ ശ്ലാചെയ്ത കുരിശുരൂപം കൂടിയേകഴിവു. എങ്കിലും ടി. നിശ്ചയിക്കപ്പെട്ടിരിക്കുന്ന ന മസ്കാരം എല്ലാവരും ജപിക്കേണ്ടിയിരി രിക്കുന്നു.

൮. ആശിർവ്വദിക്കപ്പെട്ട കുരിശുരൂ പം ആൎക്കുവേണ്ടി ആശീർവ്വദിക്കപ്പെട്ടോ അവൎക്ക മാത്രമല്ല മരിപ്പാറായി കിടക്കുന്ന ഏതു ദീനക്കാരനും ഉപയോഗിപ്പാൻ പാ ടുണ്ട്. (൧൮൧൨ കുംഭം ൧൭.)

എന്റെ ക്രൂശിക്കപ്പെട്ട രൂപം.

ഞാൻ ബലഹീനനാകുമ്പോൾ ഇ തെന്റെ ശക്തിയാകുന്നു. ഞാൻ വീഴു മ്പോൾ ഇതെന്നെ എഴുന്നേല്പിക്കുന്നു. ഞാൻ ധൈൎയ്യഹീനനാകുമ്പോൾ ഇതെ

ന്നെ ധൈൎയ്യപ്പെടുത്തുന്നു. ഞാൻ കരയുമ്പോൾ ഇതെന്നെ ആശ്വസിപ്പിക്കുന്നു. ഞാൻ പാടുപെടുമ്പോൾ ഇതെന്നെ സ്വസ്ഥതയുള്ളവനാക്കുന്നു. ഞാൻ ഭയപ്പെട്ടു വിറയ്ക്കുമ്പോൾ ഇതെന്നെ ബലപ്പെടുത്തുന്നു. ഞാൻ വിളിക്കുമ്പോൾ ഇതെന്നോടു ഉത്തരം പറയുന്നു. ഇതു എന്റെ ബോധത്തെ തെളിയിക്കുന്ന വെട്ടവും എന്നെ പോഷിപ്പിക്കുന്ന ആഹാരവുമാകുന്നു. ഇതെന്നെ തണുപ്പിക്കുന്ന ഉറവയും എന്നെ ജ്ഞാനലഹരിപിടിപ്പിക്കുന്ന മധുരവുമാകുന്നു. ഇതെന്നെ വശീകരിക്കുന്ന സൌന്ദൎയ്യമാകുന്നു. ഞാനിതിൽ ആശ്വാസപ്പെടുന്ന ഏകാന്തവും ഞാൻ ഒളിച്ചിരിക്കുന്ന കോട്ടയുമാകുന്നു. ഇതെന്നെ മരണനേരത്തിൽ ഉറപ്പിക്കയും നിത്യത്വത്തിൽ എന്നെ മുടിധരിപ്പിക്കയും ചെയ്യും.

ആരാധന.

ഞങ്ങളെ രക്ഷിപ്പാനായി സ്ലീവാ മരത്തിന്മേൽ തൂങ്ങിമരിച്ച ദിവ്യ ഈശോയെ! അങ്ങേ തിരുസ്സന്നിധിയിൽ ഞങ്ങൾ സാഷ്ടാംഗമായി വീണ് അങ്ങേ വണങ്ങി ആരാധിക്കുന്നു.

അശ്ചൎയ്യം.

ആ! അളവററ സ്നേഹമെ! ദൈവം മാനുഷൎക്കവേണ്ടി മരിക്കുന്നു. ഇതിന്മേൽ അല്പനേരം ധ്യാനിച്ചാൽ അശ്ചൎയ്യപ്പെടാത്തവനാരു? ഇതിനേപ്പററി ഭ്രമിക്കാത്തവനാരു? അഗോചര സ്നേഹമെ! ഗ്രഹിച്ചുക്രൂടാത്ത ദയാതിരേകമെ! എന്ന് നിലവിളിക്കാത്തവനാരു?

സ്തുതി.

കൎത്താവെ! അങ്ങേ ദയ അനന്തമായുള്ളതെന്നും അങ്ങേ കൃപ അമിതമായുള്ളതെന്നും അങ്ങേക്കേകുന്നമാത്രം സ്തുതിയും സ്തോത്രവും മഹിമയും ബഹുമാനവും സ്വന്തമായുള്ളതെന്നും ഞാനേററു പറയുന്നു. അങ്ങേ ദയയെ എല്ലായിടത്തും സ്തുതിച്ചു ഘോഷിച്ചു അറിയിപ്പാൻ മതിയാകുന്ന നാവും നിരന്തരം ചിന്തിപ്പാൻ തക്ക ഹൃദയവും എനിക്ക തന്നരുളേണമെ.

സ്തോത്രം.

ആ! എന്റെ രക്ഷകനായ ദിവ്യ ഇടയനെ! ഉപമയില്ലാത്ത അങ്ങേ സ്നേ

ഹാധിക്യത്താൽ പിശാചിന്റെ നിഷ്ഠുരതയിലും പാപത്തിന്റെ അടിമയിലും നിന്നു എന്നെ വീണ്ടുരക്ഷിച്ചതിനെക്കുറിച്ചു ഞാൻ അങ്ങേക്കു നന്ദിയുള്ളവനായി സ്തോത്രം ചെയ്യുന്നു. അങ്ങേക്കു എല്ലാസ്സോഴും കൃതജ്ഞതാ സ്തോത്രമുണ്ടായിരിക്കട്ടെ.

### സ്നേഹം.

എന്റെ ദിവ്യ ഈശോയെ! എന്റെ രക്ഷയ്ക്കായി അങ്ങുന്നു ഇത്രയേറെ കഷ്ടതകൾ സഹിച്ചിരിക്കെ ഞാനങ്ങേ അധികം സ്നേഹിക്കേണ്ടുന്നവനല്ലയോ? യോഗ്യമാംവണ്ണം അങ്ങേ സ്നേഹിപ്പാൻ തക്ക ഹൃദയം എനിക്കുണ്ടായിരുന്നെങ്കിൽ കൊള്ളായിരുന്നു. അങ്ങുന്നുതന്നെ ആ പരിശുദ്ധ സ്നേഹാഗ്നിയാൽ എന്റെ ഹൃദയത്തെ കത്തിച്ചെരിയിച്ചരുളേണമെ. കർത്താവെ! അങ്ങേക്ക് എല്ലാമറിയാമല്ലൊ. ഞാനങ്ങേ സ്നേഹിക്കുന്നതും സ്നേഹിക്കാത്തതും അങ്ങുന്നറിയുന്നുവെന്നു വിശുദ്ധ പത്രോസ് ശ്ലീഹായോടുകൂടി ഞാനും ചൊല്ലുവാൻ തക്കവണ്ണം കൃപചെയ്യരുളേണമെ.

സന്തോഷം.

എൻെറ രക്ഷയായ ദൈവത്തിൽ എൻെറ ആത്മാവു ആനന്ദിച്ചു എന്നു പരിശുദ്ധ ദൈവമാതാവിനോടുകൂടെ ചൊല്ലേണ്ടുന്ന സമയം ഇതത്രെ. ഈശോ കത്താവിൻെറ തിരുരക്തത്തിൻ അളവില്ലാത്ത യോഗ്യതകളാൽ ദൈവത്തിൻെറ മക്കളും സ്വൎഗ്ഗത്തിന് അവകാശികളും ഈശോ കത്താവിന് ഓഹരിക്കാരും പിശാചിൻെറ അടിമയിൽ നിന്ന് ദൈവരാജ്യത്തിൻെറ നിവാസികളുമായിരിക്കുന്നു എന്നോക്കുമ്പോൾ സന്തോഷിക്കാതിരിക്കുന്നതാരു?

ഇരക്കം.

എൻെറ കത്താവെ! എൻെറ രക്ഷണിയ വേലയെ നിവൃത്തിക്കുന്നതിനു അങ്ങന്നെത്രയോ പീഡകളനുഭവിക്കേണ്ടി വന്നു വെന്നു ഞാൻ ചിന്തിക്കുമ്പോൾ എൻെറ സന്തോഷം മാറി ദുഃഖാവസ്ഥയിലാകുന്നു. എത്രയോ കഷ്ടാനുഭവങ്ങളും ദുഃഖവേദനകളും നിന്ദാവമാനങ്ങളും അങ്ങുന്നനുഭവിച്ചു. അങ്ങേ കയ്യികാൽ, തി

രുവിലാവിൻ മുറിവുകളേയും മുള്ളുകളാൽ
കുത്തിമുറിക്കപ്പെട്ട അങ്ങേ തിരുശിരസ്സി
ൻ മുറിവുകളേയും എന്റെ അക്രമങ്ങ
ളെപ്രതി അടിയങ്ങളാൽ നുറുങ്ങപ്പെട്ട
ആരാധനസ്സു യോഗ്യമായ അങ്ങേ സ
ർവ്വാംഗമുറിവുകളേയും ധ്യാനിക്കുമ്പോൾ
അതിവേഗമായ അനുകമ്പയാൽ കു
ത്തിമുറിക്കപ്പെട്ടു ഉണരപ്പെടാത്തവനാ
രു? ആമ്മേനീശോ.

Printed and Published
for the Proprietor, by A. P. Mani at
St. Joseph's Press, Mannanam.
1914.